പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

# സപ്തത്രിംശനാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2009 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിലെ 3.1, 3.2 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

Sar/2024

## പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

### നാല്പത്താറാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2009 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിലെ 3.1, 3.2 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

Sar/2024

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | V |
| മുഖവുര | : | VII |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 77 |
| അനുബന്ധം II : | | |
| സർക്കാർ സ്വീകരിച്ച നടപടി | : | 82 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-26)

**ഘടന**

**അദ്ധ്യക്ഷൻ**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. ഷാജി. സി. ബേബി, സെക്രട്ടറി ഇൻ ചാർജ്ജ്

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-26) യുടെ മുപ്പത്തൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2009 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിലെ 3.1, 3.2 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2024 ഫെബ്രുവരി മാസം 01 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

**തിരുവനന്തപുരം,**
**2024, ഫെബ്രുവരി 13**

# റിപ്പോർട്ട്

## സി ആന്റ് എ.ജി യുടെ 2009 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ മൂന്നാം അദ്ധ്യായത്തിലെ 3.1 , 3.2 എന്നീ ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

### 3.1 ഇന്ദിര ആവാസ് യോജന നടപ്പിലാക്കൽ

പ്രസക്തഭാഗങ്ങൾ

ഗ്രാമീണ മേഖലകളിലുള്ള പട്ടികജാതി, പട്ടികവർഗ്ഗങ്ങളിലെ ദരിദ്ര കുടുംബങ്ങൾ, സ്വതന്ത്ര അടിമ തൊഴിലാളികൾ, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പട്ടികജാതി/പട്ടിക വർഗ്ഗങ്ങൾ അല്ലാത്ത വ്യക്തികൾ മുതലായവർക്ക് സൗജന്യമായി വാസസ്ഥലങ്ങൾ നൽകുന്നതിനാണ് ഇന്ദിരാ ആവാസ് യോജന ലക്ഷ്യമിടുന്നത്. കേന്ദ്രസഹായം പ്രയോജനപ്പെടുത്തുന്നതിലുണ്ടായ വീഴ്ച, സംസ്ഥാന സർക്കാരും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും പണം വിട്ടുതൽ ചെയ്തതിലെ കുറവ്, കേന്ദ്രസഹായം ലഭിക്കുന്നതിനായി ധനസഹായം പെരുപ്പിച്ച് കാണിച്ചത്, ഗുണഭോക്താക്കൾക്കു നൽകിയ തുകയിൽ നിന്നും ക്രമരഹിതമായി കുറവ് വരുത്തിയത്, ധനസഹായം നൽകാതിരുന്നത് മുതലായവ അവലോകനത്തിൽ വെളിപ്പെട്ടു.

ഫണ്ടുകളുടെ കുറഞ്ഞ വിനിയോഗം മൂലം 1.03 കോടി രൂപയുടെ കേന്ദ്രസഹായം ഭാരതസർക്കാർ വിട്ടുതൽ ചെയ്തില്ല. സംസ്ഥാന സഹായത്തിന്റെ വിട്ടുകൊടുക്കലിലും 34.22 ലക്ഷം രൂപയുടെ കുറവുണ്ടായി

(ഖണ്ഡിക 3.1.6.1)

2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ 12 ബ്ലോക്ക് പഞ്ചായത്തുകൾ നൽകിയ അനുപൂരക സഹായം ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുകയേക്കാൾ 9.39 കോടി രൂപ കുറവായിരുന്നു.

(ഖണ്ഡിക 3.1.6.2)

ആവശ്യകതയ്ക്ക് മുമ്പ് തന്നെ 51.44 ലക്ഷം രൂപയുടെ ചെക്കുകൾ എഴുതി അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾ ഉയർന്ന സാമ്പത്തിക നേട്ടം കൈവരിച്ചെന്ന് തെറ്റായി കാണിച്ചു

(ഖണ്ഡിക 3.1.6.3)

ഒൻപത് ബ്ലോക്ക് പഞ്ചായത്തുകൾ, ഗുണഭോക്താക്കളുടെ പേരിൽ 2007 മാർച്ചിനും 2009 ഏപ്രിലിനും ഇടയിൽ പിൻവലിച്ച 69.46 ലക്ഷം രൂപയുടെ 521 ചെക്കുകൾ കൈവശം വച്ചിരിക്കുകയായിരുന്നു.

(ഖണ്ഡിക 3.1.6.7)

പതിമൂന്ന് ബ്ലോക്ക് പഞ്ചായത്തുകൾ 4285 ഗുണഭോക്താക്കൾക്ക് നൽകിയ തുകയിൽ നിന്നും ക്രമവിരുദ്ധമായി 13.27 ലക്ഷം രൂപ കുറവുചെയ്യുകയുണ്ടായി.

(ഖണ്ഡിക 3.1.6.9)

### 3.1.1. ആമുഖം

ഭാരതസർക്കാർ ഗ്രാമീണ ഭൂരഹിത തൊഴിലുറപ്പ് പദ്ധതിയുടെ ഉപപദ്ധതി എന്ന നിലയിൽ 1985-86-ൽ ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.) സമാരംഭിച്ചു. 1989 ഏപ്രിലിൽ ജവഹർ റോസ്ഗാർ യോജന (ജെ.ആർ.വൈ.) സമാരംഭിച്ചതുമുതൽ ഐ.എ.വൈ. എന്നത് ജെ.ആർ.വൈ.യുടെ ഒരു ഉപപദ്ധതിയായി തുടർന്നു. ഐ.എ.വൈ. ജെ.ആർ.വൈ.യിൽ നിന്ന് വേർപെടുത്തിക്കൊണ്ട് 1996 ജനവരി മുതൽ ഒരു സ്വതന്ത്രപദ്ധതിയായി നടപ്പാക്കിവരുന്നു. ഗ്രാമീണ മേഖലകളിലുള്ള പട്ടികജാതി (എസ്.സി.) പട്ടികവർഗ്ഗ (എസ്.ടി.) ദരിദ്ര കുടുംബങ്ങൾ, സ്വതന്ത്ര അടിമ തൊഴിലാളികൾ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി/ പട്ടികവർഗ്ഗങ്ങളിൽപ്പെടാത്ത വ്യക്തികൾ മുതലായവർക്കുള്ള വാസസ്ഥല നിർമ്മാണത്തിന്/ മെച്ചപ്പെടുത്തലിന് സാമ്പത്തിക സഹായം നൽകുകയെന്നതാണ് ഐ.എ.വൈ. ലക്ഷ്യമിട്ടിരുന്നത്. ബ്ലോക്ക് പഞ്ചായത്തുകളാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കിയത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിൽ 75:25 അനുപാതത്തിൽ ചെലവ് പങ്കുവെയ്ക്കുന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു പദ്ധതിയ്ക്ക് ഫണ്ട് നൽകിയിരുന്നത്. ഈ സഹായം ഗ്രാന്റ്-ഇൻ-എയ്ഡ് രൂപത്തിലായിരുന്നു. ഒരു സാമ്പത്തിക വർഷത്തിലെ മൊത്തം

ഐ.എ.വൈ. വകയിരുത്തലിന്റെ 60 ശതമാനത്തിൽ കുറയാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും, പരമാവധി 40 ശതമാനത്തോളം ഗ്രാമീണ മേഖലകളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി/ പട്ടികവർഗ്ഗങ്ങളല്ലാത്ത കുടുംബങ്ങൾക്കും, ആകെയുള്ള ഫണ്ടിന്റെ 3 ശതമാനം ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കും വേണ്ടി വാസസ്ഥലങ്ങളുടെ നിർമ്മാണം/ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി വിനിയോഗിയ്ക്കണമായിരുന്നു.

### 3.1.2. ഘടന നില

സംസ്ഥാനതലത്തിൽ പദ്ധതി നടപ്പാക്കുന്നതിന്റെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള കമ്മീഷണർ ഫോർ റൂറൽ ഡെവലപ്പ്മെന്റിനും (സി ആർഡി) ജില്ലാ തലത്തിൽ സിആർഡിയുടെ കീഴിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ (പിഎയു) പ്രോജക്റ്റ് ഡയറക്ടർമാർക്കുമാണ്. പദ്ധതിയുടെ സംസ്ഥാനതലത്തിലുള്ള നടപ്പാക്കൽ സിആർഡി നിരീക്ഷിക്കേണ്ടതും പിഎയുകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ/ വാർഷിക പുരോഗതി റിപ്പോർട്ടുകൾ ഗ്രാമവികസന മന്ത്രാലയത്തിന് അയയ്ക്കേണ്ടതുമാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ പിഎയുകൾ അതാതു ജില്ലകളിലുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെ സെക്രട്ടറിമാർക്ക് കൈമാറണം. പദ്ധതിയുടെ ജില്ലാ തലത്തിലുള്ള നടപ്പാക്കൽ പിഎയുകൾ നിരീക്ഷിക്കണം. ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറിയായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ.

പദ്ധതിയുടെ നിർവ്വഹണത്തിൽ സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഏജൻസികളുടെ ഘടന ചാർട്ട്-1 ൽ നൽകിയിരിക്കുന്നു.

ചാർട്ട്:1 ഘടനാ ചാർട്ട്

| | | |
|---|---|---|
| ഗ്രാമവികസന കമ്മീഷണർ<br>അഡിഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ | പ്രോജക്റ്റ് ഡയറക്ടർ പിഎയു | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ | അസിസ്റ്റന്റ് പ്രോജക്റ്റ് ഡയറക്ടർ, ആസൂത്രണവും നിരീക്ഷണവും | എക്സ്റ്റൻഷൻ ഓഫീസർ/ ജോയിന്റ് ബിഡിഒ (ഭവനനിർമ്മാണം) |

| | | |
|---|---|---|
| അസിസ്റ്റന്റ് കമ്മീഷണർ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| സംസ്ഥാനതലം | ജില്ലാതലം | ബ്ലോക്ക്തലം |

### 3.1.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

പ്രവർത്തനാവലോകനത്തിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവ നിർണ്ണയിക്കുന്നതിനായിരുന്നു.

- വകയിരുത്തിയ ഫണ്ടുകൾ ലഭ്യമായിരുന്നോ എന്നും അവ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിച്ചോ;
- ഗുണഭോക്താക്കളെ കണ്ടെത്തുന്നതും തെരഞ്ഞെടുക്കുന്നതും നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായിരുന്നോ;
- ഗ്രാമീണ കുടുംബങ്ങളുടെ പ്രയോജനത്തിനായി വാസസ്ഥലങ്ങൾ നിർമ്മിക്കുകയു/ മെച്ചപ്പെടുത്തുകയും ചെയ്തിരുന്നോ;
- പദ്ധതിയുടെ നിരീക്ഷണത്തിനും അവലോകനത്തിനും നിയന്ത്രണത്തിനും പര്യാപ്തമായ സംവിധാനം ഉണ്ടായിരുന്നോ;

### 3.1.4 ഓഡിറ്റ് മാനദണ്ഡങ്ങൾ

കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ, ഉത്തരവുകൾ, അറിയിപ്പുകൾ, പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ, വാർഷിക ഭൗതിക സാമ്പത്തിക പ്രവർത്തന റിപ്പോർട്ടുകൾ, ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ഓഡിറ്റ് റിപ്പോർട്ടുകൾ മുതലായവയാണ് ഐഎവൈ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനക്ഷമത നിർണ്ണയിക്കുന്നതിനു സ്വീകരിച്ച ഓഡിറ്റ് മാനദണ്ഡങ്ങൾ

### 3.1.5 ഓഡിറ്റിന്റെ വ്യാപ്തി

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2002 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (സിവിൽ), കേരള സർക്കാർ, ഖണ്ഡിക 3.2-ൽ ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഒരു അവലോകനം ഉൾപ്പെടുത്തിയിരുന്നു. ഖണ്ഡിക

പരിശോധിച്ചശേഷം പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി താഴെപ്പറയുന്നവ ശുപാർശ ചെയ്തു (2007 ജൂലൈ).

(i)പദ്ധതിയുടെ കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ കുറഞ്ഞ ഉൾപ്പെടുത്തലിനെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്.

(ii)ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ വിശദമായ അന്വേഷണം നടത്തേണ്ടതുണ്ട്.

സർക്കാർ എന്തെങ്കിലും നടപടി എടുത്തതായി കമ്മിറ്റിയെ അറിയിച്ചിട്ടില്ല (2009 നവംബർ).

2004-09 കാലയളവിലെ പദ്ധതിയുടെ നടത്തിപ്പിന്റെ ഒരു പ്രവർത്തനാവലോകനം 2009 ഫെബ്രുവരി മുതൽ 2009 ജൂൺ വരെ നടത്തുകയുണ്ടായി. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്ന് നാല്[1] എണ്ണം സിമ്പിൾ റാൻഡം സാംപ്ളിംഗ് പ്രകാരം തെരഞ്ഞെടുക്കുകയുണ്ടായി. സംസ്ഥാനത്തെ 14 പിഎയുകളിൽ നിന്ന് 4 എണ്ണത്തിലും, തെരഞ്ഞെടുത്ത ജില്ലകളിലെ 16 ബ്ലോക്ക് പഞ്ചായത്തുകളിലും[2] (51 എണ്ണം ഉള്ളതിൽ) ഗ്രാമവികസന കമ്മീഷണറേറ്റിലും സൂക്ഷിച്ചിരുന്ന ഫയലുകളുടേയും രേഖകളുടെയും പരിശോധന, ഓഡിറ്റ് കണ്ടെത്തലുകൾ/ അഭിപ്രായങ്ങൾ പുറപ്പെടുവിക്കൽ, ചോദ്യാവലികൾ മുഖേന ഓഡിറ്റിന് വിധേയമായ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഡാറ്റാ വിശകലനം നിർമ്മിക്കപ്പെട്ട വീടുകളുടെ സംയുക്തമായ പരിശോധന എന്നിവയായിരുന്നു പ്രധാനമായും ഓഡിറ്റ് നടത്തുന്നതിന് സ്വീകരിച്ച പ്രവർത്തന സമ്പ്രദായങ്ങൾ.

2010 ഏപ്രിലിൽ സർക്കാരിന്റെ തസ്വഭ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി ഒരു അന്തിമ കൂടിയോലോചന നടത്തി സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ അനുയോജ്യമായിടത്തെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### 3.1.6 സാമ്പത്തിക നിർവ്വഹണം
#### 3.1.6.1 ഫണ്ടിംഗ്

1 കൊല്ലം, കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം

2 അതിയന്നൂർ, നെടുമങ്ങാട്, വാമനപുരം,കിളിമാനൂർ, ചടയമംഗലം, ഓച്ചിറ, കൊട്ടാരക്കര, അഞ്ചൽ, മലപ്പുറം, അരീക്കോട്, വണ്ടൂർ, നിലമ്പൂർ, ബാലുശ്ശേരി, പേരാമ്പ്ര, തോടന്നൂർ, കുന്ദമംഗലം.

ഐഎവൈയുടെ കീഴിലുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിൽ പങ്കുവെയ്ക്കണമായിരുന്നു. വകയിരുത്തലിന്റെ 50 ശതമാനം ഭാരതസർക്കാർ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ പി.എ. യുവിന് വിട്ടുകൊടുക്കേണ്ടതും ബാക്കി കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാനവിഹിതം വിട്ടുകൊടുത്തതിനു ശേഷവും ലഭ്യമായ ഫണ്ടിന്റെ 60 ശതമാനം ചെലവാക്കിയതിനു ശേഷവുമായിരിക്കണം വിട്ടുകൊടുക്കേണ്ടത്. ഏതെങ്കിലും കാരണത്താൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിലുള്ള ഫണ്ട് ലഭ്യമായ ഫണ്ടിന്റെ 10 ശതമാനം കവിയുന്നു (2004-05 വരെ 15 ശതമാനം) എങ്കിൽ 10 ശതമാനത്തിനു മുകളിൽ വരുന്ന തുക രണ്ടാമത്തെ ഗഡുവിൽ നിന്നും ഭാരതസർക്കാർ കുറവ്ചെയ്യും. സിആർഡി സംസ്ഥാനവിഹിതം പിഎയുകൾക്ക് വിട്ടുകൊടുത്തത് ബജറ്റ് വകയിരുത്തലിന്റെ അടിസ്ഥാനത്തിലായിരുന്നു. സംസ്ഥാനത്ത് 2004-05 മുതൽ 2008-09 വരെ കാലയളവിൽ പദ്ധതി നടപ്പാക്കുന്നതിനായി ഐഎവൈ ഫണ്ടിൽ നിന്നുള്ള വരവിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്ന പ്രകാരമായിരുന്നു.

**പട്ടിക 1 വരവും ചെലവും**

(₹കോടിയിൽ)

| വർഷം | വരവ് | | | ചെലവ് |
|---|---|---|---|---|
| | കേന്ദ്രം | സംസ്ഥാനം | ആകെ | |
| 2004-05 | 57.60 | 19.12 | 76.72 | 78.40 |
| 2005-06 | 51.69 | 17.62 | 69.31 | 74.21 |
| 2006-07 | 55.57 | 18.52 | 74.09 | 70.63 |
| 2007-08 | 76.03 | 25.63 | 101.66 | 101.87 |
| 2008-09 | 156.66 | 50.09 | 206.75 | 151.90 |
| **ആകെ** | **397.55** | **130.98** | **528.53** | **477.01** |

* വരവിൻമേൽ ഉണ്ടായ അധികരിച്ച ചെലവ് 2004 ഏപ്രിൽ ഒന്നിന് കൈവശമുണ്ടായിരുന്ന 5.40 കോടി രൂപയുടെ പ്രാരംഭ നീക്കിയിരിപ്പിൽ നിന്നും കണ്ടെത്തി.

സിആർഡി നൽകിയ വിവരങ്ങൾ പ്രകാരം, 2004-05 -ലും 2005-06-ലും വകയിരുത്തിയ 1.03 കോടി രൂപയുടെ ഫണ്ടുകൾ ഭാരതസർക്കാർ നൽകാതിരുന്നത്(i)സംസ്ഥാന വിഹിതം നൽകിയത് കുറവായതുകൊണ്ടും (24.01 ലക്ഷം രൂപ), (ii) അധികരിച്ച ക്യാരി ഓവർ ഉണ്ടായതിനാലും (64.14 ലക്ഷം രൂപ), (iii) തിരിമറി നടത്തിയതിനാൽ കുറവു (14.51 ലക്ഷം രൂപ) ചെയ്തതുകൊണ്ടുമാണ്. സംസ്ഥാനവിഹിതത്തിലുണ്ടാകുന്ന ആനുപാതികമായ കുറവ് 34.22 ലക്ഷം രൂപയാണ്. അങ്ങനെ 1.37 കോടി രൂപയുടെ കുറഞ്ഞ വിട്ടുതൽ കണക്കാക്കപ്പെട്ട ഫണ്ടുകളുടെ കുറഞ്ഞ വിട്ടുകൊടുക്കൽ 498 ഗുണഭോക്താക്കൾക്കുള്ള സഹായം നിഷേധിക്കുവാനിടയാക്കി. ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട് സർക്കാർ പ്രസ്താവിച്ചത് (2010 ഏപ്രിൽ) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഫണ്ട് കാലഹരണപ്പെടുന്നതൊഴിവാക്കാൻ ഇപ്പോൾ ഒരു സംവിധാനം നിലവിലുണ്ടെന്നാണ്.

ലാക്ഷണിക പരിശോധന നടത്തിയ 16 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭിച്ച ഫണ്ടുകളുടെയും (ഖണ്ഡിക 3.1.6.2-ൽ സൂചിപ്പിച്ചിട്ടുള്ള അനുപൂരക സഹായം ഉൾപ്പെടെ) ചെലവാക്കിയ തുകകളുടെയും വിശദവിവരങ്ങൾ അനുബന്ധം X-ൽ നൽകിയിട്ടുണ്ട്. 2004-05 മുതൽ 2008-09 വരെ ലഭ്യമായ 122.07 കോടി രൂപയിൽ ബ്ലോക്ക് പഞ്ചായത്തുകൾ ചെലവാക്കിയത് 105.34 കോടി രൂപയാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ ഫണ്ടിന്റെ വിനിയോഗ ശതമാനം 79-നും 95-നും ഇടയിലായിരുന്നു. ഉത്തേജക പാക്കേജ് / അധിക കേന്ദ്ര സഹായം എന്നിവയ്ക്ക് കീഴിൽ കേന്ദ്രവിഹിതമായി 48.50 കോടി രൂപയും അതിനനുസൃതമായ സംസ്ഥാന വിഹിതമായി 16.16 കോടി രൂപയും ലഭിച്ചത് 2008-09-ന്റെ അന്ത്യഘട്ടത്തിലായതിനാൽ ഗുണഭോക്താക്കളെ കണ്ടെത്താൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സമയം തീരെ കുറവായിരുന്നു എന്നത് ചില ബ്ലോക്ക് പഞ്ചായത്തുകളിൽ വിനിയോഗം അല്പം കുറയാൻ കാരണമായെന്ന് സർക്കാർ അറിയിച്ചു (2010 മേയ്).

## അനുബന്ധം X

### ലാക്ഷണിക പരിശോധന നടത്തിയ ബ്ലോക്ക് പഞ്ചായത്തുകളുടെ ഫണ്ടിന്റെ വരവും ചെലവും

(₹ലക്ഷത്തിൽ)

| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | കിട്ടിയ ഫണ്ട് 2004-05 മുതൽ 2008-09 വരെ | | | | ചെലവ് (2004-05 മുതൽ 2008-09 വരെ) | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| | ഐ.എ.വൈ ഫണ്ട് | വികസന ചെലവ് ഫണ്ട് (ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തുകളിൽ നിന്നും കിട്ടിയ ഫണ്ട് ഉൾപ്പെടെ) | കിട്ടിയ പലിശ | ആകെ ഫണ്ട് | | |
| അതിയന്നൂർ | 523.31 | 332.47 | - | 855.78 | 709.94 | 83 |
| നെടുമങ്ങാട് | 384.35 | 208.56 | 1.78 | 594.69 | 514.79 | 87 |
| വാമനപുരം | 716.68 | 339.04 | - | 1055.72 | 885.06 | 84 |
| കിളിമാനൂർ | 481.30 | 255.95 | 1.27 | 738.52 | 659.82 | 89 |
| ചടയമംഗലം | 667.64 | 416.36 | 2.28 | 1086.28 | 988.94 | 91 |
| അഞ്ചൽ | 632.19 | 492.29 | 3.99 | 1128.47 | 923.23 | 82 |
| കൊട്ടാരക്കര | 522.28 | 300.79 | 4.68 | 827.75 | 692.38 | 84 |
| ഓച്ചിറ | 324.65 | 152.24 | 1.88 | 478.77 | 423.41 | 88 |
| നിലമ്പൂർ | 620.44 | 385.79 | 3.39 | 1009.62 | 829.25 | 82 |
| വണ്ടൂർ | 621.59 | 426.06 | 2.75 | 1050.40 | 964.24 | 92 |
| അരീക്കോട് | 389.78 | 263.85 | 0.71 | 654.34 | 586.73 | 90 |
| മലപ്പുറം | 234.71 | 92.07 | 2.31 | 329.09 | 273.70 | 83 |
| കുന്ദമംഗലം | 495.10 | 308.81 | 1.36 | 805.27 | 763.29 | 95 |
| പേരാമ്പ്ര | 397.85 | 233.92 | 2.96 | 634.73 | 527.88 | 83 |

| | | | | | | |
|---|---|---|---|---|---|---|
| ബാലുശ്ശേരി | 431.16 | 232.10 | 3.56 | 666.82 | 525.50 | 79 |
| തോടന്നൂർ | 169.78 | 119.12 | 1.79 | 290.69 | 266.23 | 92 |
| **ആകെ** | **7612.81** | **4559.42** | **34.71** | **12206.94** | **10534.39** | **86** |

### 3.1.6.2 പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വഴിയുള്ള അനുപൂരക സഹായത്തിന്റെ കുറഞ്ഞ വകയിരുത്തൽ

ഗ്രാമീണ പ്രദേശങ്ങളിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പുതിയ ഭവനങ്ങൾ നിർമ്മിക്കുവാൻ ഭാരത സർക്കാർ പൊതുവായ ഒരു നിരക്ക് (യൂണിറ്റ് കോസ്റ്റ്) നിശ്ചയിച്ചത് പട്ടിക 2-ൽ വിശദീകരിച്ചിരിക്കുന്ന പ്രകാരമായിരുന്നു.

പട്ടിക 2 : പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ്

| **കാലയളവ്** | **യൂണിറ്റ് കോസ്റ്റ് (₹)** | |
|---|---|---|
| | **സമതല പ്രദേശം** | **കുന്നിൻ പ്രദേശം / ദുഷ്കരമായ പ്രദേശം** |
| 2004-05 മുതൽ 2007-08 വരെ | 25000 | 27500 |
| 2008-09 | 35000 | 38500 |

എന്നാൽ സംസ്ഥാനസർക്കാർ വിവിധ വിഭാഗങ്ങളിലുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വിഭിന്നമായ യൂണിറ്റ് കോസ്റ്റാണ് അനുവദിച്ചത്.

ഐഎവൈ വിഹിതവും സംസ്ഥാന സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റും തമ്മിലുള്ള അന്തരം സംസ്ഥാന സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നൽകുന്ന വികസന ചെലവ് ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതിനു ഉത്തരവായി (2004 മാർച്ച്). അങ്ങനെ, കേന്ദ്രസംസ്ഥാന വിഹിതങ്ങൾക്കു പുറമെ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വികസന ചെലവ് ഫണ്ടിൽ നിന്ന് അനുപൂരക സഹായവും ഗുണഭോക്താക്കൾക്ക് നൽകിയിരുന്നു. 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ നിർമ്മിക്കപ്പെട്ട ഐഎവൈ ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് പട്ടിക 3-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3. 2004-09 കാലയളവിൽ നിർമ്മിക്കപ്പെട്ട ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് (തുക രൂപയിൽ)

| വർഷം | വിഭാഗം | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ജനറൽ | | | എസ്‌സി | | | എസ്‌ടി | | |
| | ഐഎവൈ ഫണ്ട് | അനുപൂരക സഹായം | ആകെ | ഐഎവൈ ഫണ്ട് | അനുപൂരക സഹായം | ആകെ | ഐഎവൈ ഫണ്ട് | അനുപൂരക സഹായം | ആകെ |
| 2004-05 | 27500 | 7500 | 35000 | 27500 | 22500 | 50000 | 27500 | 47500 | 75000 |
| 2005-06 | 27500 | 7500 | 35000 | 27500 | 22500 | 50000 | 27500 | 47500 | 75000 |
| 2006-07 | 27500 | 7500 | 35000 | 27500 | 42500 | 70000 | 27500 | 47500 | 75000 |
| 2007-08 | 27500 | 22500 | 50000 | 27500 | 47500 | 75000 | 27500 | 72500 | 100000 |
| 2008-09 | 38500 | 11500 | 50000 | 38500 | 36500 | 75000 | 38500 | 61500 | 100000 |

2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ 12[3] ബ്ലോക്ക് പഞ്ചായത്തുകളിൽ 6847 ഗുണഭോക്താക്കൾക്ക് അനുപൂരക സഹായത്തിന്റെ വകയിരുത്തലിൽ 9.39 കോടി രൂപയുടെ കുറവുണ്ടായിരുന്നു. തൻമൂലം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ അനുവദിച്ച സാമ്പത്തിക സഹായം നിഷേധിക്കുന്നതിനിടയായി. വികസന ചെലവ് ഫണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുപൂരക സഹായം നൽകുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും, 2007-08 വരെയും അനുപൂരക സഹായം നൽകണമെന്ന് നിയമാനുശാസനം ഇല്ലായിരുന്നു എന്ന് സർക്കാർ അറിയിച്ചു (2010 ഏപ്രിൽ). എന്നിരുന്നാലും, 2007-08-ലും 2008-09-ലും 988 എണ്ണത്തിൽ അനുപൂരക സഹായത്തിന്റെ വകയിരുത്തലിൽ 1.70 കോടി രൂപയുടെ കുറവുണ്ടായതായി ഓഡിറ്റിൽ കണ്ടെത്തി.

### 3.1.6.3 കേന്ദ്ര സഹായത്തിൽ കുറവുണ്ടാകുന്നത് ഒഴിവാക്കുവാൻ ചെലവ് പെരുപ്പിച്ച് കാട്ടിയത്

(i)അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾ[4] ആവശ്യത്തിനു മുൻപുതന്നെ ചെക്കുകൾ (₹ 51.44

3 നിലമ്പൂർ, അരീക്കോട്, മലപ്പുറം, വണ്ടൂർ, കുന്ദമംഗലം, ഓച്ചിറ, അഞ്ചൽ, ചടയമംഗലം, കൊട്ടാരക്കര, നെടുമങ്ങാട്, കിളിമാനൂർ, വാമനപുരം

4 മലപ്പുറം (11.37 ലക്ഷം) നിലമ്പൂർ (14.89 ലക്ഷം), അരീക്കോട് (23.32 ലക്ഷം) തോടന്നൂർ (0.53 ലക്ഷം), കുന്ദമംഗലം

ലക്ഷം) പിൻവലിക്കുകയും മുൻ തീയതിക്കുള്ള ചെക്കുകൾ നൽകുകയും ചെയ്തതായി ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനയിൽ വെളിപ്പെട്ടു. ഇതിൽ 2007 മാർച്ച് 20-നും 2009 മാർച്ച് 31-നും ഇടയിൽ പിൻവലിച്ച 26.05 ലക്ഷം രൂപയുടെ ചെക്കുകൾ ഗുണഭോക്താക്കൾക്ക് നൽകാതെ ബ്ലോക്ക് പഞ്ചായത്തുകൾ സൂക്ഷിച്ചിരിക്കുകയായിരുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ ആവശ്യത്തിനു മുൻപ് ചെക്കുകൾ പിൻവലിക്കുകയും മുൻ തീയതിയിലുള്ള ചെക്കുകൾ നൽകുകയും ചെയ്യാറുണ്ടായിരുന്നു. ഇത് ചെലവിന്റെ തുക പെരുപ്പിച്ചുകാണിക്കുന്നതിനും കേന്ദ്രഫണ്ടുകൾ പിന്നീട് വിട്ടുതൽ ചെയ്യുമ്പോൾ ഉണ്ടാകുമായിരുന്ന കുറവ് ഒഴിവാക്കുന്നതിനും വഴി തെളിച്ചു. ആവശ്യകതയ്ക്ക് മുൻപ് മുൻതീയതിയിലുള്ള ചെക്കുകൾ പിൻവലിക്കരുതെന്ന് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2010 മേയ്)

(ii) അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ 2008-09 വർഷത്തിലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ ചെലവ് 89.27 ലക്ഷം രൂപ മാത്രമായിരുന്നു. എന്നാൽ പിഎയുവിന് സമർപ്പിച്ച 2008-09 ലെ പുരോഗതി റിപ്പോർട്ടിൽ ചെലവ് 39.91 ലക്ഷം രൂപ പെരുപ്പിച്ചു കാണിച്ചുകൊണ്ട് 129.18 ലക്ഷം രൂപ ചെലവായതായി രേഖപ്പെടുത്തിയിരുന്നു. ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതു പോലെ യഥാർത്ഥ ചെലവ് 89.27 ലക്ഷം രൂപ മാത്രമായിരുന്നെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സ്ഥിരീകരിച്ചു.

(iii) മലപ്പുറം പിഎയുവിൽ 2005-06 വർഷത്തിലെ ഐ.എ.വൈ ഫണ്ടിന്റെ പ്രാരംഭ നീക്കിയിരിപ്പിൽ 30 ലക്ഷം രൂപ കുറച്ചു കാണിച്ചു. അതുവഴി 2004-05 ലെ ചെലവ് അത്രകണ്ട് അധികരിച്ചു.

### 3.1.6.4 ലഭ്യമായ ഫണ്ടിലും അധികമായ തുകയ്ക്ക് ചെക്ക് നൽകിയത്

തിരുവനന്തപുരം പി.എ യു 2007-08 കാലയളവിൽ, 3 മാസത്തേയ്ക്ക് ലഭ്യമായിരുന്ന ആകെ ഫണ്ടുകളിലും അധികമായുള്ള തുകയ്ക്ക് ചെക്കുകൾ നൽകിയത് പട്ടിക 4- ൽ കൊടുത്തിരിക്കുന്നു.

---
(1.33 ലക്ഷം)

പട്ടിക 4- ഫണ്ടിന്റെ ലഭ്യതയും നൽകിയ ചെക്കുകളുടെ തുകയും (₹ ലക്ഷത്തിൽ)

| മാസവും വർഷവും | ലഭ്യമായ ഫണ്ട് | നൽകിയ ചെക്കിന്റെ തുക | ബാക്കി |
|---|---|---|---|
| 2007 നവംബർ | 419.07 | 462.62 | (-)43.55 |
| 2008 ജനവരി | 60.25 | 551.40 | (-)491.15 |
| 2008 മാർച്ച് | 125.67 | 154.60 | (-)28.93 |

ലഭ്യമായ തുകയിലും അധികമായി ചെക്കുകൾ നൽകിയത് പിഎയുവിൽ പ്രയോഗത്തിലുള്ള വികലമായ സാമ്പത്തിക നിയന്ത്രണത്തെ സൂചിപ്പിക്കുന്നു

### 3.1.6.5 പട്ടിക ജാതി / പട്ടിക വർഗ്ഗക്കാർക്കും ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കും നീക്കിവച്ച ഫണ്ടിന്റെ അപര്യാപ്തത

(i)ഐഎവൈ ഫണ്ടിന്റെ 60 ശതമാനം എസ്‌സി / എസ്‌ടി ഗുണഭോക്താക്കൾക്ക് നീക്കിവെക്കണമെന്ന് ഭാരതസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ 2007-08 കാലയളവിൽ ഒൻപത് ബ്ലോക്ക് പഞ്ചായത്തുകൾ[5] ധനസഹായം നൽകിയ എസ്‌സി /എസ്‌ടി ഗുണഭോക്താക്കളുടെ ശതമാനം 45-നും 68-നും ഇടയിലും 2008-09 കാലയളവിൽ എട്ട് ബ്ലോക്ക് പഞ്ചായത്തുകൾ[6] നൽകിയത് 39-നും 59-നും ഇടയിലുമായിരുന്നു. നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ എസ്‌ടി വിഭാഗം ജനസംഖ്യ 9124 ആയിരുന്നെങ്കിലും 2004-05 മുതൽ 2007-08 വരെയുള്ള കാലയളവിൽ അവരിലാർക്കും ധനസഹായം നൽകിയിട്ടില്ലായിരുന്നു. ഐഎവൈ ഫണ്ടുകളുടെ നിശ്ചിത ശതമാനം എസ്‌സി / എസ്‌ടി ഗുണഭോക്താക്കൾക്കായി വകയിരുത്തിയിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പാക്കിയിരുന്നു എന്ന് തെളിയിക്കുന്നതിനുള്ള രേഖകളൊന്നും ഇല്ലായിരുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭൂമി സ്വന്തമായി ഇല്ലാത്തതിനാൽ, എസ്‌സി/ എസ്‌ടി ഗുണഭോക്താക്കൾക്ക് ഐ.എ.വൈ ഫണ്ടിന്റെ 60 ശതമാനം വകയിരുത്തലെന്ന നിലയിലെത്തുന്നതിന് ബുദ്ധിമുട്ടാണെന്ന് സർക്കാർ അറിയിച്ചു (2010 ഏപ്രിൽ). ഐ.എവൈ.യ്ക്ക് കീഴിൽ ലഭ്യമാകുന്ന തുകയേക്കാൾ ഉയർന്നതാണ് എസ്.ടി. വകുപ്പ് ഭവനനിർമ്മാണത്തിന് അനുവദിച്ച യൂണിറ്റ് നിരക്ക് എന്നതിനാൽ എസ്.ടി. ഗുണഭോക്താക്കൾ, ഭവന നിർമ്മാണത്തിനു വേണ്ടി എസ്.ടി. വകുപ്പിന്റെ ധനസഹായം പ്രയോജനപ്പെടുത്തുന്നതിനാണ് ഇഷ്ടപ്പെട്ടിരുന്നതെന്നും സർക്കാർ പ്രസ്താവിച്ചു (മേയ് 2010).

5 ഓച്ചിറ, നെടുമങ്ങാട്, കുന്ദമംഗലം, തോടന്നൂർ, ചടയമംഗലം, അഞ്ചൽ, ബാലുശ്ശേരി, നിലമ്പൂർ, വണ്ടൂർ
6 കൊട്ടാരക്കര, നെടുമങ്ങാട്, വാമനപുരം, തോടന്നൂർ, പേരാമ്പ്ര, ചടയമംഗലം, ബാലുശ്ശേരി, മലപ്പുറം

(ii) മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ലഭ്യമായ ഫണ്ടിന്റെ മൂന്ന ശതമാനം ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി നീക്കിവെയ്ക്കണമായിരുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും അയച്ചിരുന്ന ഗുണഭോക്താക്കളുടെ പട്ടികയിൽ ശാരീരിക വൈകല്യമുള്ള വ്യക്തികളുടെ പേരുകൾ കാണിച്ചിട്ടില്ലായിരുന്നു. തന്മൂലം ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി നിർദ്ദിഷ്ട ശതമാനം ഭവനങ്ങൾ അനുവദിച്ചിരുന്നോ എന്ന് ഉറപ്പാക്കുവാൻ കഴിഞ്ഞില്ല. പുരോഗതി റിപ്പോർട്ടുകളനുസരിച്ച് 2004-09 കാലയളവിൽ ഏറ്റെടുത്ത 1.78 ലക്ഷം വീടുകളിൽ (മെച്ചപ്പെടുത്തൽ ഉൾപ്പെടെ) 2253 വീടുകൾ (1.27 ശതമാനം) മാത്രമേ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് നൽകിയിരുന്നുള്ളൂ. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കുള്ള മൂന്ന ശതമാനം ഭവനങ്ങൾ ഉറപ്പാക്കുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിനും ശാരീരിക വൈകല്യമുള്ള വ്യക്തികൾ എന്നതിന കീഴിൽ ഒരു ലക്ഷ്യം നിശ്ചയിക്കണമെന്ന് പി.എ.യു.കളുടെ പ്രോജക്ട് ഡയറക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (മേയ് 2010).

### 3.1.6.6 ക്രെഡിറ്റ് - കം - സബ്സിഡി

ക്രെഡിറ്റ്-കം-സബ്സിഡി പദ്ധതിയിൻ കീഴിൽ ആകെയുള്ള ഫണ്ടുകളുടെ 20 ശതമാനം വരെ നിലവിലുള്ള കച്ചാവീടുകൾ മെച്ചപ്പെടുത്തുന്നതിനും ബാങ്കുകൾ/സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമുള്ള വായ്പ പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾക്ക് സബ്സിഡി നൽകുവാനും കഴിയും. ഒരു കുടുംബത്തിനു നൽകുന്ന പരമാവധി വായ്പയും സബ്സിഡിയും യഥാക്രമം 50000 രൂപയും 12500 രൂപയും ആയിരുന്നു. വാർഷിക വരുമാനം 32000 വരെയുള്ള ഗ്രാമീണ കുടുംബങ്ങൾക്കു മാത്രമേ ഈ പദ്ധതി ലഭ്യമായിരുന്നുള്ളൂ. പദ്ധതിയുടെ നടപ്പാക്കലിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി.

(i) 50000 രൂപ വായ്പയ്ക്കുള്ള സബ്സിഡി 10000 രൂപയിൽ നിന്ന് 2004 ഏപ്രിൽ 1 മുതൽ 12500 രൂപ ആയി ഉയർത്തിയെങ്കിലും ലാക്ഷണിക പരിശോധന നടത്തിയ മൂന്ന്[7] പിഎയുകളിലുള്ള മൂന്ന്[8] ബ്ളോക്ക് പഞ്ചായത്തുകളും 2004-05, 2005-06 വർഷങ്ങളിൽ 2383 ഗുണഭോക്താക്കൾക്ക് 10000 രൂപ നിരക്കിൽ മാത്രമെ സബ്സിഡി നൽകിയുള്ളൂ. ഇതുമൂലം സബ്സിഡി വിട്ടുകൊടുത്തതിലെ കുറവ് 59.60 ലക്ഷം രൂപയായിരുന്നു. ഓഡിറ്റ് കണ്ടെത്തൽ സർക്കാർ അംഗീകരിക്കുകയും (2010 ഏപ്രിൽ) അത്തരം എല്ലാ കേസുകളും അവലോകനം ചെയ്ത് പരിഹാര നടപടികളെടുക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു.

(ii) ഈ പദ്ധതിയനുസരിച്ച് വായ്പകൾ അനുവദിച്ചുകഴിഞ്ഞാലുടൻ ബാങ്കുകൾക്ക് സബ്സിഡി തുക വിട്ടുകൊടുത്തിരുന്നു. അങ്ങനെ വിട്ടുകൊടുത്ത തുക ബാങ്കിന്റെ പലിശരഹിതമായ ഒരു ധനസഹായ കരുതൽ നിക്ഷേപ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു. വിതരണം നടത്താത്ത സബ്സിഡി തുകകൾ നിരവധി മാസങ്ങൾക്കു ശേഷം പലിശയൊന്നുമില്ലാതെ ബാങ്കുകൾ തിരികെ നൽകിയിരുന്നു. കൊല്ലം പിഎയുവിൽ വിവിധ ബാങ്കുകളിൽ നിന്ന് 2004-05 കാലയളവിൽ (വിലപിടിപ്പുള്ള ഇനങ്ങളുടെ രജിസ്റ്റർ പ്രകാരം) സബ്സിഡി തിരിച്ചടച്ച വകയിൽ 9.90 ലക്ഷം രൂപയുടെ 39 ചെക്കുകൾ ലഭിച്ചിരുന്നു. സബ്സിഡി ബാങ്കുകൾക്ക് വിട്ടുകൊടുത്തതിന്റെ തീയതികൾ രജിസ്റ്ററിൽ / തിരിച്ചടച്ച കത്തിൽ പരാമർശിക്കാത്തതിനാൽ പലിശയിലുള്ള നഷ്ടം കണക്കാക്കാൻ കഴിഞ്ഞില്ല. മേയ് 2005-ൽ സബ്സിഡി വിട്ടുതൽ ചെയ്യുകയും രണ്ടു വർഷത്തിലധികം ഇടവേളയ്ക്കു ശേഷം 2007 ജൂലൈയിൽ അത് മടക്കിക്കൊടുക്കുകയും ചെയ്തു ഒരു സംഭവം കണ്ടെത്തി. ഗുണഭോക്താവിന് വായ്പ ലഭ്യമാക്കിയെന്ന അറിയിപ്പ് കിട്ടിയ ശേഷം ബാങ്കുകൾക്ക് സബ്സിഡി വിട്ടുതൽ

7 കോഴിക്കോട് പിഎയു : 2.78 ലക്ഷം രൂപ, മലപ്പുറം പിഎയു : 3.13 ലക്ഷം രൂപ, കൊല്ലം പിഎയു : 52.38 ലക്ഷം രൂപ

8 വാമനപുരം ബ്ളോക്ക് പഞ്ചായത്ത് : 0.70 ലക്ഷം രൂപ, കിളിമാനൂർ ബ്ളോക്ക് പഞ്ചായത്ത് :0.28 ലക്ഷം രൂപ, അതിയന്നൂർ ബ്ളോക്ക് പഞ്ചായത്ത്: 0.33 ലക്ഷം രൂപ

ചെയ്തിരുന്നെങ്കിൽ ഇതുമൂലമുള്ള പലിശ നഷ്ടം ഒഴിവാക്കാമായിരുന്നു. ബാങ്കുകൾക്ക് വിതരണം ചെയ്ത സബ്സിഡിയുടെ വിനിയോഗം നിരീക്ഷിക്കുവാനും നീണ്ട കാലയളവിനുശേഷം മടക്കിക്കൊടുത്ത തുകയ്ക്ക് പലിശ ആവശ്യപ്പെടുന്നതിനും പ്രോജക്ട് ഡയറക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2010 മേയ്).

(iii) ക്രെഡിറ്റ്-കം-സബ്സിഡി പദ്ധതിയിൻ കീഴിൽ ആദ്യത്തെ മൂന്ന് വർഷത്തേക്കുള്ള ഇൻഷ്വറൻസ് പ്രീമിയം ബ്ളോക്ക് പഞ്ചായത്തുകൾ അടയ്ക്കേണ്ടതുണ്ടായിരുന്നെങ്കിലും ലാക്ഷണിക പരിശോധന നടത്തിയ ബ്ളോക്ക് പഞ്ചായത്തുകൾ ഒന്നും തന്നെ പ്രീമിയം അടച്ചിരുന്നില്ല. പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾ പ്രകൃതിക്ഷോഭം മൂലം തകർന്നു വീണതിന്റെ നിരക്ക് നിസ്സാരമാണെന്ന് കണ്ടതിനാൽ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരുന്നതു പോലെ മാസ്റ്റർ പോളിസിയൊന്നും എടുത്തില്ലെന്ന് സർക്കാർ പ്രസ്താവിച്ചു. (2010 മേയ്).

### 3.1.6.7 ബാങ്ക് അക്കൗണ്ടുകളുടെ സൂക്ഷിപ്പ്

ബ്ളോക്ക് പഞ്ചായത്തുകൾക്ക് ലഭിച്ച കേന്ദ്ര സംസ്ഥാന വിഹിതങ്ങളും അനുപൂരക സഹായവും ദേശസാൽകൃത/ ഷെഡ്യൂൾഡ്/സഹകരണ ബാങ്കിലോ അല്ലെങ്കിൽ പോസ്റ്റ് ഓഫീസിലോ അതിനുവേണ്ടി മാത്രമായുള്ള ഒരു പ്രത്യേക സേവിംഗ്സ് ബാങ്ക് (എസ്ബി) അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതായിരുന്നു. എട്ട്[9] ബ്ളോക്ക് പഞ്ചായത്തുകൾ ഒന്നിൽ കൂടുതൽ എസ്ബി അക്കൗണ്ടുകൾ സൂക്ഷിച്ചിരുന്നതായി കണ്ടെത്തി. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് പദ്ധതി ഫണ്ടിന്റെ ദുർവിനിയോഗത്തിനിടയാക്കും. ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിൽ താഴെപ്പറയുന്ന ന്യൂനതകൾ ഓഡിറ്റിൽ കണ്ടെത്തി:

9 ബാലുശ്ശേരി, ചടയമംഗലം, കിളിമാനൂർ, മലപ്പുറം, നിലമ്പൂർ, പേരാമ്പ്ര, തോടന്നൂർ, വാമനപുരം ബ്ളോക്ക് പഞ്ചായത്തുകൾ

(i) 2002-ന മുൻപ്, കേന്ദ്രാവിഷ്കൃത പദ്ധതികളെ (സിഎസ്എസ്) സംബന്ധിക്കുന്ന ഫണ്ടുകൾ ട്രഷറി പബ്ളിക്ക് (ടിപി) അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്നു. 2002 ജനുവരിയിൽ എല്ലാ ടിപി അക്കൗണ്ടുകളുടെയും പ്രവർത്തനം മരവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു തത്ഫലമായി ടിപി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന സി.എസ്.എസ് ഫണ്ടുകൾ വിനിയോഗിക്കാൻ കഴിഞ്ഞില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ സംബന്ധിക്കുന്ന ടിപി അക്കൗണ്ടുകൾ മേല്പറഞ്ഞ ഉത്തരവുകളുടെ പരിധിയിൽ വരുന്നില്ലെന്നും ധനകാര്യ വകുപ്പിന്റെ സമ്മതപത്രം ലഭിച്ചുകഴിഞ്ഞാൽ ടിപി അക്കൗണ്ടുകളിൽ നിന്നും ഫണ്ടുകൾ പിൻവലിക്കാൻ സാധിക്കുമെന്നും സർക്കാർ 2004 ഏപ്രിലിൽ വ്യക്തമാക്കി. എന്നാൽ ആറ് പിഎയു/ബ്ളോക്ക് പഞ്ചായത്തുകളുടെ ടിപി അക്കൗണ്ടുകളിലുണ്ടായിരുന്ന 1.57 കോടി രൂപയുടെ ഐഎവൈ ഫണ്ടുകളിൽ നിന്ന് നാല് പിഎയുകൾ/ ബ്ളോക്ക് പഞ്ചായത്തുകൾ സംസ്ഥാന സഞ്ചിത നിധിയിലേക്ക് 13.77 ലക്ഷം രൂപ നിക്ഷേപിച്ചു. ഐഎവൈ ഫണ്ടിൽ ആ തുക നിക്ഷേപിക്കുന്നതിനു പകരം സഞ്ചിത നിധിയിൽ നിക്ഷേപിച്ച പിഎയുകളുടെ നടപടി ക്രമരഹിതമായിരുന്നു. 2002 മുതൽ ടിപി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന ബാക്കി തുകയായ 1.43 കോടി രൂപ പിൻവലിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള ഫലപ്രദമായ യാതൊരു നടപടിയും രണ്ട് പിഎയുകൾ/ബ്ളോക്ക് പഞ്ചായത്തുകൾ എടുത്തില്ല. ഫണ്ടുകളുടെ വിശദവിവരങ്ങൾ അനുബന്ധം XI-ൽ കൊടുത്തിട്ടുണ്ട്. ടിപി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക വിട്ടുതൽ ചെയ്യുന്നതിന് നടപടിയെടുക്കുമെന്ന് സർക്കാർ അറിയിച്ചു (2010 ഏപ്രിൽ).

## അനുബന്ധം XI
## ട്രഷറി പബ്ളിക് അക്കൗണ്ടിൽ നിലനിർത്തിയ ഫണ്ടിന്റെ വിവരങ്ങൾ

(₹ലക്ഷത്തിൽ)

| ക്രമ നമ്പർ | പി.എ.യു/ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ടി.പി. അക്കൗണ്ട് നമ്പർ | സൂക്ഷിച്ച തുക | പ്രസ്താവം |
|---|---|---|---|---|
| 1 | കൊല്ലം പി.എ.യു.-ന്റെ കീഴിലുള്ള ബ്ളോക്ക് പഞ്ചായത്തുകൾ | വിവിധ ടിപി അക്കൗണ്ടുകൾ | 32.27 | 2004 ജൂലൈയിലും 2005 ഫെബ്രുവരിയിലും സംഗതി സർക്കാരിനെ അറിയിക്കുകയും തുക പിൻവലിക്കാൻ അനുവാദം ചോദിക്കുകയും ചെയ്തു. അനുവാദം കിട്ടിയതായി കാണുന്നില്ല. ഈ സംഗതിയിൽ തുടർ നടപടി എടുത്തില്ല. |
| 2 | പേരാമ്പ്ര ബ്ളോക്ക് പഞ്ചായത്ത് | 230 | 5.40 | ബ്ളോക്ക് പഞ്ചായത്ത് 22 മാർച്ച് 2006-ൽ ടിപി അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്ന മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്കു മാറ്റി. ഇതിൽ 5.40 ലക്ഷം രൂപയുടെ ഐഎവൈ ഫണ്ടും ഉൾപ്പെട്ടിരുന്നു. |
| 3 | തോടന്നൂർ ബ്ളോക്ക് പഞ്ചായത്ത് | 130 | 5.16 | ടിപി അക്കൗണ്ട് മരവിപ്പിച്ചതിന്റെ ഫലമായി ടിപി അക്കൗണ്ട് നമ്പർ 130-ലെ ഐഎവൈ ഫണ്ടിന്റെ ബാക്കിയായ 5.16 ലക്ഷം രൂപ ട്രഷറി സഞ്ചിത നിധിയിലേക്ക് മാറ്റി. |
| 4 | തിരുവനന്തപുരം പിഎയു | 16 | 110.64 | ഇഎഎസ് (എസ്ജിആർവൈ)-നേയും ഐഎവൈ യെയും സംബന്ധിക്കുന്ന ഫണ്ട് വേർതിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. പാസ് ബുക്കും ഉപയോഗിക്കാത്ത ചെക്കും |

| | | | | |
|---|---|---|---|---|
| | | | | സബ്ട്രഷറി ഓഫീസർക്ക് 200് ആഗസ്റ്റ് ഒന്നിന് മടക്കിയേൽപ്പിച്ചു. |
| 5 | മലപ്പുറം പിഎയു | 121 | 1.51 | കൊണ്ടോട്ടി ബ്ളോക്ക് പഞ്ചായത്തിന് കൊടുത്ത തുക കത്ത് നം.ബി426/06 തീയതി 3.2.2009 പ്രകാരം അക്കൗണ്ട് ക്ളോസ് ചെയ്ത് ബാക്കി തുക തിരികെ നൽകി. |
| 6 | അതിയന്നൂർ ബ്ളോക്ക് പഞ്ചായത്ത് | 216 | 1.70 | 2006 മാർച്ച് 31-ന് ബാക്കിയുണ്ടായിരുന്ന തുക സഞ്ചിത നിധിയിലേക്ക് 2006 മാർച്ച് 31-ന് തിരികെ നൽകി. |
| ആകെ | | | **156.69** | |

(ii) ഗുണഭോക്താക്കൾക്ക് അനുപൂരക സഹായം നൽകുന്നതിന് ബ്ളോക്ക് പഞ്ചായത്തുകൾ അവരുടെ വികസന ചെലവു ഫണ്ടിൽ നിന്നുള്ള വിഹിതം ട്രഷറിയിൽ നിന്നും പിൻവലിക്കുകയും അത് ബാങ്കുകളിലെ ഐഎവൈയ്ക്കുള്ള എസ്ബി അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും ചെയ്യണമായിരുന്നു. ബാങ്കുകളിൽ തുകകൾ നിക്ഷേപിക്കുന്നതിനു പകരം, ലാക്ഷണിക പരിശോധന നടത്തപ്പെട്ട 16 ബ്ളോക്ക് പഞ്ചായത്തുകളിൽ 9 എണ്ണം[10] ഫണ്ടുകൾ കാലഹരണപ്പെടുന്നത് ഒഴിവാക്കുവാൻ ട്രഷറിയിൽ നിന്ന് ബില്ലുകൾ മാറുകയും ഗുണഭോക്താക്കളുടെ പേരിൽ ബില്ലിലെ തുകയ്ക്ക് ബാങ്കറുടെ ചെക്കുകൾ വാങ്ങുകയും ചെയ്തു. എന്നാൽ ചെക്കുകൾ ഗുണഭോക്താക്കൾക്ക് നൽകിയില്ല. 2007 മാർച്ച് 19 -നും 2009 ഏപ്രിൽ 22-നും ഇടയിലുള്ള കാലയളവിൽ പിൻവലിച്ച 69.46 ലക്ഷം രൂപയുടെ 521 ചെക്കുകൾ ഒൻപത് ബ്ളോക്ക് പഞ്ചായത്തുകൾ കൈവശം വച്ചിരിക്കുകയായിരുന്നെന്ന് ഓഡിറ്റിന്റെ സൂക്ഷ്മ നിരീക്ഷണത്തിൽ വെളിപ്പെട്ടു. ട്രഷറിയിൽ നിന്ന് ഫണ്ടുകൾ പിൻവലിക്കുകയും ഐ.എ.വൈ.യ്ക്കുള്ള എസ്ബി

10 മലപ്പുറം, നിലമ്പൂർ, വണ്ടൂർ, ഓച്ചിറ, നെടുമങ്ങാട്, പേരാമ്പ്ര, തോടന്നൂർ, ബാലുശ്ശേരി, കുന്ദമംഗലം ബ്ളോക്ക് പഞ്ചായത്തുകൾ

അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നെങ്കിൽ പലിശ ആർജിക്കുന്നതിനും ഗുണഭോക്താക്കൾ തുകയ്ക്കു വേണ്ടി വരുമ്പോൾ ചെക്കുകൾ പിൻവലിച്ച് നൽകുന്നതിനും സാധിക്കുമായിരുന്നു.

### 3.1.6.8 ഭവനങ്ങൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം ശേഖരിക്കൽ

ഭവനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി പ്രീമിയം ശേഖരിക്കുന്നത് ഐഎവൈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ലായിരുന്നു. എങ്കിലും കൊല്ലം ജില്ലയിലെ ബ്ളോക്ക് പഞ്ചായത്തുകൾ ഓരോ ഗുണഭോക്താവിൽ നിന്നും 100 രൂപ നിരക്കിൽ പ്രീമിയം ശേഖരിച്ചിരുന്നു. 2005-06 വരെ അപ്രകാരം ശേഖരിച്ച തുകകൾ ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് കൊല്ലം പിഎയുവിന് കൈമാറിയിരുന്നു. എന്നാൽ, ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് പോളിസി എടുക്കുന്നതിനു പകരം ആ തുക കാനറാ ബാങ്കിന്റെ ചിന്നക്കട ശാഖയിലെ എസ്ബി അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. മൂന്നു ഗുണഭോക്താക്കൾക്ക് അവകാശപ്പെട്ട തുകയായ 25000 രൂപ തീർപ്പാക്കിയശേഷം 2009 ജനുവരി 31-ന് 3.95 ലക്ഷം രൂപ മേല്പറഞ്ഞ അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്നു.

### 3.1.6.9 ഗുണഭോക്താക്കൾക്കുള്ള തുകയിൽ നിന്നും ക്രമരഹിതമായി കുറവു ചെയ്തത്

(i) വീടുകൾ വൈദ്യുതീകരിക്കാത്തതുകൊണ്ട് ഗുണഭോക്താക്കൾക്കു നൽകുന്ന തുകയിൽ കുറവു വരുത്തുന്നതിന് ഐ.എ.വൈ. മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥയുണ്ടായിരുന്നില്ല. വീടുകൾ വൈദ്യുതീകരിക്കാത്തതുകൊണ്ട് ലാക്ഷണിക പരിശോധന നടത്തിയ ഏഴ്[11] ബ്ളോക്ക് പഞ്ചായത്തുകൾ 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ 599 ഗുണഭോക്താക്കൾക്കു നൽകിയ അന്തിമ തുകയിൽ നിന്നും വിവിധ നിരക്കുകളിലുള്ള തുകകൾ കുറവു ചെയ്തിരുന്നു. 2004-05

11 നിലമ്പൂർ (₹ 3.02 ലക്ഷം), അരീക്കോട് (₹0.41 ലക്ഷം), മലപ്പുറം (₹ 0.11 ലക്ഷം), വണ്ടൂർ (₹ 0.72 ലക്ഷം), അഞ്ചൽ (₹ 0.08 ലക്ഷം), തോടന്നൂർ (₹ 0.14 ലക്ഷം), ബാലുശ്ശേരി (₹ 0.05 ലക്ഷം) ബ്ളോക്ക് പഞ്ചായത്തുകൾ

മുതൽ 2008-09 വരെയുള്ള കാലയളവിൽ ഈ വിധത്തിൽ ക്രമരഹിതമായി കുറവ് വരുത്തിയ തുക 4.53 ലക്ഷം രൂപ ആയിരുന്നു.

(ii) മാർഗ്ഗനിർദ്ദേശമനുസരിച്ച് ഗുണഭോക്താവിന് പുകയില്ലാത്ത അടുപ്പും ശുചിത്വമുള്ള കക്കൂസും നിർമ്മിക്കുന്നതിന് സാധിച്ചില്ലെങ്കിൽ ധനസഹായത്തിൽ നിന്നും യഥാക്രമം 100 രൂപ, 600 രൂപ നിരക്കിൽ തിരിച്ചുപിടിക്കണമായിരുന്നു. എന്നാൽ 2004-05 മുതൽ 2006-07 വരെയുള്ള കാലയളവിൽ മൂന്ന്[12] ബ്ളോക്ക് പഞ്ചായത്തുകളിലുള്ള 184 ഗുണഭോക്താക്കൾ പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കാതിരുന്നതുകൊണ്ട് ഉയർന്ന നിരക്കിൽ (₹200/₹400 ) തിരിച്ചുപിടിക്കൽ നടത്തിയത് 42000 രൂപ അധികം തിരിച്ച് പിടിക്കുന്നതിനിടയാക്കി.

മേല്പറഞ്ഞ രീതിയിലുള്ള കുറവുവരുത്തൽ ഗ്രാമവികസന മന്ത്രാലയം 2006 ഡിസംബറിൽ നിർത്തലാക്കിയെങ്കിലും ശുചിത്വമുള്ള കക്കൂസുകളും പുകയില്ലാത്ത അടുപ്പുകളും നിർമ്മിക്കാതിരുന്നതുകൊണ്ട് 2007-08 മുതൽ 2008-09 വരെയുള്ള കാലയളവിൽ ബ്ളോക്ക് പഞ്ചായത്തുകൾ ഗുണഭോക്താക്കളിൽ നിന്നും വിവിധ നിരക്കുകളിൽ തുക കുറവു ചെയ്തതായി കണ്ടെത്തി. ഇത്തരത്തിൽ ഗുണഭോക്താക്കളിൽ നിന്നും ക്രമരഹിതമായി തിരിച്ചുപിടിച്ച തുക 6.23 ലക്ഷം[13] രൂപ ആയിരുന്നു.

(iii) മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഐഎവൈ ഭവനങ്ങളുടെ നിർമ്മാണത്തിന് കൂടുതൽ പണം ലഭ്യമാക്കുന്നതിനായി സമ്പൂർണ്ണ ശുചിത്വ പ്രചരണ പരിപാടി (ടിഎസ്സി) യിൽ നിന്നും, ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിച്ചുനൽകുന്നതിനു വേണ്ടി ഫണ്ടുകൾ സംയോജിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ടായിരുന്നു. അതിനാൽ ടി.എസ്.സി പ്രകാരം ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിച്ച് കഴിഞ്ഞ

12 അഞ്ചൽ, കൊട്ടാരക്കര, വണ്ടൂർ ബ്ളോക്ക് പഞ്ചായത്തുകൾ

13 ശുചിത്വമുള്ള കക്കൂസുകൾ: നിലമ്പൂർ, അരീക്കോട്, വണ്ടൂർ, അഞ്ചൽ, പേരാമ്പ്ര, തോടന്നൂർ ബ്ളോക്ക് പഞ്ചായത്തുകൾ; 151 ഗുണഭോക്താക്കൾ; ₹1.08 ലക്ഷം;
പുകയില്ലാത്ത അടുപ്പ്: മലപ്പുറം, അരീക്കോട്, വണ്ടൂർ, അഞ്ചൽ, നെടുമങ്ങാട്, പേരാമ്പ്ര, തോടന്നൂർ, കൊട്ടാരക്കര, ബാലുശ്ശേരി, കുന്ദമംഗലം, വാമനപുരം, കിളിമാനൂർ ബ്ളോക്ക് പഞ്ചായത്തുകൾ; 3243 ഗുണഭോക്താക്കൾ; ₹5.15 ലക്ഷം

ഐഎവൈ ഗുണഭോക്താക്കളിൽ നിന്നും യാതൊരു തുകയും തിരിച്ചു പിടിക്കേണ്ടതില്ലായിരുന്നു. എന്നാൽ ഈ വകയിൽ മൂന്ന്[14] ബ്ലോക്ക് പഞ്ചായത്തുകൾ 108 ഗുണഭോക്താക്കളിൽ നിന്നും 2004-05 മുതൽ 2007-08 വരെയുള്ള കാലയളവിൽ 2000/1200 രൂപ നിരക്കിൽ തിരിച്ചുപിടിക്കൽ നടത്തിയതായി വെളിപ്പെട്ടു. ഇത് 2.09 ലക്ഷം രൂപയുടെ ക്രമരഹിതമായ തിരിച്ചു പിടിക്കലിനിടയാക്കി.

മാർഗ്ഗനിർദ്ദേശങ്ങളിൽ അധികാരപ്പെടുത്തിയിട്ടില്ലാത്ത കുറവുകളൊന്നും വരുത്തരുതെന്ന് എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു ( 2010 മേയ്).

### 3.1.6.10 റവന്യൂ തിരിച്ചുപിടിക്കലിനു കീഴിൽ വസൂലാക്കാൻ അവശേഷിക്കുന്ന തുക

രണ്ടു വർഷത്തിനുള്ളിൽ ഭവനങ്ങൾ പൂർത്തീകരിക്കേണ്ടിയിരുന്നെങ്കിലും നാലുവർഷത്തിലധികം കഴിഞ്ഞിട്ടും അനേകം വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടില്ലായിരുന്നു. ലാക്ഷണിക പരിശോധന നടത്തപ്പെട്ട 16 ബ്ലോക്ക് പഞ്ചായത്തുകളിൽ എട്ട് ബ്ലോക്ക് പഞ്ചായത്തുകൾ[15] മാത്രമേ 2005-06 വരെ നൽകിയ തുക വസൂലാക്കുന്നതിനുള്ള റവന്യൂ തിരിച്ചുപിടിക്കൽ (ആർആർ) നടപടി ആരംഭിച്ചുള്ളൂ. ആർആർ-നു വേണ്ടി നിർദ്ദേശിക്കപ്പെട്ട കേസ്സുകളിൽ പോലും ബ്ലോക്ക് പഞ്ചായത്തുകൾ യാതൊരു തുടർ നടപടിയും എടുത്തിരുന്നില്ല. എട്ട് ബ്ലോക്ക് പഞ്ചായത്തുകളിൽ[16] ആർആർ-നുകീഴിൽ 122 കേസ്സുകളിലായി 14.93 ലക്ഷം രൂപ വസൂലാക്കുന്നതിനു അവശേഷിക്കുന്നുണ്ടായിരുന്നു.

---

14 അഞ്ചൽ (₹ 1.22 ലക്ഷം), ഓച്ചിറ (₹0.11 ലക്ഷം), കൊട്ടാരക്കര (₹ 0.76 ലക്ഷം),

15 മലപ്പുറം (₹ 0.12 ലക്ഷം), നിലമ്പൂർ (₹ 2.93 ലക്ഷം), അരീക്കോട് (₹ 2.63 ലക്ഷം), ഓച്ചിറ (₹ 0.71 ലക്ഷം), ബാലുശ്ശേരി (₹ 2.87 ലക്ഷം), കുന്ദമംഗലം (₹0.65 ലക്ഷം), ചടയമംഗലം (₹ 1.57 ലക്ഷം), വാമനപുരം (₹ 3.65 ലക്ഷം)

16 മലപ്പുറം, നിലമ്പൂർ, അരീക്കോട്, ഓച്ചിറ, ബാലുശ്ശേരി, കുന്ദമംഗലം, ചടയമംഗലം, വാമനപുരം

### 3.1.7 പദ്ധതിയുടെ നടപ്പാക്കൽ

### 3.1.7.1 ഭൗതിക ലക്ഷ്യങ്ങളും നേട്ടങ്ങളും

സിആർഡി ഗ്രാമീണ വികസന മന്ത്രാലയത്തിനു റിപ്പോർട്ട് ചെയ്തിട്ടുള്ള ഭൗതിക ലക്ഷ്യങ്ങളും നേട്ടങ്ങളും പട്ടിക 5 ൽ കൊടുത്തിരിക്കുന്ന പ്രകാരമായിരുന്നു.

പട്ടിക 5: സംസ്ഥാനത്തിന്റെ ഭൗതിക ലക്ഷ്യങ്ങളും നേട്ടങ്ങളും

| വർഷം | ലക്ഷ്യം (വീടുകളുടെ എണ്ണം) | | നേട്ടം (വീടുകളുടെ എണ്ണം) | | നേട്ടത്തിന്റെ ശതമാനം | |
|---|---|---|---|---|---|---|
| | പുതിയ നിർമ്മാണം | മെച്ചപ്പെടുത്തൽ | പുതിയ നിർമ്മാണം | മെച്ചപ്പെടുത്തൽ | പുതിയ നിർമ്മാണം | മെച്ചപ്പെടുത്തൽ |
| 2004-05 | 29511 | 7378 | 28830 | 11001 | 97.69 | 149.10 |
| 2005-06 | 28781 | 10865 | 24560 | 9684 | 85.33 | 89.13 |
| 2006-07 | 26804 | 10144 | 21407 | 8349 | 79.86 | 82.30 |
| 2007-08 | 39155 | 14758 | 26842 | 9600 | 68.55 | 65.04 |
| 2008-09 | 70922 | 14748 | 36845 | 15013 | 51.95 | 101.80 |
| **ആകെ** | **195173** | **57893** | **138484** | **53647** | **70.95** | **92.66** |

ഓരോ വർഷത്തേക്കും നിശ്ചയിച്ചിട്ടുള്ള ലക്ഷ്യത്തിന്റെയും അതിന്റെ നേട്ടങ്ങളുടെയും കണക്കുകൾ സി.ആർ.ഡി സൂക്ഷിച്ചിരുന്നില്ല. നേട്ടത്തിൽ മുൻവർഷങ്ങളിൽ പൂർത്തീകരിയ്ക്കാതിരുന്ന വീടുകൾ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് നേട്ടം യഥാർത്ഥ ചിത്രം സൂചിപ്പിക്കുന്നതായിരുന്നില്ല. ലാക്ഷണിക പരിശോധന നടത്തപ്പെട്ട ബ്ളോക്ക് പഞ്ചായത്തുകളുടെ ഭൗതിക ലക്ഷ്യവും നേട്ടവും പട്ടിക 6 -ൽ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

പട്ടിക 6 : ലാക്ഷണിക പരിശോധന നടത്തപ്പെട്ട ബ്ളോക്ക് പഞ്ചായത്തുകളിലെ ലക്ഷ്യങ്ങളും നേട്ടങ്ങളും

| ബ്ളോക്ക് പഞ്ചായത്തുകളുടെ പേര് | ലക്ഷ്യം (വീടുകളുടെ എണ്ണം) | | നേട്ടം[17] (വീടുകളുടെ എണ്ണം) | | നേട്ടത്തിന്റെ ശതമാനം | |
|---|---|---|---|---|---|---|
| | പുതിയ നിർമ്മാണം | മെച്ചപ്പെടുത്തൽ | പുതിയ നിർമ്മാണം | മെച്ചപ്പെടുത്തൽ | പുതിയ നിർമ്മാണം | മെച്ചപ്പെടുത്തൽ |
| ചടയമംഗലം | 1733 | 574 | 1561 | 262 | 90.08 | 45.64 |
| ഓച്ചിറ | 852 | 192 | 748 | 182 | 87.79 | 94.79 |
| കൊട്ടാരക്കര | 1347 | 347 | 1181 | 318 | 87.68 | 91.64 |
| മലപ്പുറം | 808 | 309 | 258 | 91 | 31.93 | 29.45 |
| അരീക്കോട് | 1255 | 370 | 815 | 316 | 64.94 | 85.41 |
| വണ്ടൂർ | 1951 | 350 | 1491 | 222 | 76.42 | 63.42 |
| നിലമ്പൂർ | 2469 | 565 | 1420 | 457 | 57.51 | 80.88 |
| കുന്ദമംഗലം | 1465 | 665 | 1317 | 590 | 89.90 | 88.72 |
| ബാലുശ്ശേരി | 1462 | 456 | 681 | 341 | 46.58 | 74.78 |
| പേരാമ്പ്ര | 1175 | 238 | 837 | 181 | 71.23 | 76.05 |
| തോടന്നൂർ | 584 | 128 | 237 | 44 | 40.58 | 34.38 |
| അതിയന്നൂർ | 1252 | 649 | 1177 | 613 | 94.01 | 94.45 |
| നെടുമങ്ങാട് | 1177 | 524 | 885 | 425 | 75.19 | 81.10 |
| വാമനപുരം | 2242 | 757 | 1482 | 722 | 66.10 | 95.38 |
| കിളിമാനൂർ | 1631 | 663 | 1257 | 492 | 77.07 | 74.20 |
| അഞ്ചൽ | 1827 | 576 | 1679 | 536 | 91.90 | 93.06 |
| **ആകെ** | **23230** | **7363** | **17026** | **5792** | **73.29** | **78.66** |

താഴെപ്പറയുന്ന വസ്തുതകൾ കണ്ടെത്താൻ കഴിഞ്ഞു:

ബ്ളോക്ക് പഞ്ചായത്തുകളുടെ സെക്രട്ടറിമാർ പിഎയുകൾക്ക് അയച്ച പുരോഗതി റിപ്പോർട്ടിൽ ചേർത്തിട്ടുള്ള പൂർത്തിയാകാത്ത വീടുകളുടെ കണക്കുകൾ ഗുണഭോക്താക്കളുടെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരുന്നതിനേക്കാൾ വളരെ

17 മുൻവർഷങ്ങളിലെ പൂർത്തിയാകാത്ത വീടുകൾ ഉൾപ്പെടെ

കുറവായിരുന്നു. ലാക്ഷണിക പരിശോധന നടത്തപ്പെട്ട ആറ്[18] ബ്ളോക്ക് പഞ്ചായത്തുകളുടെ 2004-05 മുതൽ 2006-07 വരെയുള്ള വർഷങ്ങളിലെ പുരോഗതി റിപ്പോർട്ടുകളിൽ പൂർത്തിയാകാത്തതെന്ന് കാണിച്ചിട്ടുള്ള 119 വീടുകൾക്ക് പകരം യഥാർത്ഥത്തിൽ പൂർത്തിയാകാത്ത വീടുകളുടെ എണ്ണം ഗുണഭോക്താവിന്റെ രജിസ്റ്റർ പ്രകാരം 944 എന്നായിരുന്നു. മേൽക്കൂര പൂർത്തിയായാൽ വീടുകൾ പൂർത്തിയായതായി പരിഗണിച്ച് പുരോഗതി റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും പ്രത്യുത, വീടുകൾ എല്ലാവിധത്തിലും പൂർത്തിയായാൽ മാത്രമ ഗുണഭോക്താക്കളുടെ രജിസ്റ്ററിൽ പൂർത്തിയായതായി പരിഗണിച്ചിരുന്നുള്ളൂ. എല്ലാതരത്തിലുമുള്ള ജോലികൾ പൂർത്തീകരിക്കുകയും അന്തിമ തുക തീർപ്പാക്കുകയും ചെയ്തതിനു ശേഷം മാത്രം വീടുകൾ പൂർത്തിയായതായി റിപ്പോർട്ട് ചെയ്താൽ മതിയെന്ന് എല്ലാ ബ്ളോക്ക് പഞ്ചായത്തുകൾക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു ( 2010 മേയ് ).

വീടുകൾ പൂർത്തിയാക്കുന്നതിന് അനുവദിച്ചിരുന്ന പരമാവധി സമയം രണ്ടു വർഷമാണ്. എന്നാൽ ലാക്ഷണിക പരിശോധന നടത്തപ്പെട്ട ഒൻപത്[19] ബ്ളോക്ക് പഞ്ചായത്തുകളിൽ വീടുകൾ പൂർത്തിയാക്കുന്നതിനു വേണ്ടിവന്ന സമയം 37 മാസത്തിനും 57 മാസത്തിനും മദ്ധ്യേ ആയിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള സാമ്പത്തിക സഹായം ഉപയോഗിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് മേൽക്കൂര പണിയുന്നതിന് ആസ്ബസ്റ്റോസ് (എസി) ഷീറ്റുകൾ ഉപയോഗിക്കുന്നത് 2007-08 മുതൽ സംസ്ഥാന സർക്കാർ നിരോധിച്ചിരുന്നു. നാല്[20] ബ്ളോക്ക് പഞ്ചായത്തുകളിൽ 2007-08 കാലയളവിൽ പൂർത്തിയാക്കിയ 99 വീടുകൾക്ക് ആസ്ബസ്റ്റോസ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചിരുന്നതായി ബ്ളോക്ക് പഞ്ചായത്തുകളിൽ സൂക്ഷിച്ചിട്ടുള്ള വീടുകളുടെ ഫോട്ടോഗ്രാഫുകളുടെ ലാക്ഷണിക പരിശോധനയിൽ

18 അഞ്ചൽ, ഓച്ചിറ, പേരാമ്പ്ര, കൊട്ടാരക്കര, ബാലുശ്ശേരി, കുന്ദമംഗലം ബ്ളോക്ക് പഞ്ചായത്തുകൾ

19 അഞ്ചൽ, ചടയമംഗലം, നെടുമങ്ങാട്, പേരാമ്പ്ര, തോടന്നൂർ, കൊട്ടാരക്കര, ബാലുശ്ശേരി, കുന്ദമംഗലം, കിളിമാനൂർ ബ്ളോക്ക് പഞ്ചായത്തുകൾ

20 അഞ്ചൽ, ഓച്ചിറ, ചടയമംഗലം, കിളിമാനൂർ ബ്ളോക്ക് പഞ്ചായത്തുകൾ

വെളിപ്പെട്ടു. എസി മേൽക്കൂര ഉപയോഗിച്ച് വീടുകൾ പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് അന്തിമ തുക നൽകിയിട്ടില്ലെന്ന് ഉറപ്പുവരുത്തുവാൻ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു ( 2010 മേയ്).

മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നിർമ്മിക്കപ്പെട്ട വീടുകൾക്ക് പുകയില്ലാത്ത അടുപ്പുകളും ശുചിത്വമുള്ള കക്കൂസുകളും ഉണ്ടായിരിക്കണമായിരുന്നു. ലാക്ഷണിക പരിശോധന നടത്തിയ 16 ബ്ളോക്ക് പഞ്ചായത്തുകളിൽ 2004-05 മുതൽ 2008-09 വരെ നിർമ്മിച്ച 25475 വീടുകളിൽ, 16059 വീടുകൾക്ക് (63.04 ശതമാനം) പുകയില്ലാത്ത അടുപ്പുകളും 10175 വീടുകൾക്ക് ( 39.94 ശതമാനം) ശുചിത്വ കക്കൂസും ഉണ്ടായിരുന്നില്ല.

### 3.1.7.2 ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിലും തെരഞ്ഞെടുക്കുന്നതിലും ഉണ്ടായ പോരായ്മകൾ

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഗ്രാമസഭകൾ അർഹതയുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്ന കുടുംബങ്ങളുടെ പട്ടികയിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും അവരുടെ തെരഞ്ഞെടുപ്പ് അന്തിമവും ആയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെ ബ്ളോക്ക് പഞ്ചായത്തുകൾക്ക് ഗുണഭോക്താക്കളുടെ പട്ടികകൾ അയയ്ക്കുന്നുണ്ടായിരുന്നു. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടതാണെന്നുള്ള സാക്ഷ്യപത്രം ബോധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാർക്ക് നിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിലും (2001 നവംബർ), ബ്ളോക്ക് പഞ്ചായത്തുകൾക്ക് അങ്ങനെയുള്ള സാക്ഷ്യപത്രമൊന്നും സമർപ്പിച്ചിട്ടില്ലായിരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഗുണഭോക്താക്കളുടെ പട്ടികകൾ പരിശോധിച്ചതിൽ, ഭൂമി കൈവശമില്ലാത്ത ഗുണഭോക്താക്കൾ, മറ്റു പദ്ധതികളുടെ കീഴിൽ പാർപ്പിട യൂണിറ്റുകൾ നേരത്തെ

ലഭിച്ചിട്ടുള്ളവർ, പട്ടികജാതി/ പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ പട്ടികയിലുള്ള പട്ടികജാതി/ പട്ടികവർഗ്ഗക്കാർ അല്ലാത്തവർ മുതലായവർ പട്ടികകളിൽ കടന്നുകൂടിയിട്ടുണ്ടെന്ന് വെളിപ്പെട്ടു. ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിൽ താഴെപ്പറയുന്ന മറ്റു ന്യൂനതകളും ഓഡിറ്റിൽ കണ്ടെത്തി.

(i) 2005-06 കാലയളവിൽ, കിളിമാനൂർ ബ്ളോക്ക് പഞ്ചായത്ത്/ഗ്രാമസഭ അംഗീകരിക്കാത്ത 35 ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്ന് 24 ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായമായി 2.81 ലക്ഷം രൂപ നൽകി. അഞ്ച് ഗുണഭോക്താക്കൾക്ക് നൽകിയ തുക (₹50000) മാത്രമെ 2008 ഫെബ്രുവരിയിൽ ബ്ളോക്ക് പഞ്ചായത്ത് തിരിച്ചുപിടിച്ചുള്ളൂ ക്രമക്കേടിനുത്തരവാദിയായ ഹൗസിംഗ് എക്സ്റ്റൻഷൻ ഓഫീസർക്കെതിരായി വകുപ്പുതല നടപടിയെടുത്തിരുന്നെന്ന് സർക്കാർ പ്രസ്താവിച്ചു (2010 മേയ്).

(ii) ഭാരതസർക്കാരിന്റെ നിർദ്ദേശമനുസരിച്ച് (2005 ഏപ്രിൽ), ഗ്രാമപഞ്ചായത്തുകൾ 2002 -ലെ ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ ജനസംഖ്യാകണക്കെടുപ്പിനെ അടിസ്ഥാനമാക്കി രണ്ട് സ്ഥിരമായ പട്ടികകൾ തയ്യാറാക്കണമായിരുന്നു: ഒന്ന്, അഭയ സ്ഥാനമില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്കു വേണ്ടിയുള്ളതും മറ്റേത് പട്ടികജാതി/പട്ടികവർഗ്ഗക്കാർ അല്ലാത്ത ഗുണഭോക്താക്കൾക്കു വേണ്ടിയുള്ളതും. 2005-06 മുതൽ മേല്പറഞ്ഞ പട്ടികയിൽ നിന്നും കർശനമായ മുൻഗണനാക്രമം പാലിച്ചുകൊണ്ട് ഐഎവൈയ്ക്കു വേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണമായിരുന്നു. സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ അംഗീകൃതമായ പട്ടിക ഇല്ലാത്തതുമൂലം ഭാരതസർക്കാർ വിഭാവനം ചെയ്തതു പോലെ സ്ഥിരമായ ഒരു ഐഎവൈ പട്ടിക സംസ്ഥാനത്ത് ഇല്ലായിരുന്നു.

### 3.1.7.3 സ്വകാര്യ ഏജൻസിയെ ഏൽപിച്ച ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാവാതെ അവശേഷിക്കുന്നു.

കരാറുകാർ മുഖേനയും സർക്കാർ വകുപ്പുകൾ മുഖേനയും ഭവനങ്ങൾ നിർമ്മിക്കുന്നതിനും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ടുകൾ/തനത് ഫണ്ടുകൾ അല്ലാത്ത ഫണ്ടുകളിൽ നിന്ന് അനുപൂരകസഹായം അനുവദിക്കുന്നതിനും ഐ.എ.വൈ. മാർഗ്ഗനിർദ്ദേശങ്ങൾ നിരോധനം ഏർപ്പെടുത്തിയിരുന്നു. മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട്, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് 2006-07 കാലയളവിൽ വട്ടച്ചിറ ആദിവാസി കോളനിയിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക വേണ്ടിയുള്ള 39 വീടുകളുടെ നിർമ്മാണം താമരശ്ശേരി സമഗ്ര വികസനകേന്ദ്രം എന്ന ഏജൻസിയെ ഏൽപ്പിക്കുകയും ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം.) ഫണ്ടിൽ നിന്ന് വീടൊന്നിന് 47500/- രൂപയുടെ അനുപൂരകസഹായം നേടുകയും ചെയ്തു. ഏജൻസിയ്ക്ക് നൽകാനുണ്ടായിരുന്ന 29.25 ലക്ഷം രൂപയ്ക്ക് പകരം 25.56 ലക്ഷം രൂപയാണ് (ഐ.എ.വൈ. ഫണ്ട് ₹10.24 ലക്ഷം, ടി.ആർ.ഡി.എം. ഫണ്ട് ₹15.32 ലക്ഷം) നൽകിയത്. താമരശ്ശേരി സമഗ്രവികസന കേന്ദ്രം ലാഭേച്ഛ ഇല്ലാതെ പ്രവർത്തിക്കുന്ന എൻ.ജി.ഒ. ആണെന്നും ആദിവാസി വികസന വകുപ്പിനു കീഴിലുള്ള ആദിവാസി വികസന പരിപാടികൾ ഏറ്റെടുക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളതാണെന്നും ഗുണഭോക്താക്കൾ മുഖേന മാത്രമാണ് അവർക്ക് തുക നൽകിയിട്ടുള്ളതെന്നും സർക്കാർ പ്രസ്താവിച്ചു (2010 മേയ്).

2008 ഫെബ്രുവരിയ്ക്ക് മുൻപായി വീടുകൾ പൂർത്തീകരിക്കേണ്ടിയിരുന്നെങ്കിലും പുകയില്ലാത്ത അടുപ്പുകളുടെ നിർമ്മാണം, വൈദ്യുത വയറിംഗ്, കതകുകൾ സ്ഥാപിക്കൽ മുതലായ ജോലികൾ പൂർത്തിയാവാതെ ശേഷിക്കുന്നുണ്ടായിരുന്നു (2009 ജൂൺ). പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസത്തിനു കാരണം തക്കസമയത്ത് ടി.ആർ.ഡി.എം. ഫണ്ടുകൾ വിടുതൽ ചെയ്യുന്നതിലുണ്ടായ കാലതാമസമായിരുന്നെന്ന് പറഞ്ഞു. ഗുണഭോക്താക്കൾ പൂർത്തിയാകാത്ത വീടുകളിൽ താമസമാക്കേണ്ടിവന്നു. കേരള ജല അതോറിറ്റി സ്ഥാപിച്ച പൈപ്പുകളിലൂടെ അവർക്ക് ജലം കിട്ടുന്നുണ്ടായിരുന്നില്ല. അങ്ങനെ,

ഐ.എ.വൈ.യുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് സ്വകാര്യ ഏജൻസിയെ ഏല്പിച്ച വീടുകളുടെ നിർമ്മാണം പൂർത്തിയാവാതെ വരികയും കതകുകൾ, വൈദ്യുതി, ജലവിതരണം ഇവയൊന്നും ഇല്ലാതെ ഗുണഭോക്താക്കൾ വീടുകളിൽ താമസിക്കാൻ നിർബന്ധിതരാകുകയും ചെയ്തു. കേരള ജല അതോറിറ്റി വഴി നടപ്പാക്കുന്നതിന് 16 ലക്ഷത്തിന്റെ ജല വിതരണ പദ്ധതി ആദിവാസി വികസന വകുപ്പിന് അനുവദിച്ചിരുന്നതായി സർക്കാർ പ്രസ്താവിച്ചു (2010 മേയ്).

### 3.1.7.4 ഐ.എ.വൈ. പ്രകാരം നിർമ്മിച്ച വീടുകളുടെ വില്പന

ബ്ലോക്ക് പഞ്ചായത്തുകളുമായി ഗുണഭോക്താക്കൾ ഒപ്പുവച്ച വ്യവസ്ഥയനുസരിച്ച് ഐ.എ.വൈ.യിൻ കീഴിൽ നിർമ്മിച്ച വീടുകൾ വിൽക്കുന്നത് 12 വർഷത്തേക്ക് വിലക്കിയിരുന്നു. മൂന്ന്[21] ബ്ലോക്ക് പഞ്ചായത്തുകളിൽ 98,250/- രൂപ സാമ്പത്തിക സഹായം സ്വീകരിച്ചതിനു ശേഷം ഗുണഭോക്താക്കൾ വീടുകൾ/ഭൂമി അന്യാധീനപ്പെടുത്തിയതായി കണ്ടെത്തി. സബ് രജിസ്ട്രാറുമായി വീടുകൾ രജിസ്റ്റർ ചെയ്യുന്ന സംവിധാനം ഐ.എ.വൈ.യിൽ ആരംഭിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2010 ഏപ്രിൽ).

### 3.1.7.5 കുടിവെള്ള വിതരണത്തിന്റെ അഭാവം

മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, ഐ.എ.വൈ.യുടെ നടപ്പാക്കലിന് ഉത്തരവാദികളായ ഏജൻസികൾ കുടിവെള്ള വിതരണത്തിന്റെ ലഭ്യത ഉറപ്പാക്കണമായിരുന്നു. നിലമ്പൂർ, കിളിമാനൂർ, ബാലുശ്ശേരി, ചടയമംഗലം ബ്ലോക്ക് പഞ്ചായത്തുകളുടെ ഏതാനും പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന്റെ ദൗർലഭ്യം ഉണ്ടായിരുന്നെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### 3.1.7.6 ശ്രദ്ധേയമായ മറ്റ് വസ്തുതകൾ

(i) തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഒരു പട്ടികജാതി ഗുണഭോക്താവിന്റെ വീട് നിർമ്മാണം ഗുണഭോക്താവിന്റെ രജിസ്റ്ററിൽ പൂർത്തിയായെന്ന് (2009 ഫെബ്രുവരി) രേഖപ്പെടുത്തുകയും 61000/- രൂപ ഗുണഭോക്താവിനു നൽകുകയും ചെയ്തു. ആ തുക അനുവദനീയമായ പരമാവധി തുകയേക്കാൾ (₹50000) കൂടുതലായിരുന്നു. സംയുക്ത പരിശോധനയിൽ (2009 ജൂൺ) വീട് ലിന്റൽ ഭാഗംവരെ മാത്രമേ പൂർത്തിയായുള്ളുവെന്ന് കണ്ടെത്തി. ഉത്തരവാദികളായ

21 അഞ്ചൽ (എണ്ണം 2, ₹31,250), ഓച്ചിറ (എണ്ണം 1, ₹40,000), വാമനപുരം (എണ്ണം 2, ₹27,000)

ഓഫീസർമാർക്കെതിരെ ശിക്ഷണ നടപടികളെടുക്കുമെന്ന് സർക്കാർ അറിയിച്ചു (2010 മേയ്).

(ii) ഭാരത സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഐ.എ.വൈ.യ്ക്കു കീഴിൽ നിർമ്മിക്കുന്ന വീടുകളുടെ അടിത്തറയുടെ വിസ്തീർണ്ണം 20 ചതുരശ്രമീറ്ററിൽ (ച.മീ.) കുറയാൻ പാടില്ല. എന്നാൽ, അനുവദിച്ച അനുപൂരക സഹായം പരിഗണിച്ച് സംസ്ഥാന സർക്കാർ നിശ്ചയിച്ച അടിത്തറയുടെ വിസ്തീർണ്ണം 25-40 ച.മീ. ആയിരുന്നു. ഏഴ് ബ്ലോക്ക് പഞ്ചായത്തുകളിൽ ലാക്ഷണിക പരിശോധന നടത്തപ്പെട്ട 71 എണ്ണത്തിൽ 44 വീടുകളുടെ അടിത്തറ വിസ്തീർണ്ണം 41 ച.മീ. മുതൽ 95 ച.മീ. വരെ ആയിരുന്നു എന്ന് കണ്ടെത്തി. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് പാർപ്പിട യൂണിറ്റുകൾ നിർമ്മിക്കുന്നതിന്/മെച്ചപ്പെടുത്തുന്നതിന് വേണ്ടി സാമ്പത്തിക സഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചതെങ്കിലും ആറ് ബ്ലോക്ക് പഞ്ചായത്തുകളിൽ എട്ട് ഗുണഭോക്താക്കൾ 3 ലക്ഷം രൂപ മുതൽ 4.20 ലക്ഷം രൂപ വരെ ചെലവാക്കി. അടിത്തറ വിസ്തീർണ്ണം 75.76 ച.മീ മുതൽ 95 ച.മീ. വരെയുള്ള വീടുകൾ നിർമ്മിച്ചിരുന്നെന്നും ശ്രദ്ധയിൽപ്പെട്ടു. വിശദവിവരങ്ങൾ അനുബന്ധം XII-ൽ കൊടുത്തിരിക്കുന്നു. അടിത്തറ വിസ്തീർണ്ണം 40 ച.മീ. കവിയുകയാണെങ്കിൽ പിന്നീടുള്ള തവണകളിലെ സഹായം നൽകരുതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2010 മേയ്).

## അനുബന്ധം XII

അടിത്തറ വിസ്തീർണ്ണം 75.76 ചതുരശ്ര മീറ്ററും അതിന് മുകളിലുമായി പണിത വീടുകളുടെ വിവരണം

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | ഗുണഭോക്താവിന്റെ പേര്/വിഭാഗം | നൽകിയ തുക (₹)/പണിത വർഷം | പ്രസ്താവം |
|---|---|---|---|---|
| 1 | അരീക്കോട് | സുമതി, അയ്യപ്പന്റെ ഭാര്യ, കവണ്ണൂർ (പട്ടിക ജാതി) | <u>50,000</u> 2004-05 | സംയുക്ത പരിശോധനയിൽ ഗുണഭോക്താവ് അറിയിച്ച പ്രകാരം നിർമ്മാണ ചെലവ് മൂന്നു ലക്ഷം രൂപ. തറയ്ക്ക് ടൈൽസ് പാകിയിരുന്നു. |
| 2 | അരീക്കോട് | റെയിന, അജയന്റെ | <u>38,500</u> 2008-09 | 2008 ജൂലൈ 10-ന് |

| | | | | |
|---|---|---|---|---|
| | | ഭാര്യ (ജനറൽ) | | ഗ്രാമപഞ്ചായത്ത് നൽകിയ പെർമിറ്റ് പ്രകാരം തറ വിസ്തീർണ്ണം 75.76 ചതുരശ്ര മീറ്റർ ആണെന്ന് സംയുക്ത പരിശോധനയിൽ കണ്ടു. |
| 3 | ഓച്ചിറ | അംബിക, വാവള്ളൂർ കീഴതിൽ, ക്ളാപ്പന (ജനറൽ) | <u>50,000</u> 2007-08 | സംയുക്ത പരിശോധനയിൽ ഗുണഭോക്താവ് അറിയിച്ചതു പ്രകാരം നിർമ്മാണ ചെലവ് മൂന്നുലക്ഷത്തിന് മുകളിൽ. തറയ്ക്ക് ടൈൽസും മേൽക്കൂര കോൺക്രീറ്റും ആയിരുന്നു. |
| 4 | തോടന്നൂർ | ജാമി, വലിയ പറമ്പത്ത് (പട്ടികജാതി) | <u>72,000</u> 2007-08 | സംയുക്ത പരിശോധനയിൽ ബി.ഡി.ഒ. സമ്മതിച്ചതു പ്രകാരം തറവിസ്തീർണ്ണം 80 ചതുരശ്ര മീറ്ററിൽ കൂടുതൽ. |
| 5 | ഓച്ചിറ | ശിവാനന്ദൻ, മണക്കാടൻ പിള്ളിൽ (ജനറൽ) | <u>50,000</u> 2007-08 | സംയുക്ത പരിശോധനയിൽ കാണിച്ച പെർമിറ്റ് പ്രകാരം തറവിസ്തീർണ്ണം 79.38 ചതുരശ്ര മീറ്റർ. മേൽക്കൂര കോൺക്രീറ്റും തറടൈൽസും ആയിരുന്നു. ഗുണഭോക്താവ് പറഞ്ഞതനുസരിച്ച് നിർമ്മാണ ചെലവ് നാലു ലക്ഷം രൂപയ്ക്കു മുകളിലായിരുന്നു. |
| 6 | വാമനപുരം | ബി ഇന്ദിര, ചാരുവിള പുത്തൻവീട് (പട്ടികജാതി) | <u>65,830</u> 2007-08 | സംയുക്ത പരിശോധനയിൽ ഗുണഭോക്താവ് അറിയിച്ചതു പ്രകാരം തറവിസ്തീർണ്ണം 88 ച.മീ. |
| 7 | മലപ്പുറം | മാലിനി ഹരിദാസൻ (പട്ടികജാതി) | <u>70,000</u> 2006-07 | നിർമ്മാണത്തിന്റെ അടങ്കൽ തുക മൂന്നു ലക്ഷം രൂപ. വീടിന്റെ നിർമ്മാണത്തിന് ഏകദേശം അഞ്ചുലക്ഷം രൂപ ചെലവഴിച്ചു എന്ന് ഗുണഭോക്താവ് പറഞ്ഞു. തറയ്ക്ക് വിട്രിഫൈഡ് ടൈൽസ് പാകിയിരുന്നു. |
| 8 | പേരാമ്പ്ര | ബാബു, ചലിയറത്ത് | <u>68,000</u> | മേൽക്കൂര കോൺക്രീറ്റും |

| | | | | |
|---|---|---|---|---|
| | | വീട്, ഇടവനാട് | 2006-07 | തറവിട്രിഫൈഡ് ടൈൽസ്-ഉം ആയിരുന്നു. തറവിസ്തീർണ്ണം 95 ചതുരശ്ര മീറ്റർ. ബ്ലോക്ക് പഞ്ചായത്തിലെ ഓവർസീയറിന്റെ മൂല്യ നിർണ്ണയ റിപ്പോർട്ട് പ്രകാരം ചെലവ് 4.20 ലക്ഷം രൂപ. |

### 3.1.8 നിരീക്ഷണ, മൂല്യ നിർണ്ണയ നിയന്ത്രണ സംവിധാനങ്ങൾ

### 3.1.8.1 നിരീക്ഷണവും മൂല്യനിർണ്ണയവും

നാല്മ മുതൽ അഞ്ചു വർഷങ്ങൾ വരെ പിന്നിട്ടിട്ടും വീടുകൾ പൂർത്തിയാകാതെയിരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾ വീടുകൾ പൂർത്തീകരിക്കുന്നതിലെ പുരോഗതി മേൽനിരീക്ഷിക്കുന്ന സംവിധാനം ഫലപ്രദമായിരുന്നില്ല. പുരോഗതി റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിരുന്ന നേട്ടങ്ങളുടെ കണക്കുകൾ പെരുപ്പിച്ചുകാട്ടിയതായിരുന്നെങ്കിലും ബ്ലോക്ക് പഞ്ചായത്തുകൾ സമർപ്പിച്ച കണക്കുകൾ ശരിയാണെന്ന് സി.ആർ.ഡി.യും പി.എ.യു.കളും ഉറപ്പാക്കാത്തത് ഉന്നതതലത്തിലുള്ള മേൽനിരീക്ഷണത്തിന്റെ പോരായ്മയെ സൂചിപ്പിക്കുന്നു.

സി.ആർ.ഡി. 2007 ജൂണിൽ പുറപ്പെടുവിച്ച സർക്കുലർ അനുസരിച്ച് സി.ആർ.ഡി.യിൽ അഡീഷണൽ ഡെവലപ്മെൻറ് കമ്മീഷണർ, ജോയിന്റ് ഡെവലപ്മെൻറ് കമ്മീഷണർ, അസിസ്റ്റന്റ് ഡെവലപ്മെൻറ് കമ്മീഷണർ എന്നീ വിഭാഗത്തിലുള്ള ഓഫീസർമാർ നിർദ്ദേശിക്കപ്പെട്ട ജില്ലകളിൽ കുറഞ്ഞത് അഞ്ച് യൂണിറ്റുകൾ/പ്രവൃത്തികൾ ഒരു മാസത്തിൽ പരിശോധന നടത്തണമായിരുന്നു. 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഒരു യൂണിറ്റിന്റെയും/പ്രവൃത്തിയുടെയും പരിശോധന നടത്തിയില്ല. 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ അഡീഷണൽ ഡെവലപ്മെൻറ് കമ്മീഷണറും ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറും നടത്തിയ പരിശോധനകളുടെ എണ്ണം വർഷത്തിൽ മൂന്നു മുതൽ ആറ് വരെയായിരുന്നു. ലാക്ഷണിക പരിശോധന നടത്തപ്പെട്ട നാല്മ ജില്ലകളിലെ ജില്ലാതല ഓഫീസർമാരും നിർദ്ദിഷ്ട പരിപാടിയനുസരിച്ചുള്ള[22] യാതൊരു പരിശോധനയും യൂണിറ്റുകളിലും/പ്രവൃത്തികളിലും നടത്തിയിരുന്നില്ല.

22 പി.എ.യു. പ്രോജക്ട് ഡയറക്ടറുടെ രണ്ട് പരിശോധനകൾ, അസിസ്റ്റൻറ് പ്രോജക്ട് ഓഫീസർ, എ.ഡി.സി. (ജിഎൽ), ആർ.ഐ.ഒ., ഡി.ഡബ്ള്യ.ഡബ്ള്യ.ഒ. ഇവരുടെ മൂന്നു പരിശോധനകൾ വീതം

മാർഗ്ഗനിർദ്ദേശങ്ങൾ ഐ.എ.വൈ.യുടെ നടപ്പാക്കലിന് ആനുകാലിക മൂല്യനിർണ്ണയ പഠനങ്ങൾ വിഭാവനം ചെയ്തിരുന്നെങ്കിലും, ലാക്ഷണിക പരിശോധന നടത്തപ്പെട്ട നാലു ജില്ലകളിൽ ഒരു ഏജൻസിയും യാതൊരു മൂല്യനിർണ്ണയവും നടത്തിയില്ല. ചെലവുകുറഞ്ഞ സാമഗ്രികൾക്കാവശ്യമായ സാങ്കേതിക വിദ്യകൾ സ്വീകരിച്ചുകൊണ്ട് അത്യാഹിതത്തെ ചെറുക്കുന്നതും പരിതസ്ഥിതിയ്ക്കനുയോജ്യവുമായ വീടുകൾ നിർമ്മിക്കുന്നതിനാണ് ഐ.എ.വൈ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഐ.എ.വൈ.യുടെ കീഴിൽ നിർമ്മിക്കപ്പെട്ട വീടുകളുടെ സാങ്കേതികവിദ്യാ സംബന്ധമായ വിലയിരുത്തൽ നടത്തിയിരുന്നില്ല.

ഐ.എ.വൈ.യുടെ കീഴിൽ നിർമ്മിക്കപ്പെട്ട/മെച്ചപ്പെടുത്തൽ നടത്തിയ വീടുകളെ സംബന്ധിച്ച് നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിച്ചതുമായ തീയതികൾ, ഗുണഭോക്താക്കൾ താമസമാക്കിയതും മറ്റ് ബന്ധപ്പെട്ട വിവരങ്ങളും ഉൾക്കൊള്ളുന്ന പൂർണ്ണമായ ഒരു വിവരപ്പട്ടിക നിർവ്വഹണ ഏജൻസികൾ സൂക്ഷിക്കേണ്ടതുണ്ടായിരുന്നെങ്കിലും ലാക്ഷണിക പരിശോധന നടത്തപ്പെട്ട 16 ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരിടത്തും അവ സൂക്ഷിച്ചിരുന്നില്ല. പ്രത്യുത ഗുണഭോക്താവിന്റെ പേരും വിഭാഗവും നൽകിയ തുകകളുടെ വിശദ വിവരങ്ങളും മാത്രം കാണിക്കുന്ന വർഷം തിരിച്ചുള്ള ഗുണഭോക്താക്കളുടെ രജിസ്റ്ററുകൾ മാത്രമെ സൂക്ഷിച്ചിരുന്നുള്ളൂ. ഒരു വിവരപ്പട്ടികയുടെ അഭാവത്തിൽ യഥാസമയം പരിഹാര നടപടികളെടുക്കുന്നതിനു വേണ്ടി പൂർത്തിയാകാതെ ശേഷിക്കുന്ന വീടുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് പ്രയാസമായിരുന്നു.

### 3.1.8.2. ആന്തരിക നിയന്ത്രണം

ഗ്രാമസഭകൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിന് ഗ്രാമ പഞ്ചായത്തുതലത്തിൽ ഫലപ്രദമായ ആന്തരിക നിയന്ത്രണ സംവിധാനം ഉണ്ടായിരുന്നില്ല. ക്രെഡിറ്റ്-കം-സബ്സിഡി പദ്ധതിയുടെ കീഴിൽ സബ്സിഡി നൽകുന്നത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തുകളിലുണ്ടായിരുന്ന ആന്തരിക നിയന്ത്രണ സംവിധാനം ദുർബലമായിരുന്നു. ഇത് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിൽ കുറവു വരുന്നതിനും ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാകുന്നതിന് മുൻപുതന്നെ ബാങ്കുകൾക്ക് മുൻകൂറായി സബ്സിഡി വിട്ടുതൽ ചെയ്യുന്നതിനും വഴിതെളിച്ചു

### 3.1.9 നിഗമനം

ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെ ഗുണഭോക്താക്കളുടെ പട്ടികകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അയച്ചുകൊണ്ടിരുന്നു. ഭവന നിർമ്മാണത്തിനു വേണ്ടി ഗുണഭോക്താക്കൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ സാമ്പത്തിക സഹായം നേരത്തെ ലഭ്യമാക്കിയിരുന്നില്ലെന്ന് ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും ഉറപ്പാക്കിയില്ല. പുരോഗതി റിപ്പോർട്ടുകളിൽ നേട്ടങ്ങളുടെ പെരുപ്പിച്ച കണക്കുകൾ ഉൾപ്പെട്ടിരുന്നു. പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ അനുപൂരകസഹായത്തിന്റെ കുറഞ്ഞ വകയിരുത്തൽ ഗുണഭോക്താക്കൾക്ക് ധനസഹായം നിഷേധിക്കുവാനിടയാക്കി. ചെലവിന്റെ കണക്കുകൾ പെരുപ്പിച്ച് കാണിക്കുന്നതിനായി ആവശ്യത്തിന് മുൻപുതന്നെ ബ്ലോക്ക് പഞ്ചായത്തുകൾ ഫണ്ടുകൾ പിൻവലിച്ചു. സർക്കാരിന്റെ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഐ.എ.വൈ. ഫണ്ടുകളിൽ നിക്ഷേപിക്കുന്നതിനു വേണ്ടി എട്ട് ബ്ലോക്ക് പഞ്ചായത്തുകൾ ഒന്നിലധികം എസ്.ബി. അക്കൗണ്ടുകൾ സൂക്ഷിച്ചിരുന്നു. ക്രെഡിറ്റ്-കം-സബ്സിഡി പദ്ധതിയുടെ കീഴിൽ സബ്സിഡി വിട്ടുതൽ ചെയ്തതിൽ 59.60 ലക്ഷം രൂപയുടെ കുറവുണ്ടായി. ലാക്ഷണിക പരിശോധന നടത്തപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിൽ ഗുണഭോക്താക്കൾക്കു നൽകിയ തുകകളിൽ നിന്ന് ക്രമരഹിതമായ കുറയ്ക്കലുകൾ നടത്തിയതായി കണ്ടെത്തി.

### 3.1.10 ശിപാർശകൾ

- ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ നിന്നും/ മറ്റു വകുപ്പുകളിൽ നിന്നും നേരത്തെ സാമ്പത്തിക സഹായം ലഭ്യമായിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിർദ്ദേശങ്ങൾ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കേണ്ടതാണ്.
- എട്ടു വർഷത്തിലധികമായി ബ്ലോക്ക് പഞ്ചായത്തുകളുടെ/പിഎയുകളുടെ ടി.പി. അക്കൗണ്ടുകളിൽ വിനിയോഗിക്കാതെ കിടക്കുന്ന ഭീമമായ തുകകൾ പിൻവലിക്കുന്നതിനും വിനിയോഗിക്കുന്നതിനും നടപടികൾ എടുക്കേണ്ടതാണ്.
- ആവശ്യകതകൾ നേരിടുന്നതിനു മുൻപു തന്നെ ഫണ്ടുകൾ പിൻവലിക്കുന്നത് നിയന്ത്രിക്കേണ്ടതാണ്.

- ഗുണഭോക്താക്കൾ വീടുകൾ വില്പന നടത്തുന്നത് തടയുന്നതിന് ഐ.എ.വൈ. വീടുകളെ സംബന്ധിക്കുന്ന പ്രമാണരേഖകൾ 12 വർഷത്തേക്ക് സർക്കാരിന് ഈടുനൽകുന്നതിന് പരിഗണിക്കേണ്ടതാണ്.
- പദ്ധതിയുടെ നടപ്പാക്കൽ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനത്ത് പദ്ധതിയുടെ സ്വാധീനം സർക്കാർ അവലോകനം ചെയ്യേണ്ടതാണ്.

ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടിയെടുക്കുമെന്ന് സർക്കാർ അറിയിച്ചു (2010 മേയ്).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

1. ഗ്രാമ/ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് കേന്ദ്രാവിഷ്കൃത പദ്ധതികളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്യുന്നതിൽ നിലവിൽ കാലതാമസം ഉണ്ടാകുന്നില്ലെന്നും കേന്ദ്ര വിഹിതം ലഭിച്ച് കഴിഞ്ഞാൽ ബഡ്ജറ്റ് പ്രൊവിഷന്റെ അടിസ്ഥാനത്തിൽ ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ അപേക്ഷ സമർപ്പിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ അധിക ധനാനുമതിയിലൂടെ ഫണ്ട് ലഭ്യമാക്കുന്നുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയുടെ ചോദ്യത്തിനുത്തരമായി അറിയിച്ചു പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു

2. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വഴിയുള്ള അനുപൂരക സഹായത്തിന്റെ കുറഞ്ഞ വകയിരുത്തൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് അനുപൂരക സഹായം വകയിരുത്തണമെന്ന നിയമം നിലവിൽ വന്നതിനുശേഷം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും പ്രസ്തുത തുക കൃത്യമായി വകയിരുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് ഇക്കാര്യത്തിൽ പ്രത്യേക പരാമർശങ്ങളുണ്ടായിരുന്ന ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ടെന്ന് റൂറൽ

ഡെവലപ്മെന്റ് കമ്മീഷണർ മറുപടി നൽകി. പ്രസ്തുത മറുപടിയും ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയും സമിതി അംഗീകരിച്ചു

3. ചെക്കുകൾ പിൻവലിക്കുന്നതിൽ അപാകത വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് 2008-09 വർഷത്തിൽ ഐ.എ.വൈ. പദ്ധതിയോടനുബന്ധിച്ച് അധികതുക ആളുമാറി വിതരണം ചെയ്യുകയാണുണ്ടായതെന്നും ആയത് തിരിച്ച് പിടിച്ച് യഥാർത്ഥ ഗുണഭോക്താവിന് വിതരണം ചെയ്തിട്ടുണ്ടെന്നും ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ലെന്നും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതിയിൽ വ്യക്തമാക്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഭരണ വകുപ്പിന് മറുപടി നൽകിയിട്ടുണ്ടെന്നും 2009 മാർച്ച് 31-ന് മുൻപ് ചെക്കുകൾ വിതരണം ചെയ്തതിൽ വന്ന അപാകത പൂർണ്ണമായും പരിഹരിച്ചിട്ടുണ്ടെന്നും അത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുള്ളതായി റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ പറഞ്ഞു

4. ഓഡിറ്റ് പരാമർശം സംബന്ധിച്ച സർക്കാർ മറുപടിയിൽ വ്യക്തതയില്ലെന്ന് വിലയിരുത്തിയ സമിതി, ചെക്കുകൾ വിതരണം ചെയ്യുന്നതിലുണ്ടായ അപാകതകൾ എങ്ങനെയാണ് പരിഹരിച്ചത് എന്നതും പദ്ധതി നിർവ്വഹണ പുരോഗതി റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് മേൽനോട്ട സംവിധാനം നിലവിലുണ്ടോ യെന്നതും സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചു

5. കുന്ദമംഗലം ബ്ലോക്കിലെ 9 ഗുണഭോക്താക്കൾക്ക് 1.33 ലക്ഷം രൂപ ഐ.എ.വൈ. വിഹിതം മുൻകൂർ ചെക്കായി എഴുതി വച്ചുവെന്നും പിന്നീട് 4 ഗുണഭോക്താക്കൾക്ക് 44,900/- രൂപ നൽകിയിരുന്നതായും ഗുണഭോക്താക്കൾക്ക് താല്പര്യമില്ലാത്തതിനാൽ 88,100/- രൂപയുടെ 5 ചെക്കുകൾ ക്യാൻസൽ ചെയ്തുവെന്നും ആയത് പട്ടികയിലെ അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

6. 2008-09 സാമ്പത്തിക വർഷത്തെ പ്രോജക്ട് സ്പിൽ ഓവറായതിനാൽ തുക നൽകുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ചെക്കുകൾ മുൻകൂറായി പിൻവലിച്ചത് സംബന്ധിച്ച് പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

7. ലഭ്യമായ ഫണ്ടിലും അധികമായ തുകയ്ക്ക് ചെക്ക് നൽകിയതു സംബന്ധിച്ച് സമിതി പരിശോധിക്കുകയും നിലവിൽ പി.എ.യു. ടാർജറ്റ് അനുസരിച്ച് എഗ്രിമെന്റ് വയ്ക്കുന്നുണ്ടോയെന്നും ആയത് പ്രകാരമാണോ ചെക്കുകൾ നൽകുന്നതെന്നും സമിതി ആരാഞ്ഞതിന് ഐ.എ.വൈ. പദ്ധതി നിലവിലുണ്ടായിരുന്നപ്പോൾ കേന്ദ്ര സർക്കാർ നേരിട്ട് പി.എ.യു.വിന്റെ അക്കൗണ്ടിലേയ്ക്ക് ഫണ്ട് ലഭ്യമാക്കിയ അവസരത്തിൽ ഗഡുക്കളായി ലഭ്യമാക്കിയ തുകയ്ക്ക് പലിശ കണക്കാക്കിയതിൽ അപാകത ഉണ്ടായെന്നും പി.എം.എ.വൈ. ആരംഭിച്ചപ്പോൾ പി.എഫ്.എം.എസ്. വഴി ബാക്കി തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചുവെന്നും നിലവിൽ കേന്ദ്ര സർക്കാർ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് തുക അനുവദിക്കുകയാണ് ചെയ്യുന്നതെന്നും തിരുവനന്തപുരം പ്രോജക്ട് ഡയറക്ടർ സമിതിയിൽ അറിയിച്ചു പ്രസ്തുത വിശദീകരണം സമിതി അംഗീകരിച്ചു

8. കൊട്ടാരക്കര, മലപ്പുറം ഒഴികെയുള്ള ബ്ലോക്ക് പഞ്ചായത്തുകളിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് ലഭ്യമായ ഫണ്ടിന്റെ മൂന്ന് ശതമാനം വകയിരുത്തുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അപാകതകൾ കണ്ടെത്തിയ പഞ്ചായത്തുകൾ ലഭ്യമാക്കിയ മറുപടിയിൽ അപ്രകാരം തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുള്ളതായി റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ നൽകിയ വിശദീകരണം സമിതി അംഗീകരിച്ചു

9. ക്രെഡിറ്റ് കം സബ്സിഡി എന്ന ഓഡിറ്റ് പരാമർശം ഉള്ളതായി അറിയില്ലെന്ന മലപ്പുറം പ്രോജക്ട് ഡയറക്ടറുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. പത്ത് വർഷം മുൻപുള്ള പദ്ധതിയാണെന്നും ഗുണഭോക്താക്കൾ വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നും അക്കാര്യത്തിൽ സർക്കാരിന് നഷ്ടമുണ്ടായിട്ടില്ലെന്നും റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ അറിയിച്ചു നൽകേണ്ടിരുന്ന 12,500/- രൂപയിൽ 10,000/- രൂപ മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിരുന്നതെന്നും, പിന്നീട് ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്നും നിലവിൽ അതു സംബന്ധിച്ച് യാതൊരു പെന്റിംഗും ഇല്ലെന്നും അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു 2004 ഏപ്രിൽ മുതൽ 10,000/- രൂപയിൽ നിന്നും 12,500/- രൂപയായി വർദ്ധിപ്പിച്ച സബ്സിഡി തുകയിൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകുവാനുള്ള തുക നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു അധികരിച്ച

സബ്സിഡി നൽകാത്തത് സംബന്ധിച്ച് ബാങ്കുകളിൽ നിന്ന് ഗുണഭോക്താക്കൾക്ക് പലിശ ഉൾപ്പെടെ ലഭിക്കേണ്ട അർഹമായ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പഞ്ചായത്ത് വകുപ്പ് ലഭ്യമാക്കിയ മറുപടിയിലെ അപാകത തിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

10. ബാങ്ക് അക്കൗണ്ടുകളുടെ സൂക്ഷിപ്പ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിലുള്ള രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ എസ്.ബി.ടി. ബാലുശ്ശേരിയിലുള്ള അക്കൗണ്ട് റദ്ദ് ചെയ്യുവെന്നും കാനറാ ബാങ്കിലെ അക്കൗണ്ടിൽ മാത്രമേ ഐ.എ.വൈ. ഫണ്ട് വിനിയോഗം നടത്തിയിട്ടുള്ളുവെന്നും നിലവിൽ തുക എസ്.ബി.ടി അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുകയാണ് ചെയ്യുന്നതെന്നും ബാലുശ്ശേരി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ വിശദീകരിച്ചു. പ്രസ്തുത വിശദീകരണം സമിതി അംഗീകരിച്ചു.

11. ഭവനങ്ങൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം ശേഖരിക്കൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൊല്ലം ചിന്നക്കട ശാഖയിലെ കാനറ ബാങ്കിലെ എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന ഐ.എ.വൈ. ഗുണഭോക്താക്കളുടെ ഇൻഷ്വറൻസ് തുക 04.05.2010-ൽ പ്രോജക്റ്റ് പ്രകാരമുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പലിശ സഹിതം 4,13,00/-രൂപ ഐ.എ.വൈ മെയിൻ അക്കൗണ്ടിൽ നിക്ഷേപിച്ചതായാണ് അറിയാൻ കഴിഞ്ഞതെന്നും ബാങ്കിൽ നിക്ഷേപിച്ച മുഴുവൻ തുകയുടെയും രേഖകൾ പൂർണ്ണമായും ലഭ്യമായ ശേഷം സമിതിക്ക് മറുപടി ലഭ്യമാക്കാമെന്നും കൊല്ലം പ്രോജക്റ്റ് ഡയറക്ടർ വ്യക്തമാക്കി.

12. ലൈഫ് മിഷൻ പദ്ധതിയിൽ നിർമ്മിക്കുന്ന ഭവനങ്ങൾക്ക് ഇൻഷ്വറൻസ് കവറേജും സർക്കാർ അംഗീകാരവും ലഭ്യമാക്കേണ്ടതുണ്ടെന്നും എന്നാൽ ഐ.എ.വൈ. പദ്ധതിയിൽ പ്രസ്തുത പ്രൊപ്പോസൽ ഇല്ലായിരുന്നുവെന്നും സർക്കാർ അനുമതിയില്ലാതെ എങ്ങനെയാണ് പദ്ധതി നടപ്പാക്കിയതെന്ന് അന്വേഷിക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

13. 2002 മുതലാണ് ഗുണഭോക്താക്കളിൽ നിന്നും ഇൻഷ്വറൻസ് പ്രീമിയം ശേഖരിച്ചിരുന്നതെന്നും 2005 ഓടുകൂടി ഇൻഷ്വറൻസ് പോളിസി എടുക്കാൻ കഴിയാത്തതിനാൽ ടി തുക എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചുവെന്നും അക്കൗണ്ട് നമ്പറിന്റെ കാര്യത്തിൽ സംശയം ഉണ്ടായതിനാലാണ് ഓഡിറ്റിന് മറുപടി നൽകാൻ കഴിയാത്തതെന്നും പാൻകാർഡിലൂടെ എല്ലാ

അക്കൗണ്ടുകളിലെയും സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ നിന്നും തുക ഐ.എ.വൈ. യുടെ പ്രോഗ്രാം ഫണ്ടിലേക്ക് തിരിച്ചടച്ചതായി കണ്ടെത്തിയെന്നും നിലവിൽ ആയതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ലഭിച്ചിട്ടുണ്ടെന്നും കൊല്ലം പ്രോജക്ട് ഡയറക്ടർ അറിയിച്ചു. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു

14. ഗുണഭോക്താക്കൾക്കുള്ള തുകയിൽ നിന്നും ക്രമരഹിതമായി കുറവ് ചെയ്തത് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് കുറവ് ചെയ്ത തുക പരിശോധിച്ച് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കാമെന്ന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പുകയില്ലാത്ത അടുപ്പും മറ്റ് സൗകര്യങ്ങളുമില്ലാത്ത പാവപ്പെട്ട ജനങ്ങളിൽ നിന്നാണ് തുക കുറവ് ചെയ്തതെന്നും ഓഡിറ്റ് പരാമർശത്തിൽ നടപടി ഒന്നും സ്വീകരിച്ചിട്ടില്ലെന്നും വിലയിരുത്തിയ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വീടുകൾ വൈദ്യുതീകരിക്കാത്തതുകൊണ്ട് കുറവ് വരുത്തിയ തുക അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ച് അടിയന്തര റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചതിന് ആയതിന് നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ഉറപ്പ് നൽകി.

15. ക്രമരഹിതമായി തിരിച്ചുപിടിച്ച തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിന് അഞ്ചൽ ബ്ലോക്ക് നടപടി സ്വീകരിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ഗുണഭോക്താക്കൾക്ക് നൽകിയ വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ലാത്തതിനാൽ തുകകളൊന്നും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് തിരികെ പിടിച്ചിട്ടില്ലെന്ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സമിതിയെ അറിയിച്ചു

16. അർഹരല്ലാത്ത ഗുണഭോക്താക്കളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അതുമായി ബന്ധപ്പെട്ട ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചു

17. ബ്ലോക്ക് പഞ്ചായത്തുകൾ നൽകുന്ന കണക്കുകൾ സംബന്ധിച്ച് പദ്ധതികളെല്ലാം വ്യക്തമായി ഓരോ മാസവും അവലോകനവും നടത്തുന്നുണ്ടെന്നും ഓരോ സ്റ്റേജും വിലയിരുത്തിയ ശേഷമാണ് കണക്കുകൾ പരിശോധിക്കുന്നതെന്നും നിർമ്മാണ ഏജൻസികൾ നിർമ്മാണം/മെച്ചപ്പെടുത്തൽ നടത്തിയ വീടുകളുടെ വിവരപ്പട്ടിക ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുണ്ടെന്നും അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചു

## ശിപാർശകൾ

**18. വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രവിഹിതം ഗുണഭോക്താക്കൾക്ക് ചെക്ക് മുഖാന്തിരം അനുവദിച്ചതിൽ ഗുരുതരമായ വീഴ്ചകൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം സമിതി മുമ്പാകെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ ചെക്കുകൾ വിതരണം ചെയ്തതിലെ അപാകതകൾ, അവ പരിഹരിച്ചത് എങ്ങനെ, പ്രസ്തുത പരിഹാര നടപടികൾ ക്രമപ്രകാരമാണോ എന്നത് സംബന്ധിച്ച് കേന്ദ്ര വിഹിതം ഉപയോഗിച്ചുള്ള പദ്ധതി നിർവ്വഹണത്തിലെ മേൽനോട്ടത്തിനായി വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഫലപ്രദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ, അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്നിവ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**19. 2008-09 സാമ്പത്തിക വർഷത്തെ പ്രോജക്ട് സ്പിൽ ഓവറായതിനാൽ തുക നൽകുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ചെക്കുകൾ മുൻകൂറായി പിൻവലിച്ചത് സംബന്ധിച്ച് പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**20. ക്രഡിറ്റ്-കം-സബ്സിഡി ഇനത്തിൽ അനുവദിച്ചിരുന്ന സബ്സിഡി തുക 2004 ഏപ്രിൽ മാസം മുതൽ 10,000 രൂപയിൽ നിന്നും 12500 രൂപയായി വർദ്ധിപ്പിച്ചെങ്കിലും വർദ്ധിപ്പിച്ച തുക ഗുണഭോക്താക്കൾക്ക് നൽകിയതായി**

കാണുന്നില്ല. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

21. അധികരിച്ച സബ്സിഡി നൽകാത്തത് സംബന്ധിച്ച് പഞ്ചായത്ത് വകുപ്പ് രേഖാമൂലം ലഭ്യമാക്കിയ മറുപടിയിലെയും തെളിവെടുപ്പ് വേളയിൽ സമിതിയ്ക്ക് നൽകിയ മറുപടിയിലെയും വൈരുദ്ധ്യം തിരുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ഐ.എ.വൈ. പദ്ധതിയിൻ കീഴിൽ നിർമ്മിച്ച വീടുകളുടെ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി കൊല്ലം ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ ശേഖരിച്ച തുക ചിന്നക്കട ശാഖയിലെ കാനറാ ബാങ്കിന്റെ എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നതായുള്ള ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ നിക്ഷേപിക്കപ്പെട്ട ഗുണഭോക്താക്കളുടെ ഇൻഷ്വറൻസ് തുകയും പലിശയും ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

23. ഐ.എ.വൈ. പദ്ധതി ഗുണഭോക്താക്കളിൽ നിന്നും ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ 2002 മുതലുള്ള കാലയളവിൽ തുക ഈടാക്കിയിരുന്നെങ്കിലും അത് കൃത്യമായി വിനിയോഗിക്കാതെ 2005 കാലയളവ് മുതൽ ഇൻഷ്വറൻസ് പോളിസി എടുക്കാൻ കഴിയാതെ വരുകയും തുക ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്ത സാഹചര്യത്തിൽ പോളിസി ഇനത്തിൽ പിരിച്ച തുക, അക്കൗണ്ടിൽ നിക്ഷേപിച്ച തുക പിന്നീട് ക്രമപ്പെടുത്തിയതെങ്ങനെ എന്നിവ സംബന്ധിച്ചും അന്നത്തെ കാലയളവിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

24. വീടുകൾ വൈദ്യുതീകരിക്കാത്തതുകൊണ്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയിൽ കുറവ് വരുത്തിയ തുക സംബന്ധിച്ച് പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് അടിയന്തര റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 3.2 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ പദ്ധതികൾ

**പ്രസക്തഭാഗങ്ങൾ**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് പഞ്ചായത്ത് പരിധികളിലെ ജലവിതരണത്തിനും അഴുക്കുചാൽ നിർമ്മാണത്തിനും വേണ്ടിയുള്ള പദ്ധതികളുടെ തയ്യാറാക്കലിനും നടത്തിപ്പിനും ഉള്ള അവകാശവും അധികാരവും ഈ പദ്ധതികൾ നടപ്പാക്കുന്ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പദ്ധതി നടപ്പാക്കലിൽ ശരിയായ ആസൂത്രണമില്ലായ്മ, കുടിവെള്ള വിതരണപദ്ധതി ആസൂത്രണം ചെയ്യുന്നതിനായി വിശ്വാസയോഗ്യമായ വിവരങ്ങളുടെ അഭാവം, വകയിരുത്തിയ പണം നഷ്ടപ്പെടാതിരിക്കുന്നതിനു വേണ്ടി വർഷാവസാനം കേരള ജല അതോറിറ്റി/ ഭൂഗർഭ ജലവകുപ്പ് എന്നിവരെ പദ്ധതികൾ ഏൽപ്പിക്കുക, അയഥാർത്ഥമായ എസ്റ്റിമേറ്റ് തയ്യാറാക്കിയത് വഴി അധിക നിക്ഷേപത്തിനു കാരണമാകുക മുതലായവ ഓഡിറ്റിൽ വെളിപ്പെട്ടു

- കുടിവെള്ള ലഭ്യത പൂർണ്ണമായി ഉള്ളതും ഭാഗികമായി ഉള്ളതും പൂർണ്ണമായി ഇല്ലാത്തതും ആയ സ്ഥലങ്ങളെപ്പറ്റിയുള്ള വിശദമായ മാപ്പ് ലാക്ഷണിക പരിശോധന നടത്തിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ തയ്യാറാക്കാതിരുന്നതിനാൽ നിലവിലുള്ള കുടിവെള്ള ലഭ്യതയുടെ നിജസ്ഥിതി കിട്ടുന്നില്ല

  (ഖണ്ഡിക 3.2.6.1)

- പൂർത്തിയാക്കിയതോ/ ഉപേക്ഷിക്കപ്പെട്ടതോ ആയ 188 ജോലികളുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയിൽ 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ അധികമായി നിക്ഷേപിച്ചിരുന്ന 2.37 കോടി രൂപ തിരിച്ച് പിടിച്ചില്ല

  (ഖണ്ഡിക 3.2.7.1)

- പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സെന്റേജ് ചാർജ് നൽകേണ്ട ആവശ്യമില്ലെങ്കിലും 2004-05 മുതൽ 2008-09 വരെ നിക്ഷേപിച്ച തുകയിൽ നിന്ന് കേരള ജല അതോറിറ്റി സെന്റേജ് ചാർജ് ഇനത്തിൽ 3.30 കോടി രൂപ വസൂലാക്കി.

(ഖണ്ഡിക 3.2.7.4)

- കാലാകാലങ്ങളിലുള്ള പരിശോധനകൾക്കും കുടിവെള്ളത്തിന്റെ ഗുണമേൻമ ഉറപ്പാക്കുന്നതിനും ഉള്ള ഒരു പദ്ധതിയും ലാക്ഷണിക പരിശോധന നടത്തപ്പെട്ട ഒരു പഞ്ചായത്ത് രാജ് സ്ഥാപനവും ആവിഷ്കരിച്ചിട്ടില്ല.

(ഖണ്ഡിക 3.2.9.4)

- പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ആന്തരിക നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമായിരുന്നില്ല.

(ഖണ്ഡിക 3.2.9.5)

### 3.2.1 ആമുഖം

പഞ്ചായത്തിന്റെ പരിധിക്കുള്ളിലെ കുടിവെള്ള വിതരണ പദ്ധതികൾ തയ്യാറാക്കുന്നതിന്റെയും നടപ്പാക്കുന്നതിന്റെയും അവകാശവും അധികാരവും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (കെപിആർ നിയമം) അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 1986-ലെ കേരള വാട്ടർ സപ്ളൈ ആൻറ് സിവറേജ് നിയമപ്രകാരം സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന്റെ ഉത്തരവാദിത്വം കേരള ജല അതോറിറ്റിക്കാണെങ്കിലും സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനം വഴി കേരള ജല അതോറിറ്റിയെ ഇതിൽ നിന്ന് വിമുക്തമാക്കാനും പഞ്ചായത്തിന്റെ

പ്രയോജനത്തിന് വേണ്ടി എല്ലാ യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, പമ്പിംഗ് സ്റ്റേഷൻ, കെട്ടിടങ്ങളും അതിരിക്കുന്ന സ്ഥലങ്ങളും, കുടിവെള്ള വിതരണം, വെള്ളക്കരം നിശ്ചയിക്കലും വസൂലാക്കലും മുതലായവയുടെ മേൽനോട്ടം അതാത് പഞ്ചായത്തിന് കൈമാറാവുന്നതാണ്. അതിൻപ്രകാരം കേരള ജല അതോറിറ്റിയുടെ 371 പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് ഇതുവരെ (2009 ജൂൺ) കൈമാറിയിട്ടുണ്ട്.

### 3.2.2 ഘടനാനില

തദ്ദേശ സ്വയംഭരണ വകുപ്പാണ് സംസ്ഥാന തലത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഭരണവകുപ്പ്. കുടിവെള്ള വിതരണ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ സെക്രട്ടറിമാരാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ കുടിവെള്ള വിതരണ പദ്ധതിയുടെ സംഘാടക സമിതിയിൽ വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, പഞ്ചായത്ത് രാജ് സ്ഥാപനം, സാങ്കേതിക ഉപദേശക സമിതി, ജില്ലാ ആസൂത്രണ സമിതി എന്നിവ ഉൾപ്പെടുന്നു. കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ കമ്മിറ്റികളുടെ/ ഗ്രൂപ്പുകളുടെ ഉത്തരവാദിത്വങ്ങൾ താഴെ കൊടുത്തിരിക്കുന്ന ഫ്ളോ ചാർട്ടിൽ കാണിച്ചിരിക്കുന്നു.

ചാർട്ട് 1 : കുടിവെള്ള വിതരണ പദ്ധതിയുടെ രൂപീകരണത്തിൽ വിവിധ കമ്മിറ്റികൾ/ ഗ്രൂപ്പുകളുടെ ഉത്തരവാദിത്വം കാണിച്ചിരിക്കുന്ന ഫ്ളോ ചാർട്ട്

വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നു (രൂപീകരണം: ഉദ്യോഗസ്ഥർ, തെരഞ്ഞെടുത്ത പ്രതിനിധികൾ, വിദഗ്ധർ, ഓരോ വികസന തലങ്ങളിലും കർമ്മനിരതർ തെരഞ്ഞെടുത്ത പ്രതിനിധിയാണ് ചെയർപേഴ്സൺ).

↓

ഗ്രാമസഭകൾ പ്രശ്നങ്ങളും മുൻഗണനകളും തിരിച്ചറിയുന്നു (രൂപീകരണം ഗ്രാമത്തിലെ തൊഴിലാളികൾ ഗ്രാമത്തിലെ തെരഞ്ഞെടുത്ത പ്രതിനിധിയാണ് കൺവീനർ).

പഞ്ചായത്ത് രാജ് സ്ഥാപനം കരട് പ്ലാനുകളും പദ്ധതികളും തീർപ്പാക്കുന്നു (രൂപീകരണം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺ, തെരഞ്ഞെടുത്ത പ്രതിനിധികൾ).

↓

സാങ്കേതിക ഉപദേശക സമിതി പദ്ധതികൾ സൂക്ഷ്മപരിശോധന നടത്തുകയും സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നു (രൂപീകരണം സർക്കാർ വകുപ്പുകൾ, അക്കാദമിക്ക് സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, പ്രഫഷണൽ കോളേജുകൾ മുതലായവയിലെ വിദ്ഗ്ധർ)

↓

ജില്ലാ ആസൂത്രണ സമിതി പ്രോജക്ട് അംഗീകാരം നൽകുന്നു (രൂപീകരണം തെരഞ്ഞെടുത്ത പ്രതിനിധികൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമാണ്).

ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൾ കരാറുകാർ മുഖേനയോ ഡെപ്പോസിറ്റ് വർക്കായി കേരള ജല അതോറിറ്റി, ഭൂഗർഭജല

വകുപ്പ്, കേരള ആഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ എന്നിവയിലൂടെയോ ആണ് നടപ്പാക്കുന്നത്.

### 3.2.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെപ്പറയുന്നവ ഉറപ്പാക്കുന്നതിനു വേണ്ടിയാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്.

- കുടിവെള്ള വിതരണ പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ട ആസൂത്രണം ശരിയായിരുന്നുവോ;
- ലഭ്യമായ ഫണ്ട് കാര്യക്ഷമവും ലാഭകരവുമായിട്ടാണോ ഉപയോഗിച്ചത്;
- പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമായിരുന്നോ,
- സുഗമമായ നടത്തിപ്പ്, പരിപാലനം, മേൽനോട്ടം, നിയന്ത്രണം മുതലായവ ഉറപ്പാക്കുന്നതിന് വേണ്ട ശരിയായ സംവിധാനം നിലവിലുണ്ടോ.

### 3.2.4 ഓഡിറ്റ് മാനദണ്ഡങ്ങൾ

നടപ്പിലാക്കപ്പെട്ട കുടിവെള്ള വിതരണ പദ്ധതികളുടെ പ്രവർത്തനക്ഷമത വിലയിരുത്തുവാൻ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും അനുബന്ധ നിയമങ്ങളിലെയും ബന്ധപ്പെട്ട ഭാഗങ്ങൾ, X, XI പ്ലാൻ പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ, സംസ്ഥാന ജല നയം (2008), ഓരോ പദ്ധതിയുടേയും കരട് പ്രോജക്റ്റ് റിപ്പോർട്ട്, ഓരോ സ്കീമിന്റെയും പദ്ധതികളുടെ നിർവ്വഹണ പ്ളാൻ എന്നിവയാണ് ഓഡിറ്റ് മാനദണ്ഡമായി ഉപയോഗിച്ചത്.

### 3.2.5 ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

2004-05 മുതൽ 2008-09 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളാണ് 2009 ഫെബ്രുവരി മുതൽ 2009 ജൂൺ വരെ നടത്തിയ ഓഡിറ്റിൽ പരിശോധിച്ചത്. റാൻഡം സാംപ്ളിങ്ങ് രീതി ഉപയോഗിച്ച് സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്ന് മൂന്ന്[23] ജില്ലകളെ ഓഡിറ്റിനായി തെരഞ്ഞെടുത്തു. മലമ്പ്രദേശങ്ങളുള്ള പിന്നോക്ക ജില്ലയായ വയനാട്ടും ഓഡിറ്റിനായി തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത നാല് ജില്ലകളിൽ നിന്ന് ഏഴ് ബ്ളോക്ക് പഞ്ചായത്തുകളും 26 ഗ്രാമപഞ്ചായത്തുകളും വിശദമായ ഓഡിറ്റിനായി തെരഞ്ഞെടുത്തു (**അനുബന്ധം XIII**), ഫയലുകൾ, റിക്കാർഡുകൾ മുതലായവയുടെ സൂക്ഷ്മ പരിശോധന, സ്ഥലപരിശോധന എന്നീ മാർഗ്ഗങ്ങളാണ് ഓഡിറ്റിൽ അവലംബിച്ചത്. 2010 ഏപ്രിലിൽ സർക്കാരിലെ പ്രിൻസിപ്പൽ സെക്രട്ടറിയുമായി നടത്തിയ അന്തിമ കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ കണ്ടെത്തലുകളും ശുപാർശകളും ചർച്ച ചെയ്യുകയുണ്ടായി. മറുപടി ആവശ്യമുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അനുബന്ധം XIII**

പ്രവർത്തനാവലോകനത്തിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ

പട്ടിക

| ജില്ലാ പഞ്ചായത്ത് | ബ്ളോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| പാലക്കാട് | പാലക്കാട്, അഗളി | ഓങ്ങല്ലൂർ, തിരുവേഗപ്പുറം, കണ്ണാടി, കൊപ്പം, മുണ്ടൂർ, പട്ടാമ്പി, |

23 കോട്ടയം, എറണാകുളം, പാലക്കാട്

| | | |
|---|---|---|
| | | അഗളി, ഷോളയൂർ |
| എറണാകുളം | വൈപ്പിൻ, അങ്കമാലി | മുളവുകാട്, ഇളംകുന്നപ്പുഴ, കുഴുപ്പിള്ളി, നായരമ്പലം, മലയാറ്റൂർ, നീലീശ്വരം, കാലടി, കാഞ്ഞൂർ, കറുകുറ്റി |
| കോട്ടയം | പള്ളം, പാമ്പാടി | പനച്ചിക്കാട്, അയർകുന്നം, കുമരകം, നാട്ടകം, പാമ്പാടി, മീനടം, പള്ളിക്കത്തോട് |
| വയനാട് | മാനന്തവാടി | മുട്ടിൽ, വൈത്തിരി, എടവക |

### 3.2.6 ആസൂത്രണം

സംസ്ഥാനത്തെ 13289 വാസയോഗ്യമായ സ്ഥലങ്ങളിൽ (പഞ്ചായത്ത് വാർഡുകൾ) 8381 സ്ഥലങ്ങളിൽ (63.07 ശതമാനം) മാത്രമേ ആവശ്യമായ 40 എൽപിസിഡി[24] സുരക്ഷിതമായ കുടിവെള്ളം ലഭ്യമായിരുന്നുള്ളൂ.

#### 3.2.6.1 വിശ്വാസയോഗ്യമായ വിവരങ്ങളുടെ അഭാവം

ആസൂത്രണ വകുപ്പ് ഇറക്കിയ (2004 മാർച്ച്) മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, ഓരോ പഞ്ചായത്ത് രാജ് സ്ഥാപനവും നിലവിലുള്ള ജലവിതരണ സൗകര്യത്തെ അടിസ്ഥാനമാക്കി കുടിവെള്ള വിതരണം പൂർണ്ണമായും ഉള്ളതും ഭാഗികമായുള്ളതും ഇല്ലാത്തതുമായ

24 ലിറ്റേഴ്സ് പെർ കാപിറ്റ പെർ ഡേ

സ്ഥലങ്ങളുടെ വിശദമായ മാപ്പ് തയ്യാറാക്കേണ്ടതാണ്. ഈ മാപ്പിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ എല്ലാ വീടുകളിലും ആവശ്യത്തിന് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ ലാക്ഷണിക പരിശോധന നടത്തിയ ഒരു ഗ്രാമപഞ്ചായത്തും ഇത്തരത്തിലൊരു മാപ്പോ വിശദമായ കുടിവെള്ള പദ്ധതിയോ തയ്യാറാക്കിയിട്ടില്ല. ഇത്തരത്തിലുള്ള മാപ്പുകൾ തയ്യാറാക്കാത്തതിനാൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന സ്ഥലങ്ങൾക്ക് മുൻഗണന നല്കിക്കൊണ്ടാണോ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നതെന്ന് ഓഡിറ്റിന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ വിശദമായ മാപ്പ് തയ്യാറാക്കുമെന്ന് സർക്കാർ അറിയിച്ചു (2010 മേയ്).

### 3.2.6.2 തെറ്റായ ആസൂത്രണം

കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് എല്ലാ വികസന പദ്ധതികളുടെയും രൂപീകരണം ഗ്രാമസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. അവലോകനത്തിന് തെരഞ്ഞെടുത്ത നാല് ജില്ലാ പഞ്ചായത്തുകളും ഏഴ് ബ്ളോക്ക് പഞ്ചായത്തുകളും കൂടി അതാത് ജില്ലാ ആസൂത്രണ സമിതികൾ 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ അംഗീകരിച്ച 744 പദ്ധതികൾ മൊത്തം 34.35 കോടി രൂപ ചെലവിൽ നടപ്പിലാക്കി. കറുകുറ്റി ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അങ്കമാലി ബ്ളോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ മൂന്ന് പദ്ധതികൾ ഒഴികെ ഒരു പദ്ധതിയും ഗ്രാമസഭ എടുത്ത

തീരുമാനത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെ ശുപാർശയുടെയോ അടിസ്ഥാനത്തിൽ രൂപീകരിച്ചതല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിനുള്ളിലെ കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പ് അതാത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. എന്നാൽ പാമ്പാടി ബ്ളോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ മാൻകുന്ന് കുടിവെള്ള വിതരണ പദ്ധതി 2008-09-ൽ കൂരോപ്പട ഗ്രാമപഞ്ചായത്തിന് കൈമാറിയതൊഴിച്ചാൽ ലാക്ഷണിക പരിശോധന നടത്തിയ ജില്ലാപഞ്ചായത്തുകളിലും ബ്ളോക്ക് പഞ്ചായത്തുകളിലും നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. തത്ഫലമായി ജില്ലാ പഞ്ചായത്തുകളും ബ്ളോക്ക പഞ്ചായത്തുകളും നടപ്പിലാക്കിയ പദ്ധതികളുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തുകൾക്ക് നിരീക്ഷിക്കുവാനോ അറ്റകുറ്റപ്പണികൾ നടത്തുവാനോ സാധിക്കുന്നില്ല.

### 3.2.7 ധനകാര്യ നിർവ്വഹണം

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ തയ്യാറാക്കിയ വാർഷിക പ്ളാൻ പദ്ധതികളുടെ നടപ്പാക്കലിന് വേണ്ടി സംസ്ഥാന സർക്കാർ, വികസന ചെലവ് ഫണ്ട് (ഡിഇഎഫ്) നൽകുന്നുണ്ട്. ഇതിന്റെ ഒരു ഭാഗം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ നടപ്പാക്കലിന് വേണ്ടി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഉപയോഗിക്കുന്നു.

2004-05 മുതൽ 2008-09 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ ലാക്ഷണിക പരിശോധന നടത്തിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് സർക്കാർ വിതരണം ചെയ്ത വികസന ചെലവ് ഫണ്ട്, കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നീക്കിവച്ച തുക, അതിൽനിന്നുള്ള ചെലവ് എന്നിവ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1 : - കുടിവെള്ള വിതരണ പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ

(₹ കോടിയിൽ)

| പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ വിഭാഗം (ബ്രാക്കറ്റിൽ ലാക്ഷണിക പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ എണ്ണം) | സർക്കാർ വിതരണം ചെയ്ത ഡിഇഎഫ് | വാർഷിക പദ്ധതിയിൽ കുടിവെള്ള വിതരണ പദ്ധതിക്ക് വേണ്ടിയുള്ള വിഹിതം | ചെലവ് | ഡിഇഎഫു-മായി താരതമ്യം ചെയ്യുമ്പോൾ പദ്ധതി വിഹിതത്തിന്റെ ശതമാനം | കുടിവെള്ള വിതരണ പദ്ധതി വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ ചെലവിന്റെ ശതമാനം |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് (4) | 331.50 | 44.80 | 31.76 | 13.51 | 70.89 |
| ബ്ളോക്ക് പഞ്ചായത്ത് (7) | 59.37 | 4.43 | 2.57 | 7.46 | 58.01 |
| ഗ്രാമപഞ്ചായത്ത് (26) | 105.76 | 7.55 | 5.18 | 7.14 | 68.61 |
| **ആകെ** | **496.63** | **56.78** | **39.51** | **11.43** | **69.58** |

കുടിവെള്ള വിതരണ പദ്ധതികൾക്കായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നീക്കിവച്ച തുക സർക്കാർ വിതരണം ചെയ്ത വികസന ചെലവ് ഫണ്ടിന്റെ 11.43 ശതമാനമാണ്.

### 3.2.7.1 പെരുപ്പിച്ച് കാണിച്ചിരിക്കുന്ന ചെലവുകൾ

കുടിവെള്ള വിതരണ പദ്ധതികൾ ഡെപ്പോസിറ്റ് വർക്കുകളായിട്ടാണ് കേരള ജല അതോറിറ്റിയിലൂടെയും ഭൂഗർഭജല വകുപ്പിലൂടെയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്. ഡെപ്പോസിറ്റ് ആയി നൽകുന്ന തുക മുൻകൂറായി കണക്കാക്കി അതിൽ നിന്നുള്ള നീക്കുപോക്കും ഉപയോഗവും മുൻകൂർ രജിസ്റ്ററിലൂടെ നിരീക്ഷിക്കുകയുമാണ് ചെയ്യേണ്ടത്. ഇരുപത്തി ഏഴ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ 2004-05 മുതൽ 2008-09 വരെ 518 ജോലികൾക്കായി കേരള ജല അതോറിറ്റിക്കും ഭൂഗർഭജല വകുപ്പിനും 29.93 കോടി രൂപ നിക്ഷേപമായി നൽകി. 2009 ജൂൺ വരെ കേരള ജല അതോറിറ്റി/ഭൂഗർഭ ജല വകുപ്പ് 357 ജോലികൾ മാത്രമേ പൂർത്തീകരിച്ചുള്ളൂവെങ്കിലും നിക്ഷേപിച്ച ദിവസം തന്നെ മൊത്തം തുകയും ചെലവായതായി കണക്കാക്കി. അതുകൊണ്ടു തന്നെ ചെലവിൽ അത്രയും തുക കൂടുതലായി കാണിച്ചു.

കേരള ജല അതോറിറ്റിയുമായുള്ള കരാറനുസരിച്ച് പൂർത്തീകരിക്കാത്ത/ഉപേക്ഷിച്ച ജോലികളുടെ ചെലവഴിക്കാത്ത തുക പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് തിരിച്ചു നൽകണമെന്നാണെങ്കിലും 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ച 188 ജോലികളിൽ ചെലവഴിക്കാതെ ബാക്കിയായ 2.37 കോടി രൂപ പത്ത് കേരള ജല അതോറിറ്റി ഡിവിഷനുകൾ കൈവശം വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു (അനുബന്ധം XIV). കേരള ജല അതോറിറ്റിയിൽ നിന്ന് ചെലവഴിക്കാത്ത തുക തിരികെ കിട്ടുവാൻ വേണ്ട നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ എടുത്തിട്ടില്ല.

## അനുബന്ധം XIV

## കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ഡിവിഷനുകളിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുകകൾ

| പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ പേര് | കേരള വാട്ടർ അതോറിറ്റി ഡിവിഷന്റെ പേര് | കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ഡിവിഷനുകളിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക (₹) (പ്രോജക്ടുകളുടെ എണ്ണം ബ്രാക്കറ്റിൽ) | | | | | |
|---|---|---|---|---|---|---|---|
| | | 2004-05 | 2005-06 | 2006-07 | 2007-08 | 2008-09 | ആകെ |

| | | | | | | | |
|---|---|---|---|---|---|---|---|
| എറണാകുളം ജില്ലാപഞ്ചായത്ത് | മൂവാറ്റുപുഴ പിഎച്ച് ഡിവിഷൻ | - | - | 182238 (1) | 156833 (6) | 44809 (2) | 383880 (9) |
| എറണാകുളം ജില്ലാപഞ്ചായത്ത് | പെരുമ്പാവൂർ പിഎച്ച് ഡിവിഷൻ | - | 631557 (8) | 781946 (6) | 25004 (1) | - | 1438507 (15) |
| എറണാകുളം ജില്ലാപഞ്ചായത്ത് | പിറവം പിഎച്ച് ഡിവിഷൻ | - | - | 166779 (2) | - | - | 166779 (2) |
| എറണാകുളം ജില്ലാപഞ്ചായത്ത് | കൊച്ചി പിഎച്ച് ഡിവിഷൻ | - | - | 12423 (1) | - | - | 12423 (1) |
| എറണാകുളം ജില്ലാപഞ്ചായത്ത് | കൊച്ചി ഡബ്ള്യുഎസ് ഡിവിഷൻ | - | 79639 (2) | 6505 (2) | 498865 (2) | - | 585009 (6) |
| എറണാകുളം ജില്ലാപഞ്ചായത്ത് | ആലുവ പിഎച്ച് ഡിവിഷൻ | 91293 (1) | 53688 (3) | 438360 (2) | - | - | 583341 (6) |
| വയനാട് ജില്ലാപഞ്ചായത്ത് | സുൽത്താൻ ബത്തേരി പിഎച്ച് ഡിവിഷൻ | 209620 (13) | - | - | - | - | 209620 (13) |
| പാലക്കാട് ജില്ലാപഞ്ചായത്ത് | ഷൊർണ്ണൂർ പിഎച്ച് ഡിവിഷൻ | 955803 (9) | 1457729 (10) | 4214660 (14) | 3753775 (7) | - | 10381967 (40) |
| പാലക്കാട് ജില്ലാപഞ്ചായത്ത് | പാലക്കാട് പിഎച്ച് ഡിവിഷൻ | 2018000 (13) | 2270000 (14) | 2442500 (12) | 1594000 (3) | - | 8324500 (42) |
| അങ്കമാലി ബ്ലോക്ക്പഞ്ചായത്ത് | പെരുമ്പാവൂർ പിഎച്ച് ഡിവിഷൻ | - | - | - | 63770 (4) | - | 63770 (4) |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | പാലക്കാട് പിഎച്ച് ഡിവിഷൻ | 40000 (1) | - | 676000 (4) | 209556 (1) | - | 925556 (6) |
| കാലടി ഗ്രാമപഞ്ചായത്ത് | പെരുമ്പാവൂർ പിഎച്ച് ഡിവിഷൻ | - | - | 22384 (7) | - | - | 22384 (7) |
| കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | പെരുമ്പാവൂർ പിഎച്ച് | - | 1794 (2) | 1830 (1) | 38796 (3) | - | 42420 (6) |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഡിവിഷൻ | | | | | | |
| കറുകുറ്റി ഗ്രാമപഞ്ചായത്ത് | പെരുമ്പാവൂർ പിഎച്ച് ഡിവിഷൻ | - | - | 2181 (1) | 142 (1) | 2653 (1) | 4976 (3) |
| മലയാറ്റൂർ ഗ്രാമപഞ്ചായത്ത് | പെരുമ്പാവൂർ പിഎച്ച് ഡിവിഷൻ | 22162 (3) | 6559 (3) | 108026 (6) | - | - | 136747 (12) |
| മുളവുകാട് ഗ്രാമപഞ്ചായത്ത് | കൊച്ചി പിഎച്ച് ഡിവിഷൻ | - | 62112 (2) | 77166 (3) | - | - | 139278 (5) |
| നായരമ്പലം ഗ്രാമപഞ്ചായത്ത് | കൊച്ചി ഡബ്ല്യൂഎസ് ഡിവിഷൻ | - | - | 173393 (1) | - | - | 173393 (1) |
| ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | ഷൊർണ്ണൂർ പിഎച്ച് ഡിവിഷൻ | - | - | 43750 (1) | - | - | 173393 (1) |
| മുട്ടിൽ ഗ്രാമപഞ്ചായത്ത് | സുൽത്താൻ ബത്തേരി പിഎച്ച് ഡിവിഷൻ | 1667 (1) | 4143 (2) | 5380 (1) | - | - | 11190 (4) |
| എടവക ഗ്രാമപഞ്ചായത്ത് | സുൽത്താൻ ബത്തേരി പിഎച്ച് ഡിവിഷൻ | 2373 (1) | 4704 (1) | 11452 (1) | - | - | 18529 (3) |
| നാട്ടകം ഗ്രാമപഞ്ചായത്ത് | കോട്ടയം പിഎച്ച് ഡിവിഷൻ | 2572 (1) | 22430 (1) | - | - | - | 25002 (2) |
| **ആകെ** | | **3343490 (43)** | **4594355 (48)** | **9366973 (66)** | **6340741 (28)** | **47462 (3)** | **23693021 (188)** |

1997-98 മുതൽ 2004-05 വരെയുള്ള കാലയളവിൽ കേരള ജലഅതോറിറ്റി ഷൊർണ്ണൂർ ഡിവിഷനെ ഏൽപ്പിച്ച ഡപ്പോസിറ്റ് ജോലികളുടെ ചെലവാകാതെ ബാക്കി വന്ന തുകയായ 39.44 ലക്ഷം രൂപ എക്സിക്യൂട്ടീവ് എൻജിനീയർ, പാലക്കാട് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് ചെക്കായി നൽകി (2007 ഏപ്രിൽ). എന്നാൽ മറ്റുള്ള ജോലികളിൽ ഉണ്ടായേക്കാവുന്ന അധികരിച്ച തുക ക്രമപ്പെടുത്താം എന്ന

ഉദ്ദേശ്യത്തോടെ ജില്ലാപഞ്ചായത്ത് ഈ തുക സ്വീകരിച്ചില്ല.

### *3.2.7.3 ഫണ്ട് ലാപ്സായത്*

പൊതുമേഖലാസ്ഥാപനങ്ങളെ പദ്ധതികൾ നടപ്പിലാക്കാൻ ഏൽപ്പിക്കുന്നതിന് മുൻപ് ശരിയായ പ്രായോഗികതാ പഠനം, ഡിസൈനും അടങ്കലും തയ്യാറാക്കൽ, ഫണ്ട് അനുവദിക്കുക, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക മുതലായവ ചെയ്യേണ്ടതാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഇവ പാലിക്കാത്തതിനാൽ ഉണ്ടായ ന്യൂനതകൾ താഴെ പ്രതിപാദിക്കുന്നു.

(i) സ്ഥലം തെരഞ്ഞെടുക്കുന്നതിനും കേരള ജല അതോറിറ്റിയിൽ നിന്ന് വിശദമായ എസ്റ്റിമേറ്റ് ലഭിക്കുന്നതിനും മുൻപ് 63 കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് വേണ്ടി സുൽത്താൻ ബത്തേരിയിലെ കേരള ജല അതോറിറ്റിയിൽ വയനാട് ജില്ലാപഞ്ചായത്ത് 35.27 ലക്ഷം രൂപ നിക്ഷേപിച്ചു (2004 മാർച്ച് 30). കേരള ജല അതോറിറ്റി ജോലി നിർവ്വഹിക്കാത്തതിനാൽ സർക്കാർതലത്തിൽ 2004 ഒക്ടോബറിൽ ഒരു ഉന്നതതല യോഗം കൂടുകയും ജോലി ഭൂഗർഭജല വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തു. 9.65 ലക്ഷം രൂപ ഭൂഗർഭജല വകുപ്പിന് കൈമാറി. ഭൂഗർഭജല വകുപ്പ് 6.43 ലക്ഷം രൂപയുടെ മൊത്തം ചെലവിൽ 14 കുഴൽക്കിണറുകളുടെ പണി പൂർത്തിയാക്കി. ബാക്കി തുകയായ 28.84 ലക്ഷം രൂപ കേരള ജല അതോറിറ്റിയും ഭൂഗർഭജല വകുപ്പും (കേരള ജല അതോറിറ്റി: ₹ 25.62 ലക്ഷം, ഭൂഗർഭജലവകുപ്പ്: ₹ 3.22 ലക്ഷം) ഉപയോഗിക്കാതെ കൈവശം വച്ചിരിക്കുകയാണ്. കേരള ജല അതോറിറ്റിയുടെ കയ്യിൽ ബാക്കിയിരിക്കുന്ന മുൻകൂർ ക്രമപ്പെടുത്തുന്നതിന് വേണ്ടി ജില്ലാ ആസൂത്രണ സമിതിയുടെ ഭരണാനുമതി/അംഗീകാരം ഇല്ലാതെ ബാക്കി തുകയായ 25.62 ലക്ഷം രൂപ ഉപയോഗിച്ച് മൂന്ന്[25] കുടിവെള്ള വിതരണപദ്ധതികൾ നടപ്പിലാക്കാൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കേരള ജല അതോറിറ്റിക്ക് അനുമതി നൽകി (2007 ഡിസംബർ). ഈ ജോലികൾ ഇനിയും തീർന്നിട്ടില്ലാത്തതിനാൽ (2009 ജൂൺ) അഞ്ച് കൊല്ലത്തിലേറെയായി 25.62 ലക്ഷം രൂപ ക്രമപ്പെടുത്താതെ കിടക്കുകയാണ്.

---

25 കുടിവെള്ള വിതരണ പദ്ധതികൾ : കാക്കവയൽ (മീനങ്ങാടി ഗ്രാമപഞ്ചായത്ത്), കല്ലുപടി (മുട്ടിൽ ഗ്രാമപഞ്ചായത്ത്), ചുരിമല (സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്)

(ii) കേരള ജല അതോറിറ്റി പ്രായോഗികതാ പഠനം നടത്തുന്നതിന് മുൻപുതന്നെ 29 ജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടി എറണാകുളം ജില്ലാപഞ്ചായത്ത് 3.87 കോടി രൂപ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചു (2008 മാർച്ച്). കേരള ജല അതോറിറ്റി തയ്യാറാക്കിയ കരട് അടങ്കൽ തുകയെ ആധാരമാക്കിയാണ് തുക നിക്ഷേപിച്ചത്. മുകളിൽ പറഞ്ഞ ജോലികളിൽ 16 ജോലികൾ 1.43 കോടി രൂപ ചെലവിൽ കേരള ജല അതോറിറ്റി പൂർത്തീകരിക്കുകയും ബാക്കിയുള്ള 13 ജോലികൾ 2009 ഡിസംബർ വരെയായിട്ടും പൂർത്തീകരിക്കാതെ ശേഷിക്കുന്നുണ്ട്.

(iii) കേരള ജല അതോറിറ്റി തയ്യാറാക്കിയ കരട് അടങ്കൽ തുകയുടെ അടിസ്ഥാനത്തിൽ രണ്ട് കുടിവെള്ള വിതരണ പദ്ധതികൾ, അതായത് പന്നിക്കുന്നും ചേമ്പ്രയും, നടപ്പിലാക്കാൻ വേണ്ടി തിരുവേഗപ്പുറം ഗ്രാമപഞ്ചായത്ത് 2008 മാർച്ചിൽ ഷൊർണ്ണൂർ കേരള ജല അതോറിറ്റിയിൽ 7.09 ലക്ഷം രൂപ നിക്ഷേപിച്ചു. കേരള ജല അതോറിറ്റി വിശദമായ അടങ്കൽ തയ്യാറാക്കിയപ്പോൾ അത് 22 ലക്ഷം രൂപ ആയി ഉയർത്തുകയും തത്ഫലമായി ആവശ്യത്തിന് ഫണ്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. നിക്ഷേപിച്ച തുകയായ 7.09 ലക്ഷം രൂപ തിരികെ കിട്ടുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മുകളിൽ പറഞ്ഞതിലെല്ലാം മതിയായ സർവെ നടത്താതെ സാമ്പത്തിക വർഷത്തിന്റെ അവസാനം തുക നിക്ഷേപിച്ചത് പ്ലാൻ ഫണ്ട് ലാപ്സാകുന്നത് തടയാൻ വേണ്ടിയാണ്.

### *3.2.7.4 സെന്റേജ്, മേൽനോട്ട ചാർജ്ജുകൾ*

കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ് അനുസരിച്ച് പഞ്ചായത്തുകൾക്ക് വേണ്ടി നടപ്പാക്കുന്ന ഡെപ്പോസിറ്റ് ജോലികൾക്ക് സെന്റേജ് ചാർജ്[26] പിരിക്കേണ്ടതില്ല. എന്നാൽ 2004-05 മുതൽ 2008-09 വരെ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ച 29.50 കോടി രൂപയിൽ 3.30 കോടി രൂപ സെന്റേജ് ചാർജ്ജുകൾ ആയിരുന്നു.

26 ഡപ്പോസിറ്റ് ജോലികളുടെ ഭരണച്ചുമതലകൾ നേരിടുന്നതിനുള്ള ചാർജ്ജുകൾ

മാത്രവുമല്ല, കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള നിലവിലുള്ള വിതരണ സംവിധാനത്തിന്റെ പുതുക്കിപ്പണിയലിനോ/നവീകരണത്തിനോ/വിപുലീകരണത്തിനോ വേണ്ടിയാണ് സെന്റേജ് ചാർജ്ജുകൾ നൽകിയത്. ഇതിന്റെ ചെലവുകൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയിരിക്കുന്നത്.

സെന്റേജ് ചാർജിന് പുറമെ, മുളവുകാട് ഗ്രാമപഞ്ചായത്തും എറണാകുളം ജില്ലാപഞ്ചായത്തും ഡപ്പോസിറ്റ് ജോലികൾക്കായി കേരള ജല അതോറിറ്റിക്ക് ഒരു ആധികാരികതയുമില്ലാതെ മേൽനോട്ട ചാർജായി യഥാക്രമം 0.49 ലക്ഷം രൂപയും 0.13 ലക്ഷം രൂപയും നൽകി.

### *3.2.7.5 മുൻകൂറുകൾ നല്കിയത്*

2000 ജനുവരിയിൽ പൊതുമരാമത്ത് പണികൾ നടപ്പാക്കുന്നതിന് കേരള ആഗ്രോ ഇൻഡസ്ട്രിയിൽ കോർപ്പറേഷനെ (കെയ്കോ) ഒരു അംഗീകൃത ഏജൻസിയായി സർക്കാർ അംഗീകരിച്ചു. കെയ്കോയെ അംഗീകൃത ഏജൻസിയായി പ്രഖ്യാപിക്കുന്നതിന് മുൻപുതന്നെ കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി 31 ജോലികളുടെ എസ്റ്റിമേറ്റ് തുകയായ 40.05 ലക്ഷം രൂപ മുൻകൂറായി നൽകുകയും ബാക്കി 34 ജോലികളുടെ അടങ്കൽ തുക (₹ 89.58 ലക്ഷം) അംഗീകാരം ലഭ്യമായതിന് ശേഷവും നൽകി. അംഗീകൃത ഏജൻസി ആണെങ്കിൽ പോലും കെയ്ക്കോയ്ക്ക് എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം (₹17.92 ലക്ഷം) മുൻകൂറിനു മാത്രമേ അർഹതയുള്ളൂ. ആ സ്ഥിതിയ്ക്ക് മുഴുവൻ തുകയായ 1.29 കോടി രൂപ മുൻകൂറായി നൽകിയത് ക്രമവിരുദ്ധമായിരുന്നു.

### *3.2.7.6 വെള്ളക്കരം പിരിക്കാനുള്ള സംവിധാനത്തിലെ കാര്യക്ഷമതയില്ലായ്മ*

371 കുടിവെള്ള വിതരണ പദ്ധതികൾ സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കേരള ജല അതോറിറ്റി കൈമാറി. കൈമാറിയ പദ്ധതികളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ വെള്ളക്കരം ഉപഭോക്താക്കളിൽ നിന്നും പിരിക്കേണ്ടതും അവയുടെ നടത്തിപ്പിനും മേൽനോട്ടത്തിനും വേണ്ടിയുള്ള

ചെലവ് വഹിക്കേണ്ടതുമാണ്. 2002 മേയ് മുതൽ സെപ്റ്റംബർ വരെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ പത്ത് ശുദ്ധജലവിതരണ പദ്ധതികളിൽ[27] നാല്[28] ഗ്രാമപഞ്ചായത്തുകൾ പിരിച്ചെടുക്കേണ്ടിയിരുന്ന 46.37 ലക്ഷം രൂപയുടെ വെള്ളക്കരം 2009 ജൂൺ വരെ പിരിഞ്ഞ് കിട്ടുവാനുണ്ട്.

കണ്ണാടി (₹ 2.25 ലക്ഷം), പട്ടാമ്പി (₹ 6.20 ലക്ഷം), അഗളി (₹ 1.05 ലക്ഷം) എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നുമായി 9.50 ലക്ഷം രൂപ പിരിച്ചെടുത്തതായി സർക്കാർ അറിയിച്ചു (2010 മേയ്). പൈപ്പ് ലൈനിലൂടെ ജല വിതരണമില്ലാത്തതിനാൽ നാട്ടുകം ഗ്രാമപഞ്ചായത്ത് വെള്ളക്കരം പിരിച്ചെടുത്തിട്ടില്ല.

### 3.2.8 കുടിവെള്ള വിതരണ പദ്ധതികളുടെ നടപ്പിലാക്കൽ

ലാക്ഷണിക പരിശോധന നടത്തിയ 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഏറ്റെടുത്ത കുടിവെള്ള വിതരണ പദ്ധതികളുടെ നടപ്പാക്കലിന്റെ നിജസ്ഥിതി പട്ടിക 2-ൽ വിവരിച്ചിരിക്കുന്നു.

പട്ടിക 2 : കുടിവെള്ള വിതരണ പദ്ധതികളുടെ നടപ്പാക്കലിന്റെ സ്ഥിതി

| വർഷം | ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | കേരള ജല അതോറിറ്റി/ഭൂഗർഭജല വകുപ്പ് എന്നിവയെ ഏൽപ്പിച്ച ജോലികൾ | | | കൺവീനർ/കരാറുകാർ എന്നിവരെ ഏൽപ്പിച്ച ജോലികൾ | | |
|---|---|---|---|---|---|---|---|
| | | പൂർത്തീകരിച്ചത് | ഉപേക്ഷിച്ചത് | പൂർത്തീകരിക്കാത്തത് | പൂർത്തീകരിച്ചത് | ഉപേക്ഷിച്ചത് | പൂർത്തീകരിക്കാത്തത് |
| 2004-05 | 211 | 58 | 2 | - | 149 | - | 2 |
| 2005-06 | 219 | 88 | 1 | 14 | 114 | 1 | 1 |
| 2006-07 | 375 | 112 | 4 | 53 | 195 | 3 | 8 |
| 2007-08 | 228 | 55 | 4 | 43 | 115 | 1 | 10 |
| 2008-09 | 213 | 44 | 7 | 33 | 101 | - | 28 |
| **ആകെ** | **1246** | **357** | **18** | **143** | **674** | **5** | **49** |

27 കണ്ണാടി, ചാത്തൻകുളങ്ങര, പള്ളം, ചിങ്ങവനം, പട്ടാമ്പി, പള്ളിപ്പാട്, കണ്ടാംതോട്, പുതുക്കളം, അഗളി, പട്ടിമാളം

28 കണ്ണാടി, നാട്ടുകം, പട്ടാമ്പി, അഗളി

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഏറ്റെടുത്ത 1246 പദ്ധതികളിൽ 1031 പദ്ധതികൾ 24.72 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു 2009 സെപ്റ്റംബർ വരെ 14.09 കോടി രൂപ ചെലവാക്കിയ 192 പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിൽക്കുകയും 23 എണ്ണം ഉപേക്ഷിക്കുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിൽ ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ട ന്യൂനതകൾ താഴെ പ്രതിപാദിക്കുന്നു.

### *3.2.8.1 ദീർഘകാലമായി പൂർത്തീകരിക്കാതെ മുടങ്ങികിടക്കുന്ന കുടിവെള്ള പദ്ധതികൾ*

1998-99 മുതൽ 2004-05 വരെയുള്ള കാലയളവിൽ ഏറ്റെടുത്തതും പൂർത്തീകരിക്കുവാൻ കഴിയാഞ്ഞതുമായ 30 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി രണ്ട് പദ്ധതികൾ എറണാകുളം ജില്ലാപഞ്ചായത്ത് 2007-08 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. 2007-08 വർഷത്തെ ബജറ്റിൽ ഈ പദ്ധതികൾക്ക് വേണ്ടി 77.37 ലക്ഷം രൂപ വകയിരുത്തി. 2008 ജൂണിൽ, 1998-99 മുതൽ 2001-02 വരെയുള്ള കാലയളവിൽ 24.69 ലക്ഷം രൂപ ചെലവാക്കിയ മൂന്ന്[29] കുടിവെള്ള വിതരണപദ്ധതികൾ ഉൾപ്പെടെ 25 പദ്ധതികൾ സാധുവായ കാരണങ്ങളൊന്നും രേഖപ്പെടുത്താതെ ജില്ലാപഞ്ചായത്ത് ഉപേക്ഷിച്ചു ബാക്കിയുള്ള അഞ്ച് പദ്ധതികൾക്കു വേണ്ടി ഒരു ചെലവും ചെയ്തിട്ടില്ല. ജനങ്ങൾക്ക് ഗുണകരമായതും എന്നാൽ ദീർഘകാലമായി പൂർത്തീകരിക്കാതെ കിടക്കുന്നതുമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യം നടപ്പായില്ല എന്നു മാത്രമല്ല മൂന്ന് പദ്ധതികൾക്കായി ചെലവാക്കിയ 24.69 ലക്ഷം രൂപ പ്രയോജനരഹിതമാവുകയും ചെയ്തു

### *3.2.8.2 പദ്ധതികളുടെ അടങ്കൽ തയ്യാറാക്കുന്നതിലെ യാഥാർത്ഥ്യമില്ലായ്മ*

കേരള ജല അതോറിറ്റി തയ്യാറാക്കിയ അടങ്കലിന്റെ അടിസ്ഥാനത്തിൽ എട്ട്

29 മഞ്ഞളിക്കുന്ന് ജല വിതരണ പദ്ധതി, പൊട്ടുമുടി ചാലുച്ചിറ ജല വിതരണ പദ്ധതി, എരുപുറം ജലവിതരണപദ്ധതി

കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലാപഞ്ചായത്ത് കേരള ജല അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷനിൽ 58.09 ലക്ഷം രൂപ നിക്ഷേപിച്ചു. 2008-09-ൽ നിക്ഷേപിച്ച തുകയുടെ 28 ശതമാനം മാത്രമായ 16.13 ലക്ഷം രൂപ ചെലവിൽ ഷൊർണ്ണൂർ ഡിവിഷൻ എട്ട് പദ്ധതികൾ കമ്മീഷൻ ചെയ്തു. ബാക്കി തുകയായ 41.96 ലക്ഷം രൂപ ജില്ലാപഞ്ചായത്തിന് തിരികെ നൽകിയിട്ടില്ല. ഓരോ ജോലിയുമായി ബന്ധപ്പെട്ട് 2.01 ലക്ഷം രൂപ മുതൽ 6.97 ലക്ഷം രൂപ വരെ കേരള ജല അതോറിറ്റി കൈവശം വച്ചിരിക്കുകയാണ്.
കേരള ജല അതോറിറ്റി തയ്യാറാക്കുന്ന യാഥാർത്ഥ്യബോധമില്ലാത്ത അടങ്കലുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഇല്ലാത്തത് പദ്ധതി നടപ്പിലാക്കുന്ന ഏജൻസികളിൽ അധിക തുക നിക്ഷേപിക്കുന്നതിനിടയാക്കി. പഞ്ചായത്തിലുള്ള ജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും നടത്തികൊണ്ട് പോകുന്നതിനും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള അധികാരം പഞ്ചായത്ത് രാജ് നിയമം നൽകുന്നുണ്ടെങ്കിലും ഒരു പഞ്ചായത്തും കേരള ജല അതോറിറ്റിയിൽ നിന്നും ഉദ്യോഗസ്ഥരെ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

### *3.2.8.3 നിഷ്ക്രിയമായ സൗരോർജ്ജ ജല പമ്പിംഗ് സംവിധാനം*

പോങ്ങിൻചോട് കോളനിയിലെ ആദിവാസികൾക്ക് ജലവിതരണ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ 5.75 ലക്ഷം രൂപ മൊത്തം ചെലവിൽ എറണാകുളം ജില്ലാപഞ്ചായത്ത് സൗരോർജ്ജ ജല പമ്പിംഗ് സംവിധാനം സ്ഥാപിച്ചു (2008 ജൂൺ). ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ജലസംഭരണിയുടെ നിർമ്മാണവും വിതരണത്തിനുള്ള സംവിധാനം മുതലായവ 2008-09-ലെ പദ്ധതി

നിർദ്ദേശങ്ങളിൽ പോലും ഉൾപ്പെടുത്തിയിരുന്നില്ല. സിവിൽ ജോലികൾ പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടതിനാൽ സൗരോർജ്ജ പമ്പിംഗ് സംവിധാനം സ്ഥാപിച്ചത് ഉപയോഗശൂന്യമായി കിടക്കുകയായിരുന്നു. ജില്ലാപഞ്ചായത്തിന്റെ 2010-11-ലെ വാർഷിക പദ്ധതിയിൽ സംഭരണിയുടെ നിർമ്മാണത്തിനും പൈപ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള ഒരു പദ്ധതി ഉൾപ്പെടുത്തണമെന്ന് സർക്കാർ അറിയിച്ചു (2010 മെയ്).

### 3.2.8.4 കുടിവെള്ളത്തിന്റെ സ്രോതസ്സ് ഏറ്റെടുക്കാതിരിക്കൽ

1999-2000-ൽ 5.50 ലക്ഷം രൂപയുടെ പ്രതീക്ഷിത ചെലവിൽ കുമരകം ഗ്രാമപഞ്ചായത്ത് ഇത്തിക്കായൽ കുടിവെള്ള വിതരണ പദ്ധതി ആവിഷ്കരിച്ചു. പ്രകൃതിദത്തമായ കുളത്തിന്റെ (ഇത്തിക്കായൽ) ഉള്ളിൽ കിണർ നിർമ്മിച്ച് ഒന്നിലേറെ രീതിയിൽ ശുദ്ധീകരിച്ച് ഇപ്പോഴുള്ള പൈപ്പ് ലൈനിലൂടെ ജലം വിതരണം ചെയ്യുക എന്നത് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 9.75 ലക്ഷം രൂപ മൊത്തം ചെലവിൽ കിണർ, ഷെഡ്, ശുദ്ധീകരണ പ്ലാന്റ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പദ്ധതിക്ക് വേണ്ടി തെരഞ്ഞെടുത്ത സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ജല സ്രോതസ്സ് (ഇത്തിക്കായൽ) ഏറ്റെടുക്കാതിരുന്നതുകൊണ്ടും പദ്ധതിക്ക് വേണ്ടി കേരള ജല അതോറിറ്റിയുടെ വിതരണ ശൃംഖല ഉപയോഗിക്കാൻ കേരള ജല അതോറിറ്റി വിസമ്മതിച്ചതുകൊണ്ടും പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. പദ്ധതി കമ്മീഷൻ ചെയ്യാൻ കാലതാമസം നേരിട്ടത് കാരണം ഒൻപത് വർഷം മുൻപ് നിർമ്മിച്ച ശുദ്ധീകരണ സംഭരണി ദ്രവീകരണം മൂലം കേടായി. അങ്ങനെ ശരിയായ ആസൂത്രണമില്ലായ്മ കാരണം ശുദ്ധീകരിച്ച കുടിവെള്ളം വിതരണം ചെയ്യാൻ വേണ്ടി ആവിഷ്കരിച്ച പദ്ധതി ഒൻപത് വർഷത്തിന് ശേഷവും കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ 90 ശതമാനം പൂർത്തീകരിച്ചുവെന്നും മൂന്ന് മാസത്തിനകം കമ്മീഷൻ ചെയ്യുമെന്നും സർക്കാർ അറിയിച്ചു (2010 മെയ്).

## 3.2.9 പ്രവർത്തന പരിപാലന നിയന്ത്രണ സംവിധാനങ്ങൾ

### 3.2.9.1 പൊതുടാപ്പുകൾ പരിപാലിക്കുന്നതിലെ അധികചെലവ്

പൊതുടാപ്പുകളിലൂടെ കുടിവെള്ള വിതരണം നടത്തുന്നതിന് പ്രതിവർഷം 3500 രൂപ നിരക്കിൽ (2008 ആഗസ്റ്റ് വരെ ₹ 1750) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പക്കൽ നിന്നും കേരള ജല അതോറിറ്റി വാങ്ങി. ലാക്ഷണിക പരിശോധന നടത്തിയ 26 ഗ്രാമപഞ്ചായത്തുകളിൽ അഞ്ചെണ്ണത്തിൽ കേരള ജല അതോറിറ്റിയുടെ പൊതുടാപ്പുകൾ ഇല്ലായിരുന്നു. ബാക്കിയുള്ളവർ അവരുടെ പരിധിക്കുള്ളിൽ സ്ഥാപിച്ചിരിക്കുന്ന പൊതുടാപ്പുകളുടെ വ്യക്തമായ കണക്കുകൾ സൂക്ഷിച്ചിട്ടുമില്ല. ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിച്ചിരിക്കുന്ന പൊതു ടാപ്പുകളുടെ യഥാർത്ഥ എണ്ണത്തിനനുസരിച്ച് മാത്രമേ പണം നൽകുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരള ജല അതോറിറ്റിയുടെയും പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെയും ഉദ്യോഗസ്ഥർ സംയുക്ത ഭൗതിക പരിശോധന നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചു (2006 ജൂൺ). താഴെ പറയുന്നവ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു.

i. ലാക്ഷണിക പരിശോധന നടത്തിയ 26 ഗ്രാമപഞ്ചായത്തുകളിൽ എട്ട് ഗ്രാമപഞ്ചായത്തുകൾ മാത്രമേ സംയുക്തപരിശോധന നടത്തിയിട്ടുള്ളൂ. ഇവയിൽ വയനാട്, കോട്ടയം ജില്ലകളിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലെ (വൈത്തിരി, മുട്ടിൽ, മീനടം, എടവക, പാമ്പാടി, നാട്ടകം, പള്ളിക്കത്തോട്) സംയുക്ത പരിശോധനയ്ക്ക് ഒൻപത് മുതൽ 27 മാസം വരെ കാലതാമസം നേരിട്ടു. ഈ ഏഴ് ഗ്രാമപഞ്ചായത്തുകളിൽ നാലെണ്ണം[30] 173 പൊതു ടാപ്പുകൾക്കായി 3.96 ലക്ഷം രൂപ അധികം നൽകിയതായി സംയുക്ത പരിശോധനയിൽ (2007 മാർച്ച് - 2008 ഒക്ടോബർ) കണ്ടെത്തി.

കേരള ജല അതോറിറ്റി അനുവർത്തിക്കുന്ന കാര്യക്രമം അനുസരിച്ച്, സംയുക്തപരിശോധന നടത്തിയ ദിവസം മുതൽ മാത്രമേ പൊതുടാപ്പുകൾക്ക് നൽകിയ അധിക / കുറവ് തുകകൾ ക്രമീകരിക്കുകയുള്ളൂ. അതിനാൽ

30 എടവക, പാമ്പാടി, നാട്ടകം, പള്ളിക്കത്തോട്

ഗ്രാമപഞ്ചായത്തുകൾ നൽകിയ അധിക തുകയായ 3.96 ലക്ഷം രൂപ കേരള ജല അതോറിറ്റിയിൽ നിന്നും തിരിച്ചുപിടിക്കാൻ കഴിയില്ല.

ii. പഞ്ചായത്ത് ഡയറക്ടറിൽ നിന്നും നിരന്തരമായി നിർദ്ദേശങ്ങൾ ലഭിച്ചിട്ടും എറണാകുളം ജില്ലയിലെ ലാക്ഷണിക പരിശോധന നടത്തിയ എട്ട് ഗ്രാമപഞ്ചായത്തുകളിൽ ഒരിടത്തും സംയുക്ത പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

iii. വെള്ളം ലഭിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം 200-ൽ താഴെയായിരുന്നിട്ടും കേരള ജല അതോറിറ്റി 333 ടാപ്പുകൾക്ക് ചാർജ് ചെയ്യുന്നുണ്ടെന്ന് കുമരകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു (2009 ആഗസ്റ്റ്). 2009 ഏപ്രിലിൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് സംയുക്ത പരിശോധനയ്ക്കായി കേരള ജല അതോറിറ്റിയോട് അഭ്യർത്ഥിച്ചത്. പരിശോധന പൂർത്തിയായിട്ടില്ല (2009 ജൂലൈ).

iv. സംയുക്തപരിശോധനക്കായി കൊപ്പം ഗ്രാമപഞ്ചായത്ത് അപേക്ഷിച്ചിട്ടും (2007 മേയ് & 2008 ആഗസ്റ്റ്) കേരള ജല അതോറിറ്റി പ്രതികരിച്ചിട്ടില്ല.

സംയുക്ത പരിശോധനയ്ക്ക് കാലതാമസം നേരിടുന്നത് സ്ഥാപിക്കാത്ത പൊതുടാപ്പുകളുടെ പേരിൽ ഗ്രാമപഞ്ചായത്തുകൾക്ക് അധിക ബാദ്ധ്യത ഉണ്ടാകുന്നതിലേക്ക് നയിക്കും.

### 3.2.9.2 പരിപാലനക്കുറവ് കാരണം പ്രവർത്തനരഹിതമായ പദ്ധതികൾ

51.97 ലക്ഷം രൂപ ചെലവഴിച്ച് കേരള ജല അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷൻ മുഖേന പാലക്കാട് ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയ ഷോളയാർ ഗ്രാമപഞ്ചായത്തിലെ വരാടിമല മരനാട്ടി കുടിവെള്ള വിതരണ പദ്ധതി 2004 ഒക്ടോബറിൽ പൂർത്തീകരിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിർദ്ദേശിക്കുന്ന പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാപഞ്ചായത്ത് ഈ പദ്ധതി ഗ്രാമപഞ്ചായത്തിന് കൈമാറിയില്ല. ജില്ലാപഞ്ചായത്ത് നിക്ഷേപിച്ച

(2007 മാർച്ച്) 4.75 ലക്ഷം രൂപ ഉപയോഗിച്ച് 2008 മേയ് വരെ കേരള ജല അതോറിറ്റി ഈ പദ്ധതി പരിപാലിച്ചു അതിന് ശേഷം ഫണ്ടുകളുടെ അഭാവം മൂലം നടത്തിപ്പും മേൽനോട്ടവും തുടരാനായില്ല.

ഇതുപോലെ, 3.08 ലക്ഷം രൂപ ചെലവിൽ അഗളി ഗ്രാമപഞ്ചായത്തിൽ പാലക്കാട് ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയ മുക്കാളി ജല വിതരണപദ്ധതി 2005 ഏപ്രിലിൽ കമ്മീഷൻ ചെയ്തെങ്കിലും 2008 ജൂൺ മുതൽ പ്രവർത്തനരഹിതമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി 2008 മേയ് വരെ ജില്ലാ പഞ്ചായത്ത് നാല് ലക്ഷം രൂപ ചെലവഴിച്ചു.

പരിപാലനത്തിനായി ജല വിതരണ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിൽ ജില്ലാപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ അലംഭാവം 55.05 ലക്ഷം രൂപ ചെലവാക്കിയ ജല വിതരണ പദ്ധതികൾ പ്രവർത്തനരഹിതമാകുന്നതിന് ഇടയാക്കി.

### *3.2.9.3* ജലസ്രോതസ്സുകളുടെ നിലനിൽപ്പും പുനർ ഉത്തേജിപ്പിക്കലും ഉറപ്പ് വരുത്തിയില്ല

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്ളാൻ ഫണ്ടിന്റെ ഉത്പാദന വിഭാഗത്തിൻ കീഴിലുള്ള പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള ഫണ്ടിന്റെ മൂന്നിലൊന്നെങ്കിലും മഴവെള്ള സംഭരണം, ജലസംരക്ഷണം മുതലായ പദ്ധതികൾക്കായി ചെലവഴിക്കേണ്ടതാണ്. പട്ടാമ്പി ഗ്രാമപഞ്ചായത്ത്[31], കൊപ്പം ഗ്രാമപഞ്ചായത്ത്[32], പാലക്കാട് ബ്ളോക്ക് പഞ്ചായത്ത്[33], തിരുവേഗപ്പുറം ഗ്രാമപഞ്ചായത്ത്[34] എന്നിവിടങ്ങളിൽ മഴയുടെ ലഭ്യതയിലുള്ള വ്യതിയാനം കാരണം ജലത്തിന്റെ അളവിലുണ്ടാകുന്ന കുറവ്, ജലസ്രോതസ്സ് വറ്റിയത് കാരണം കുടിവെള്ള വിതരണ പദ്ധതികളുടെ പരാജയം എന്നിവ ഭൂഗർഭജല വകുപ്പിന് മനസ്സിലായെങ്കിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ

31 കൈതാളി തെരുവ്, കലോർക്കുന്ന്, കണ്ടംതോട്, വടക്കുമുറി കുടിവെള്ള വിതരണ പദ്ധതികൾ

32 വിയറ്റ്നാംപടി, കൊക്കാരമുക്ക്, വൈദ്യർപടി, പാറവെട്ടുച്ചാൽ, പാറക്കൽപ്പടി എന്നിവിടങ്ങളിലെ കുടിവെള്ള വിതരണ പദ്ധതികൾ

33 നായാടിക്കുന്ന് പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണ പദ്ധതി

34 പൊട്ടക്കാവ്, കളപ്രാംതൊടി എന്നിവിടങ്ങളിലെ കുടിവെള്ള വിതരണ പദ്ധതികൾ

മഴവെള്ള സംഭരണത്തിനോ ജല സംരക്ഷണ പദ്ധതികൾക്കോ വേണ്ട പദ്ധതികളൊന്നും ആവിഷ്കരിച്ചില്ല.

പട്ടാമ്പി ഗ്രാമപഞ്ചായത്തും തിരുവേഗപ്പുറം ഗ്രാമപഞ്ചായത്തും ജല സംരക്ഷണത്തിന് വേണ്ട പദ്ധതികൾ 2010-11-ൽ നടപ്പാക്കുമെന്ന് സർക്കാർ അറിയിച്ചു (2010 മേയ്).

### 3.2.9.4 ഗുണനിലവാര നിയന്ത്രണം

ജലവിതരണ പദ്ധതികൾ കൈമാറുന്ന സമയത്ത് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ട ചുമതല സർക്കാർ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഏൽപിച്ചു (1998 നവംബർ). ഭൂഗർഭജല വകുപ്പിന്റെ പക്കലുള്ള ശാസ്ത്രീയ ഡാറ്റായും കേരള ജല അതോറിറ്റിയുടെ ജലഗുണനിലവാര സർവ്വേ റിപ്പോർട്ടും അനുസരിച്ച് വയനാട് ജില്ലയിലെ ജലസ്രോതസ്സുകളിൽ ഇ കോളി, ഫ്ളൂറൈഡ്, ഇരുമ്പ്, നൈട്രേറ്റ്, മാലിന്യം മുതലായവയുണ്ടെന്നും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ പഠനം അനുസരിച്ച് അഗളി ഗ്രാമപഞ്ചായത്തിൽ കോളിഫോമിന്റെ അതിപ്രസരം ഉണ്ടെന്നും കണ്ടെത്തി. പക്ഷെ ലാക്ഷണിക പരിശോധന നടത്തിയ ഒരു പഞ്ചായത്ത് രാജ് സ്ഥാപനവും അവരുടെ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കാലാകാലങ്ങളിൽ പരിശോധിക്കാനോ നിയന്ത്രിക്കാനോ ഉള്ള പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടില്ല.

### 3.2.9.5 ആന്തരിക നിയന്ത്രണം

കാര്യക്ഷമമായ ആന്തരിക നിയന്ത്രണ സംവിധാനം ഒരു സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പിലേയും മേൽനോട്ടത്തിലേയും ആന്തരിക നിയന്ത്രണ ന്യൂനതകൾ താഴെ പ്രതിപാദിക്കുന്നു.

- **ആസ്തി രജിസ്റ്റർ**

കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ആസ്തികളുടെ കണക്കുകൾ ഗ്രാമപഞ്ചായത്തുകൾ പ്രത്യേക ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. 2006-ന് ശേഷം കുടിവെള്ള വിതരണ പദ്ധതികളുടെ കീഴിൽ നിർമ്മിക്കപ്പെട്ട ആസ്തികൾ 11 ഗ്രാമപഞ്ചായത്തുകൾ[35] ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. രണ്ട് ഗ്രാമപഞ്ചായത്തുകൾ, അതായത് കുമരകവും പനച്ചിക്കാടും ആസ്തി രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. ശരിയായ മാതൃകയിൽ ആസ്തി രജിസ്റ്ററുകൾ പരിപാലിക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2010 മേയ്).

- **ജില്ലാപഞ്ചായത്തുകളിൽ പദ്ധതികളുടെ പ്രവർത്തനത്തിന്റെ തൽസ്ഥിതിയുടെ ലഭ്യതയില്ലായ്മ**

2004 ഡിസംബർ മാസത്തിലെ പുരോഗതി റിപ്പോർട്ട് പ്രകാരം കേരള ആഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ 42 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കോട്ടയം ജില്ലാപഞ്ചായത്ത് ഇതുവരെ ഈ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. പദ്ധതികളുടെ പ്രവർത്തനത്തിന്റെ തൽസ്ഥിതി, പദ്ധതികളിൽ നിന്നുണ്ടായ പ്രയോജനം മുതലായവയെപറ്റി ജില്ലാ പഞ്ചായത്തിന് യാതൊരറിവുമുണ്ടായിരുന്നില്ല. കേരള ആഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷനെ ഏൽപിച്ചിരിക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതിയെപറ്റിയുള്ള വിവരങ്ങൾ ജില്ലാപഞ്ചായത്തിന്റെ പക്കലില്ലാത്തതിനാൽ ഓഡിറ്റ് ടീം ബ്ലോക്ക് പഞ്ചായത്ത് / ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരോടൊപ്പം പൂർത്തിയായ ഒരു പദ്ധതിയുടെയും തുടർന്നുകൊണ്ടിരിക്കുന്ന മൂന്ന് പദ്ധതികളുടെയും സ്ഥലസന്ദർശനം നടത്തുകയുണ്ടായി. ശ്രദ്ധയിൽപെട്ട കാര്യങ്ങൾ ചുവടെ വിവരിക്കുന്നു.

35 മീനടം, നാട്ടകം, അയർക്കുന്നം, ഇളംകുന്നപ്പുഴ, മലയാറ്റൂർനീലീശ്വരം, കുറുകുറ്റി, കാലടി, കാഞ്ഞൂർ, പള്ളിക്കത്തോട്, പാമ്പാടി, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തുകൾ

- ഒരു ലക്ഷം രൂപ ചെലവിൽ പൂർത്തീകരിക്കപ്പെട്ടു എന്ന് അറിയിച്ച പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ ഇലംപള്ളി മാർക്കറ്റ് കുടിവെള്ള വിതരണ പദ്ധതി ഒരു സ്വകാര്യ വ്യക്തി അദ്ദേഹത്തിന്റെ കോഴിവളർത്തൽ കേന്ദ്രത്തിനും ഇഷ്ടിക നിർമ്മാണ യൂണിറ്റിനും വേണ്ടിയാണ് ഉപയോഗിക്കുന്നത്.
- 8.46 ലക്ഷം രൂപ ചെലവിൽ കൂരോപ്പട ഗ്രാമപഞ്ചായത്തിലെ മക്കേൽപ്പടി കുടിവെള്ള വിതരണ പദ്ധതി അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ തെക്കണാംകുന്ന് കുടിവെള്ള വിതരണ പദ്ധതികൾക്കു വേണ്ടി നിർമ്മിച്ച കിണറും, പമ്പ്ഹൗസും, ആർസിസി ടാങ്കും നശിച്ച നിലയിലായിരുന്നു. ഈ രണ്ട് പദ്ധതികളേയും പണി പുരോഗമിക്കുന്ന പദ്ധതികളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരുന്നത്.

### 3.2.10 നിഗമനം

ശരിയായ മാർഗ്ഗനിർദ്ദേശങ്ങളുടെയും ഫണ്ടുകളുടെ നീക്കിവയ്ക്കലിന്റെയും അഭാവം കുടിവെള്ള വിതരണ പദ്ധതികളുടെ വിജയകരമായ നടപ്പാക്കലിനെ ബാധിച്ചു. ലാക്ഷണിക പരിശോധന നടത്തിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ 2004-05 മുതൽ 2008-09 വരെ ആവിഷ്കരിച്ച 1246 പദ്ധതികളിൽ 192 പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനമില്ലായ്മ പദ്ധതികളുടെ നടത്തിപ്പിനേയും പരിപാലനത്തെയും ബാധിച്ചു. പദ്ധതി ഫണ്ടുകൾ ഉപയോഗിച്ചതായി കാണിക്കുന്നതിന് വേണ്ടി, കേരള ജല അതോറിറ്റിയിലെയും ഭൂഗർഭജല വകുപ്പിന്റെയും കുടിവെള്ള വിതരണ പദ്ധതികളുടെ നടപ്പാക്കലിന് വേണ്ടി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നിക്ഷേപിച്ച തുക ചെലവായതായി കാണിച്ചു. കാലാകാലങ്ങളിലുള്ള പരിശോധന വഴി കുടിവെള്ളത്തിന്റെ ഗുണനിലവാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഉറപ്പ് വരുത്തിയില്ല. ജല സ്രോതസ്സുകൾ നിലനിർത്തുന്നതിനും പുനരുത്തേജിപ്പിക്കുന്നതിനും വേണ്ടത്ര ശ്രദ്ധ നൽകിയില്ല.

### 3.2.11 ശിപാർശകൾ

- കുടിവെള്ള വിതരണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും കേരള ജല അതോറിറ്റി പോലുള്ള നടപ്പാക്കൽ ഏജൻസികളുടെ റോളുകൾ പരാമർശിക്കുന്ന വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കണം.
- ഇപ്പോൾ ലഭ്യമായ കുടിവെള്ള സൗകര്യങ്ങളുടെ വ്യാപ്തി അളക്കുവാൻ ഗ്രാമപഞ്ചായത്തുകൾ വിശദമായ ഒരു സർവ്വേ നടത്തുകയും ഭാവി പദ്ധതികൾക്ക് ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കുകയും വേണം.
- ഗ്രാമപഞ്ചായത്തുകളുടെ ആവശ്യകത മനസ്സിലാക്കിയതിനുശേഷം ജില്ലാ പഞ്ചായത്തുകളും ബ്ളോക്ക് പഞ്ചായത്തുകളും പദ്ധതികൾ ആവിഷ്കരിക്കുകയും അതുവഴി നിർമ്മിക്കപ്പെടുന്ന ആസ്തികൾ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും, പരിപാലനത്തിനും മേൽനോട്ടത്തിനുമായി അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയും വേണം.
- കുടിക്കുന്നതിനായി ലഭിക്കുന്ന ജലം ശുദ്ധമാണെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള പദ്ധതികൾ ഓരോ ഗ്രാമപഞ്ചായത്തും ആവിഷ്കരിക്കണം.
- ജലസ്രോതസ്സുകൾ നിലനിർത്തുന്നതും പുനരുത്തേജിപ്പിക്കുന്നതും ഉറപ്പുവരുത്തുന്നതിന് വേണ്ട പദ്ധതികൾ വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് സർക്കാർ മറുപടി സമയബന്ധിതമായി ലഭ്യമാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, ഭാവിയിൽ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

26. ജലവിഭവ വകുപ്പിൽ നിന്നും സമിതിയിൽ സമർപ്പിക്കാനുള്ള മറുപടികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നൽകി. വാട്ടർ അതോറിറ്റിയുടെ പൂർത്തിയാക്കാൻ കഴിയാത്ത വർക്കുകളുടെ തുക സമയബന്ധിതമായി തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഡെപ്പോസിറ്റ് വർക്കുകളുടെ ആഴ്ചതോറുമുള്ള പുരോഗതി കൃത്യമായി പരിശോധിക്കുകയും പ്രസ്തുത വിവരങ്ങൾ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നുണ്ടെങ്കിലും എട്ടും ഒൻപതും വർഷമായി പൂർത്തിയാക്കാത്ത പ്രോജക്ടുകൾ ഇപ്പോഴും നിലവിലുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

27. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി നടത്തിപ്പിനായി സെന്റേജ് വാങ്ങുന്നത് സംബന്ധിച്ച് ചട്ട വിരുദ്ധമായി പ്രവർത്തിക്കാൻ പാടില്ലെന്നും നിയമവിരുദ്ധമായി അപ്രകാരം വാങ്ങിയിട്ടുണ്ടെങ്കിൽ അത് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കാമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. അപ്രകാരം തുക നഷ്ടപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് തിരികെ ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ ഓരോ ഡിവിഷനിലും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ആഴ്ചയിൽ ഒരു നിശ്ചിത സമയം മാറ്റി വയ്ക്കണമെന്നും ഓൺലൈനായി ലഭിക്കുന്ന പരാതികളും പരിശോധിക്കുന്നതിന് സംവിധാനം സജ്ജമാക്കണമെന്നും സമിതി കൂട്ടിച്ചേർത്തു.

28. തെറ്റായ ആസൂത്രണവും പ്രായോഗികമല്ലാത്ത പദ്ധതികൾക്ക് പഞ്ചായത്തുകൾ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതുമാണ് പല പദ്ധതികളും പൂർത്തിയാക്കാൻ

സാധിക്കാത്തതിന് കാരണമെന്നും പ്രശ്നപരിഹാരത്തിനായി ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നും ഡെപ്പോസിറ്റ് നടത്തുന്ന പദ്ധതികൾ ഫീസിബിൾ ആണോയെന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ രണ്ടു വകുപ്പുകളും ഉറപ്പു വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചു

29. പദ്ധതികൾ പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റി പഞ്ചായത്തുകൾക്ക് മറുപടി നൽകുകയോ പഞ്ചായത്തുകൾ വാട്ടർ അതോറിട്ടിയോട് ആരായുകയോ ചെയ്യുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു

30. പ്രായോഗികത നോക്കാതെ വർഷങ്ങൾ കഴിഞ്ഞും പല വർക്കുകളും നടത്തിയിരുന്നതായും ഫണ്ട് ചെലവഴിക്കാൻ വേണ്ടി മാർച്ച് മാസം അവസാനം ഡെപ്പോസിറ്റ് വർക്കുകൾ നടത്തിയതായും പിന്നീട് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ പരിശോധിച്ച് ഇവ പ്രായോഗികമല്ലെന്ന് കണ്ടെത്തുകയും തുടർന്ന് പ്രവൃത്തി ചെയ്യാൻ സാധിക്കാത്ത 188 പ്രോജക്ടുകളുടെ തുക പഞ്ചായത്തുകൾക്ക് തിരികെ നൽകിയതായും ജൽജീവൻ പദ്ധതിയിൽ കീഴിൽ Source finding committee രൂപീകരിച്ച് ഇത്തരം പ്രോജക്ടുകളുടെ Source കണ്ടെത്തി അവ perenial source ആണോയെന്ന് പരിശോധിച്ച് അല്ലെങ്കിൽ perenial source ആക്കുന്നതിനുള്ള നടപടി കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നതെന്നും നിലവിലെ കണക്കു പ്രകാരം ജൽജീവൻ മിഷനിൽ 7,38,000 കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു

31. വാട്ടർ ചാർജിൽ മാറ്റം വരുമ്പോൾ റേറ്റ് റിവിഷൻ വരുമെന്നതിനാൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാതിരിക്കുന്നതു കാരണം ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് റേറ്റ് റിവിഷനിൽ ഡി.എസ്. ആർ 2018 നിലവിൽ വന്നിട്ടുണ്ടെന്നും ജൽജീവൻ മിഷനിൽ 13,99,000 കണക്ഷനുകൾക്ക് 11.4% റേറ്റ് വർദ്ധനവിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും വാട്ടർ അതോറിറ്റിയുടെ

എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തികളുടെ മേൽനോട്ടം നടത്തുന്നുണ്ടെന്നും പൈപ്പിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നത് സംബന്ധിച്ച് ആയതിന് CIPET എന്ന കേന്ദ്ര ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അക്കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നില്ലെന്നും കേരള വാട്ടർ അതോറിറ്റി എം. ഡി വിശദീകരിച്ചു.

32. പി. ഡബ്ല്യു.ഡി റോഡ് കട്ട് ചെയ്യാൻ അനുവദിക്കാത്തതിനാൽ ജൽജീവൻ മിഷന്റെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുന്നില്ലെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് പദ്ധതി നിലവിൽ വന്ന ശേഷം ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റിയുടെയും ചീഫ് സെക്രട്ടറി ചെയർമാനായ ഇന്റർ ഡിപ്പാർട്ട്മെന്റ് കമ്മിറ്റിയുടെയും പരിഗണനയ്ക്കുശേഷം റോഡുകളുടെ നവീകരണത്തിന് മുമ്പ് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള രീതിയാണ് അവലംബിക്കുന്നതെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

33. 06.09.2021 ന് നിശ്ചയിച്ചിരുന്ന വാട്ടർ അതോറിറ്റിയുടെ അവലോകന യോഗം നടത്തിയിരുന്നതായും വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും പങ്കെടുത്ത പ്രസ്തുത യോഗത്തിൽ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ട തുക സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും കണക്കുകളിൽ വ്യത്യാസം കണ്ടെത്തിയതിനാൽ വിവിധ ഡിവിഷനുകളുമായി ബന്ധപ്പെട്ട് റിക്കൺസിലിയേഷൻ നടത്തി പ്രസ്തുത തുക സംബന്ധിച്ച് അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും രജിസ്റ്ററുകൾ ഒത്തുനോക്കി പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചതായും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

34. 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ച 188 പ്രവൃത്തികളിൽ ചെലവഴിക്കാതെ ബാക്കിയായ 2.37 കോടി രൂപ പത്ത് ജല അതോറിറ്റി ഡിവിഷനുകൾ കൈവശം വച്ചിരിക്കുന്നതായി മനസ്സിലാക്കിയ സമിതി, അപ്രകാരം ചെലവഴിക്കാത്ത തുക ജല

അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി കൈക്കൊള്ളണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിച്ചു

35. പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് ജോലികൾക്ക് സെന്റേജ് ചാർജ് പിരിക്കുന്നത് സംബന്ധിച്ച് 73-ാം ഭരണഘടനാ ഭേദഗതിക്ക് മുമ്പ് ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നുപറയുന്നതിന് പകരം ലോക്കൽ ബോഡി എന്നു മാത്രമേ പറഞ്ഞിരുന്നുള്ളുവെന്നും പഞ്ചായത്തുകളിലെ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ പഞ്ചായത്ത് രാജ് നഗരപാലിക ആക്റ്റ് പ്രകാരം സെന്റേജ് ചാർജ് വാങ്ങാൻ പാടില്ലെന്നും പി.ഡബ്ല്യു.ഡി. മാന്വലിൽ പഞ്ചായത്ത് രാജ് ആക്റ്റിനോ ചട്ടങ്ങൾക്കോ വിരുദ്ധമായിട്ടെന്തെങ്കിലുമുണ്ടെങ്കിൽ പഞ്ചായത്ത് രാജ് ആക്റ്റും ചട്ടങ്ങളുമായിരിക്കും നിലനിൽക്കുന്നതെന്നും അതിന് വിരുദ്ധമായി ഏതെങ്കിലും വകുപ്പോ ഏജൻസിയോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന് നിയമ സാധുതയില്ലെന്നും നിലവിൽ അപ്രകാരം സെന്റേജ് ചാർജ് വാങ്ങുന്നില്ലെന്നും ഇതു സംബന്ധിച്ച് നിയമ വൈരുദ്ധ്യമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമെന്നും സമിതി നിർദ്ദേശത്തിനുത്തരമായി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയിൽ അറിയിച്ചു.

36. സെന്റേജ് ചാർജ്ജും മേൽനോട്ട ചാർജ്ജും സംബന്ധിച്ച് പി.ഡബ്ല്യു.ഡി. മാന്വലിലെ നിഷ്കർഷ കേരള വാട്ടർ അതോറിറ്റിക്കും ബാധകമാണെന്നും 21 ഡിവിഷനുകളിലായി 2,36,93,023 രൂപയാണ് തിരിച്ചടക്കേണ്ടതെന്നും 2016 മുതൽ 2018 വരെ കുറച്ച് തുക തിരിച്ചടച്ചിട്ടുണ്ടെന്നും 2021-ൽ മുഴുവൻ കണക്കുകളും പരിശോധിച്ചപ്പോൾ അതിൽ 1,70,41,497 രൂപ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് തിരിച്ച് നൽകിയിട്ടുണ്ടെന്നും വാട്ടർ അതോറിറ്റിയുടെ രേഖകൾ പ്രകാരം മുഴുവൻ തുകയും തിരിച്ചടച്ചിട്ടുണ്ടെന്നും ഇനി എന്തെങ്കിലും തുക തിരിച്ചടയ്ക്കാനുണ്ടെങ്കിൽ ആയത് പരിശോധിക്കാമെന്നും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ മറുപടി നൽകി.

37. സെന്റേജ് ചാർജ്ജും ഡെപ്പോസിറ്റ് ചാർജ്ജും സംബന്ധിച്ച് വാട്ടർ അതോറിറ്റി തിരിച്ചടച്ച തുകയിൽ ചെലവാക്കിയതും ബാക്കിയുള്ളതുമായ തുക സംബന്ധിച്ച് സമിതി

ആരാഞ്ഞതിന് വാട്ടർ അതോറിറ്റിയുടെ നിസ്സഹകരണം കാരണമാണ് തുക തിരികെ ലഭിക്കാത്തതെന്ന് തദ്ദേശസ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഏകോപിതമായി എല്ലാ തദ്ദേശസ്ഥാപനങ്ങളുടെയും തുക സംബന്ധിച്ച കണക്കുകൾ സർക്കാരിന് ലഭ്യമായിട്ടില്ലാത്തതിനാലാണ് വാട്ടർ അതോറിറ്റിയിൽ നിന്നും അപ്രകാരം തിരികെ ലഭിക്കാനുള്ള തുക തിരികെ ആവശ്യപ്പെടാത്തതെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആകെയുള്ള കണക്കെടുത്ത് തുക എത്രയാണെന്ന് വ്യക്തമാക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

38. എല്ലാ പദ്ധതികളെ സംബന്ധിച്ചും കൃത്യമായ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വാട്ടർ അതോറിറ്റി ഡിവിഷനുകളിലേയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വളരെ കുറഞ്ഞ തിരിച്ചടവാണ് ലഭിച്ചിട്ടുള്ളതെന്നും വാട്ടർ അതോറിറ്റി തദ്ദേശസ്ഥാപനങ്ങളിൽ നിന്നും സെന്റേജ് ചാർജ് നിർബന്ധമായും വാങ്ങിക്കൊണ്ടിരിക്കുകയാണെന്നും സെന്റേജ് ചാർജ് വാങ്ങേണ്ടതില്ലെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഉത്തരവിറക്കാൻ സമിതി നിർദ്ദേശം നൽകണമെന്നും സെന്റേജ് ചാർജ് സംബന്ധിച്ച് തീരുമാനം ഉണ്ടാകണമെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ ഡെപ്പോസിറ്റിനുപകരമായി 20 ശതമാനം മൊബിലൈസേഷൻ അഡ്വാൻസ് നൽകിക്കഴിഞ്ഞുവെന്നും എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ചെയ്തതിനു ശേഷം ബാക്കി തുക നൽകുന്നത് പഞ്ചായത്തിന് ബാദ്ധ്യതയാണെന്നും ആയതിനുള്ള പരിഹാരം സമിതി നിർദ്ദേശിക്കണമെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

39. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിയമവിരുദ്ധമായി സെന്റേജ് ചാർജുകൾ വാങ്ങിയത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമിതി മുമ്പാകെ ഉറപ്പു നൽകി.

40. കുടിവെള്ള ദൗർലഭ്യം കൂടുതലായി അനുഭവപ്പെടുന്ന പാലക്കാട് ജില്ലയിൽ കുടിവെള്ള പദ്ധതികൾ ഔദ്യോഗികമായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ലെങ്കിലും നിലവിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതികൾ നിരീക്ഷിക്കാതിരിക്കുകയോ അറ്റകുറ്റപണികൾ നടത്താതിരിക്കുകയോ

ചെയ്യുന്നില്ലെന്നും വയനാട്, എറണാകുളം, കോട്ടയം എന്നീ ജില്ലാ പഞ്ചായത്തുകൾ മുൻ വർഷങ്ങളിൽ നിർവ്വഹണം പൂർത്തിയാക്കിയ മുഴുവൻ കുടിവെള്ള പദ്ധതികളും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. പദ്ധതി പൂർത്തീകരണത്തിനു ശേഷവും നാളിതുവരെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ലാത്ത കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തരമായി കൈമാറണമെന്ന് സമിതി നിർദ്ദേശിച്ചു

41. പൊതുമരാമത്ത് പ്രവൃത്തികൾക്ക് മുൻകൂറായി വാങ്ങിയ തുക സംബന്ധിച്ച് ആകെ 69 പദ്ധതികളാണുണ്ടായിരുന്നതെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ തുകയായ 24,77,907/- രൂപ കെയ്ക്കോ പഞ്ചായത്തിലേയ്ക്ക് തിരിച്ചടച്ചുവെന്നും ബാക്കി തുകയുള്ള വർക്കുകൾ പൂർത്തിയായെന്നും 40.05 ലക്ഷം രൂപയാണ് മുൻകൂറായി നൽകിയതെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

42. മുൻകാലങ്ങളിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന സംവിധാനമാണ് വെള്ളക്കരമെന്നും അത് സർക്കാർ നിർത്തലാക്കിയിട്ടുണ്ടെന്നും നിയമത്തിലും വാട്ടർ ചാർജ്ജ് എന്നാണ് പറഞ്ഞിരിക്കുന്നതെന്നും ആയതിനാൽ തദ്ദേശഭരണകൂടങ്ങളും ഓഡിറ്റ് വകുപ്പും വെള്ളക്കരം എന്ന വാക്കിനു പകരം വാട്ടർചാർജ് എന്ന് ഉപയോഗിക്കുന്നതാണ് ഉചിതമെന്നും ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. തുടർന്ന് വെള്ളക്കരം എന്ന വാക്കിന് പകരം വാട്ടർചാർജ് എന്ന വാക്ക് ഉപയോഗിക്കണമെന്ന് ഓഡിറ്റിനും തദ്ദേശസ്വയംഭരണ വകുപ്പിനും സമിതി നിർദ്ദേശം നൽകി.

43. നിലവിൽ പൊതുടാപ്പുകൾ എല്ലാം തന്നെ പ്രവർത്തനക്ഷമമാണെന്നും ഇതുസംബന്ധിച്ച് വകുപ്പുകൾ സംയുക്ത പരിശോധന നടത്തി ബോധ്യപ്പെട്ടിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

44. നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഓഡിറ്റ് പരാമർശം സംബന്ധിച്ച് രണ്ട് തവണ ചർച്ച നടത്തിയശേഷം ഏറ്റവും പുതിയ വിവരങ്ങളാണ് സമിതി മുമ്പാകെ

സമർപ്പിച്ചിട്ടുള്ളതെന്ന് റൂറൽ ഡെവലപ്‌മെന്റ് കമ്മീഷണർ സമിതിയുടെ ചോദ്യത്തിനുത്തരമായി വ്യക്തമാക്കി. പൊതു ടാപ്പുകൾ കണ്ടെത്തിയിട്ടുണ്ടെന്നും അവ പ്രവർത്തനക്ഷമമാണെന്നും മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ അറിയിച്ചു

45. ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള സർക്കാർ മറുപടി ലഭ്യമാക്കുന്നതിൽ വകുപ്പുകളുടെ ഭാഗത്തുനിന്നും ഗുരുതരവും ന്യായീകരിക്കാനാവാത്തതുമായ കാലതാമസം ഉണ്ടാകുന്നതായി വിലയിരുത്തിയ സമിതി സർക്കാർ മറുപടികൾ സമയബന്ധിതമായി ലഭ്യമാക്കണമെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറിക്ക് കത്തയയ്ക്കാൻ തീരുമാനിച്ചു

46. വയനാട് ജില്ലയിലെ ജലസ്രോതസ്സുകളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടെന്നും റൂറൽ ഡെവലപ്‌മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**47. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് സർക്കാർ മറുപടി സമയബന്ധിതമായി ലഭ്യമാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, ഭാവിയിൽ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.**

**48. ജലവിഭവ വകുപ്പിൽ നിന്നും സമിതിയിൽ സമർപ്പിക്കാനുള്ള മറുപടികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് ജലവിഭവ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**49. വർഷങ്ങളായിട്ടും പൂർത്തിയാക്കാൻ സാധിക്കാത്ത കുടിവെള്ള വിതരണ പദ്ധതികൾ അതിന്റെ കാര്യകാരണങ്ങൾ സഹിതം വിശദമാക്കികൊണ്ട് അതാത് പഞ്ചായത്തുകൾക്ക് ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതാണെന്ന് ജലവിഭവവകുപ്പ് അറിയിച്ച സാഹചര്യത്തിൽ ആയതിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

50. പഞ്ചായത്തീരാജ് നഗരപാലികാ ആക്ടിലെ ചട്ടം പ്രകാരം പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളിലെ പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ സെന്റേജ് ചാർജ്ജ് വാങ്ങാൻ പാടില്ലെന്നിരിക്കെ ആയതിനു വിരുദ്ധമായി കേരള വാട്ടർ അതോറിറ്റി സെന്റേജ് ചാർജ്ജ് ഈടാക്കിയത് ശരിയായ നടപടിയല്ലെന്ന് സമിതിയിൽ വിശദീകരിക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഈടാക്കിയിട്ടുള്ള സെന്റേജ് ചാർജ് പൂർണ്ണമായും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്ക് സമയക്രമം നിശ്ചയിച്ച് തിരികെ നല്കണമെന്നും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

51. ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കുന്നത് ഒഴിവാക്കുവാൻ പഞ്ചായത്തീരാജ് നഗരപാലികചട്ടത്തിന് വിരുദ്ധമായി വാട്ടർ അതോറിറ്റി, പൊതുമരാമത്ത് ഇടങ്ങി വിവിധ സേവന ദാതാക്കളായ വകുപ്പുകളിൽ എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോയെന്ന് പരിശോധിച്ച് ആയവ ഒഴിവാക്കി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

52. പൊതുജനങ്ങളിൽ നിന്നും നേരിട്ടും അല്ലാതെയും (ഓൺലൈൻ/ ഇമെയിൽ/ഇടങ്ങിയ) ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ ഓരോ ഡിവിഷനിലും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഓരോ ആഴ്ചയും ഒരു നിശ്ചിത സമയം ക്രമീകരിക്കണമെന്നും ഉപഭോക്താക്കളെ ഇത് അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

53. വാട്ടർ അതോറിറ്റിയുടെ വിവിധ ഡിവിഷനുകളുമായി ബന്ധപ്പെട്ട് റിക്കൺസിലിയേഷൻ നടത്തി പഞ്ചായത്തിന് ലഭിക്കേണ്ട തുക സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും രജിസ്റ്ററുകൾ ഒത്തുനോക്കി പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 06.09.2021 ലെ അവലോകന യോഗത്തിന്റെ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ച 188 പ്രവൃത്തികളിൽ ചെലവഴിക്കാതെ

ബാക്കിയായ 2.37 കോടി രൂപ പത്ത് ജല അതോറിറ്റി ഡിവിഷനുകൾ കൈവശം വച്ചിരിക്കുന്നതായി മനസ്സിലാക്കിയ സമിതി, അപ്രകാരം ചെലവഴിക്കാത്ത തുക ജല അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് വകുപ്പും വെള്ളക്കരം എന്ന വാക്കിന് പകരം വാട്ടർ ചാർജ് എന്ന് ഉപയോഗിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിനുള്ളിലെ കുടിവെള്ള വിതരണം പദ്ധതി നടത്തിപ്പ് അതു ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. കൂടാതെ എല്ലാ വികസന പദ്ധതികളുടേയും രൂപീകരണം ഗ്രാമസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്. എന്നാൽ ജില്ലാപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും നേരിട്ട് കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഈ അടിസ്ഥാന തത്വം പാലിക്കപ്പെടാതിരിക്കുന്നതായതിനാൽ തന്നെ ഇവർ ഏറ്റെടുത്തു നടത്തിയിട്ടുള്ള പദ്ധതിയിൽ പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നതിനും അതുവഴി ധനനഷ്ടമുണ്ടാകുന്നതായും സമിതി മനസ്സിലാക്കുന്നു. അതിനാൽ കുടിവെള്ള വിതരണ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ഗ്രാമപഞ്ചായത്തുകളുടെ ആവശ്യകത മനസ്സിലാക്കി ബ്ലോക്ക് പഞ്ചായത്തും ജില്ലാപഞ്ചായത്തും സംയുക്തമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആസൂത്രണ വേളയിൽ തന്നെ ജലവിഭവ വകുപ്പുമായി കൂടിയാലോചിച്ച് പദ്ധതി പ്രായോഗികമാണെന്നു ഉറപ്പു വരുത്തിയ ശേഷം നടപ്പാക്കാവൂ എന്നും പദ്ധതികൾ പൂർത്തിയായാലുടൻ തന്നെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറി പദ്ധതിയുടെ മേൽനോട്ടം ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിനു സ്വീകരിച്ച നടപടി ക്രമങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2024 ഫെബ്രുവരി 13

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

## അനുബന്ധം - I
## പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

| ക്രമ നം. | ഖണ്ഡിക | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 18 | തദ്ദേശ സ്വയംഭരണ വകുപ്പ് | വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രവിഹിതം ഗുണഭോക്താക്കൾക്ക് ചെക്ക് മുഖാന്തിരം അനുവദിച്ചതിൽ ഗുരുതരമായ വീഴ്ചകൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം സമിതി മുമ്പാകെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ ചെക്കുകൾ വിതരണം ചെയ്തതിലെ അപാകതകൾ, അവ പരിഹരിച്ചത് എങ്ങനെ, പ്രസ്തുത പരിഹാര നടപടികൾ ക്രമപ്രകാരമാണോ എന്നത് സംബന്ധിച്ച് കേന്ദ്ര വിഹിതം ഉപയോഗിച്ചുള്ള പദ്ധതി നിർവ്വഹണത്തിലെ മേൽനോട്ടത്തിനായി വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഫലപ്രദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ, അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്നിവ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2 | 19 | ,, | 2008-09 സാമ്പത്തിക വർഷത്തെ പ്രോജക്ട് സ്പിൽ ഓവറായതിനാൽ തുക നൽകുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ചെക്കുകൾ മുൻകൂറായി പിൻവലിച്ചത് സംബന്ധിച്ച് പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 20 | ,, | ക്രഡിറ്റ്-കം-സബ്സിഡി ഇനത്തിൽ അനുവദിച്ചിരുന്ന സബ്സിഡി തുക 2004 ഏപ്രിൽ മാസം മുതൽ 10,000 രൂപയിൽ നിന്നും 12500 രൂപയായി വർദ്ധിപ്പിച്ചെങ്കിലും വർദ്ധിപ്പിച്ച തുക ഗുണഭോക്താക്കൾക്ക് നൽകിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 4 | 21 | ” | അധികരിച്ച സബ്സിഡി നൽകാത്തത് സംബന്ധിച്ച് പഞ്ചായത്ത് വകുപ്പ് രേഖാമൂലം ലഭ്യമാക്കിയ മറുപടിയിലെയും തെളിവെടുപ്പ് വേളയിൽ സമിതിയ്ക്ക് നൽകിയ മറുപടിയിലെയും വൈരുദ്ധ്യം തിരുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 22 | ” | ഐ.എ.വൈ. പദ്ധതിയിൻ കീഴിൽ നിർമ്മിച്ച വീടുകളുടെ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി കൊല്ലം ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ ശേഖരിച്ച തുക ചിന്നക്കട ശാഖയിലെ കാനറാ ബാങ്കിന്റെ എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നതായുള്ള ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ നിക്ഷേപിക്കപ്പെട്ട ഗുണഭോക്താക്കളുടെ ഇൻഷ്വറൻസ് തുകയും പലിശയും ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 6 | 23 | ” | ഐ.എ.വൈ. പദ്ധതി ഗുണഭോക്താക്കളിൽ നിന്നും ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ 2002 മുതലുള്ള കാലയളവിൽ തുക ഈടാക്കിയിരുന്നെങ്കിലും അത് കൃത്യമായി വിനിയോഗിക്കാതെ 2005 കാലയളവ് മുതൽ ഇൻഷ്വറൻസ് പോളിസി എടുക്കാൻ കഴിയാതെ വരുകയും തുക ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്ത സാഹചര്യത്തിൽ പോളിസി ഇനത്തിൽ പിരിച്ച തുക, അക്കൗണ്ടിൽ നിക്ഷേപിച്ച തുക പിന്നീട് ക്രമപ്പെടുത്തിയതെങ്ങനെ എന്നിവ സംബന്ധിച്ചും അന്നത്തെ കാലയളവിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 7 | 24 | ” | വീടുകൾ വൈദ്യുതീകരിക്കാത്തതുകൊണ്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയിൽ കുറവ് വരുത്തിയ തുക സംബന്ധിച്ച് പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് അടിയന്തര റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 8 | 47 | ” | ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് സർക്കാർ മറുപടി സമയബന്ധിതമായി ലഭ്യമാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, ഭാവിയിൽ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു. |
| 9 | 48 | ജലവിഭവം | ജലവിഭവ വകുപ്പിൽ നിന്നും സമിതിയിൽ സമർപ്പിക്കാനുള്ള മറുപടികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് ജലവിഭവ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 10 | 49 | തദ്ദേശ സ്വയംഭരണം | വർഷങ്ങളായിട്ടും പൂർത്തിയാക്കാൻ സാധിക്കാത്ത കുടിവെള്ള വിതരണ പദ്ധതികൾ അതിന്റെ കാര്യകാരണങ്ങൾ സഹിതം വിശദമാക്കികൊണ്ട് അതാത് പഞ്ചായത്തുകൾക്ക് ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതാണെന്ന് ജലവിഭവവകുപ്പ് അറിയിച്ച സാഹചര്യത്തിൽ ആയതിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 50 | തദ്ദേശ സ്വയംഭരണം, ജലവിഭവം, പൊതുമരാമത്ത് | പഞ്ചായത്തിരാജ് നഗരപാലികാ ആക്റ്റിലെ ചട്ടം പ്രകാരം പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളിലെ പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ സെന്റേജ് ചാർജ്ജ് വാങ്ങാൻ പാടില്ലെന്നിരിക്കെ ആയതിനു വിരുദ്ധമായി കേരള വാട്ടർ അതോറിറ്റി സെന്റേജ് ചാർജ്ജ് ഈടാക്കിയത് ശരിയായ നടപടിയല്ലെന്ന് സമിതിയിൽ വിശദീകരിക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഈടാക്കിയിട്ടുള്ള സെന്റേജ് ചാർജ് പൂർണ്ണമായും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്ക് സമയക്രമം നിശ്ചയിച്ച് തിരികെ നല്കണമെന്നും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 12 | 51 | ” | ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കുന്നത് ഒഴിവാക്കുവാൻ പഞ്ചായത്തിരാജ് നഗരപാലികചട്ടത്തിന് വിരുദ്ധമായി വാട്ടർ അതോറിറ്റി, പൊതുമരാമത്ത് തുടങ്ങി വിവിധ സേവന ദാതാക്കളായ വകുപ്പുകളിൽ എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോയെന്ന് പരിശോധിച്ച് ആയവ ഒഴിവാക്കി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 13 | 52 | ജലവിഭവം | പൊതുജനങ്ങളിൽ നിന്നും നേരിട്ടും അല്ലാതെയും (ഓൺലൈൻ/ ഇമെയിൽ/തുടങ്ങിയ) ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ ഓരോ ഡിവിഷനിലും ഒരു എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറുടെ നേതൃത്വത്തിൽ ഓരോ ആഴ്ചയും ഒരു നിശ്ചിത സമയം ക്രമീകരിക്കണമെന്നും ഉപഭോക്താക്കളെ ഇത് അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 14 | 53 | തദ്ദേശ സ്വയംഭരണം | വാട്ടർ അതോറിറ്റിയുടെ വിവിധ ഡിവിഷനുകളുമായി ബന്ധപ്പെട്ട് റിക്കൺസിലിയേഷൻ നടത്തി പഞ്ചായത്തിന് ലഭിക്കേണ്ട തുക സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും രജിസ്റ്ററുകൾ ഒത്തുനോക്കി പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 06.09.2021 ലെ അവലോകന യോഗത്തിന്റെ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 54 | ” | 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ച 188 പ്രവൃത്തികളിൽ ചെലവഴിക്കാതെ ബാക്കിയായ 2.37 കോടി രൂപ പത്ത് ജല അതോറിറ്റി ഡിവിഷനുകൾ കൈവശം വച്ചിരിക്കുന്നതായി മനസ്സിലാക്കിയ സമിതി, അപ്രകാരം ചെലവഴിക്കാത്ത തുക ജല അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 55 | ” | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് വകുപ്പും വെള്ളക്കരം എന്ന വാക്കിന് പകരം വാട്ടർ ചാർജ് എന്ന് ഉപയോഗിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 56 | തദ്ദേശ സ്വയംഭരണം, ജലവിഭവം | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിനുള്ളിലെ കുടിവെള്ള വിതരണം പദ്ധതി നടത്തിപ്പ് അതതു ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. കൂടാതെ എല്ലാ വികസന പദ്ധതികളുടേയും രൂപീകരണം ഗ്രാമസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്. എന്നാൽ ജില്ലാപഞ്ചായത്തുകളും ബ്ലോക്ക പഞ്ചായത്തുകളും നേരിട്ട് കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഈ അടിസ്ഥാന തത്വം പാലിക്കപ്പെടാതിരിക്കുന്ന-തായതിനാൽ തന്നെ ഇവർ ഏറ്റെടുത്തു നടത്തിയിട്ടുള്ള പദ്ധതിയിൽ പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നതിനും അതുവഴി |

| | | | |
|---|---|---|---|
| | | | ധനനഷ്ടമുണ്ടാക്കുന്നതായും സമിതി മനസ്സിലാക്കുന്നു. അതിനാൽ കുടിവെള്ള വിതരണ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ഗ്രാമപഞ്ചായത്തുകളുടെ ആവശ്യകത മനസ്സിലാക്കി ബ്ലോക്ക് പഞ്ചായത്തും ജില്ലാപഞ്ചായത്തും സംയുക്തമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആസൂത്രണ വേളയിൽ തന്നെ ജലവിഭവ വകുപ്പുമായി കൂടിയാലോചിച്ച് പദ്ധതി പ്രായോഗികമാണെന്നു ഉറപ്പു വരുത്തിയ ശേഷം നടപ്പാക്കാവൂ എന്നും പദ്ധതികൾ പൂർത്തിയായാലുടൻ തന്നെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറി പദ്ധതിയുടെ മേൽനോട്ടം ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിനു സ്വീകരിച്ച നടപടി ക്രമങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു. |